Date of publication: 9 ഫെബ്രുവരി 2017
വോള്യം 13 / ലക്കം 2 / വില 20₹
ISSN 2319 – 9741

അന്വേഷി പ്രസിദ്ധീകരണം

# സംഘടിത

## തകരുന്ന ലിംഗരൂപങ്ങൾ



# തകരുന്ന ലിംഗനിർമ്മിതികൾ

സംഘടിത

സംഘടിത|ഫെബ്രുവരി 2017 |വോള്യം 13 |ലക്കം 2


കോട്ടും സ്യൂട്ടും ഷർട്ടുമണിഞ്ഞൊരു ബൈക്കിൽ ചെത്തി നടക്കാം **6**
**ഷൈനി/ വിനയ**

**12** ഭൂമിയുടെ അറ്റത്തേക്കൊരു ട്രക്കിംഗ്
**തുഷാര/താര നന്ദിക്കര**



നിറവാർന്ന സ്വച്ഛസഞ്ചാരങ്ങൾ **17**
**രാജനന്ദിനി/ ഗാർഗി**

**28** കാടിത് കണ്ടായോ ...?
**റസീന നസീർ /ഷർമ്മിള ആർ.**

**22** ആനപക്ഷത്ത് നിർഭയമായി
**നിബ നമ്പൂതിരി / ഐശ്വര്യ, നീതു, ഷബ്ന, അസ്റ**

പരിതികളില്ലാത്ത ജീവിതാവിഷ്കാരങ്ങൾ **36**
**ആതിര/ നജില**

ജയിക്കുന്നവർക്ക് വേണ്ടത് **25**
**സുജിന**

**45** ആകാശവും പരിതിയല്ല
**ആരിഫ മുഹമ്മദ്/ രമ്യ**



## ഫോട്ടോ ഫീച്ചർ : ലിംഗനിർമ്മിതികൾ പൊളിച്ചെഴുതുന്ന വ്യക്തിത്വങ്ങൾ

കവിത
ആർ. സംഗീത **10**

കവിത
ആര്യാഗോപി **11**

തിണർപ്പ്
സതി അങ്കമാലി **48**

റിപ്പോർട്ട് **54**

**27** വാസ്തവം
ഡോ.ജാൻസി ജോസ്

**50** പുസ്തകയാത്രകൾ
എം.ഡി.രാധിക

**57** വായനാനുഭവം
സൗമ്യ പി.ആർ.



**43** ഉപ്പും മുളകും
ഗീത

**51** കഥ
സാജിത മൊയ്തീൻ

ശാസ്ത്രം
സീമ ശ്രീലയം **61**



**എഡിറ്റർ**:ഡോ. ഷീബ കെ.എം. **മാനേജിംഗ് എഡിറ്റർ**:കെ.അജിത **എക്സി. എഡിറ്റർ**:ഡോ. ജാൻസി ജോസ്, ഗസ്റ്റ് എഡിറ്റർ : **വിനയ എൻ. എ.**, **പത്രാധിപ സമിതി**: രാജലക്ഷ്മി കെ.എം., ജ്യോതി നാരായണൻ, ഡോ. മിനി പ്രസാദ്, ഡോ. പി. ഗീത, ഡോ.ഖദീജ മുംതാസ്, ഡോ. സുനീത ടി.വി., അധ്യ.കെ.കെ. പ്രീത, ഷീബാ ദിവാകരൻ, ഡോ. ഷംഷാദ് ഹുസൈൻ, സുൽഫത്ത്, ചാരുലത എ.എസ്., അമീറ വി.യു, ഡോ.ഷർമ്മിള.ആർ, സോണിയ ജോർജ്, മിനി സുകുമാർ **ഉപദേശകസമിതി** : സുഗതകുമാരി, പ്രൊഫ. എം. ലീലാവതി, ഡോ. ശാരദാമണി, ഡോ. മല്ലികാസാരാഭായ്, ഡോ. ബീനാപോൾ **ലേഔട്ട് & കവർ** :സുവിജ കെ., **വെബ്സൈറ്റ്** : വസന്ത പി. **പ്രിന്റിംഗ്** : ഏ-വൺ ഓഫ്സെറ്റ് പ്രിന്റ്സ്, 0495 2441934, 2442934

**സംഘടിത മാസിക**

അന്വേഷി വിമൻസ് കൗൺസലിംഗ് സെന്റർ, കോട്ടൂളി, കുതിരവട്ടം പി.ഒ., കോഴിക്കോട്, ഫോൺ: 0495 2744370

sanghadithacalicut@gmail.com, anweshicalicut@gmail.com www.anweshi.org www.sanghaditha.com

# മുഖപ്രസംഗം



ഷീബ കെ.എം.

പുതുവർഷത്തിലെ ആദ്യ മാസം സമ്മിശ്രസ്വഭാവമുള്ള സംഭവങ്ങൾക്ക് സാക്ഷ്യം വഹിച്ചു.സ്വകാര്യ വിദ്യാഭ്യാസസ്ഥാപനങ്ങൾ കമ്പോളങ്ങളേക്കാൾ വീറോടെ മത്സരത്തിന്റേയും ലാഭേച്ഛയുടേയും കേന്ദ്രങ്ങളായി പ്രവർത്തിക്കുന്നു. എന്നു മാത്രമല്ല വിദ്യാർത്ഥികളുടെ, പ്രത്യേകിച്ച് പെൺകുട്ടികളുടെ, മേൽ അനിയന്ത്രിതമായ അധികാരപ്രയോഗങ്ങളുടേതായിക്കൂടി അവ തീർന്നിരിക്കുന്നതു നാം കാണുകയുണ്ടായി. ജാതിയുടെയും സാമ്പത്തികസ്ഥിതിയുടെയും ആരോഗ്യത്തിന്റെയുമൊക്കെ പേരിൽ അധികാരികളുടെ ഭാഗത്തു നിന്നുള്ള ഭർത്സനങ്ങൾ വിദ്യാർത്ഥികൾ ഏറ്റുവാങ്ങേണ്ടിവരുന്നതിൽ പ്രതിഫലിക്കുന്ന കഠിനമായ അവകാശധ്വംസനങ്ങൾ എതിർത്തു തോൽപിക്കുക തന്നെ വേണം. സാമൂഹ്യ നവീകരണത്തിന് ചുക്കാൻ പിടിക്കുന്ന അനവധി പ്രതിഭകളെ സൃഷ്ടിച്ച മഹത്തായ പരമ്പര്യം അവകാശപ്പെടുന്ന എറണാകുളം മഹാരാജാസ് കോളേജ് ഇന്ന് സദാചാര നടത്തിപ്പിന്റെ ഇടമായി ചുരുങ്ങുന്ന കാഴ്ച്ച് ഖേദകരം തന്നെ. കലാലയങ്ങൾ കലഹാലയങ്ങളാവാനുള്ള സാധ്യതകളെ കൊട്ടിയടച്ച് വ്യവസ്ഥയോടുള്ള അച്ചടക്കത്തിന്റെ വാർപ്പുമാതൃകകളെ സൃഷ്ടിക്കാനുള്ള ശ്രമങ്ങൾ അപലപനീയമാണ്. കാമ്പസ്സിലെ ആൺപെൺ കൂട്ടുകെട്ടുകൾ ഏറ്റവും അലോസരം സൃഷ്ടിക്കുന്നത് അദ്ധ്യാപകരിലും അധികാരികളിലുമാണ്. വിദ്യാർത്ഥികളുടെ ലൈംഗികസാധ്യതകൾ അവരെ അസഹിഷ്ണുക്കളും ഭയചകിതരുമാക്കുന്നു. തങ്ങൾക്ക് ചുറ്റും സിനിമയിലും പരസ്യങ്ങളിലുമൊക്കെ ലൈംഗികസന്ദേശങ്ങൾ വന്നുനിറയുന്ന ലൈംഗികാതിപ്രസരമുള്ള അന്തരീക്ഷത്തിൽ ജീവിക്കുന്ന പുതു തലമുറയ്ക്ക് സ്വന്തം ശരീരാധികാരം കൈയാളാനുള്ള പക്വത കൈവരിക്കാനുള്ള പരിശീലനമല്ലേ മുതിർന്നവർ നൽകേണ്ടത്? അല്ലാതെ ഒളി(ക്യാമറ)നോട്ടങ്ങളിലൂടെയും തരംതാണ പരാമർശങ്ങളിലൂടെയും വിദ്യാർത്ഥികളെ കുറ്റവാളികളായി ചിത്രീകരിക്കുകയാണോ?

'മുലയുള്ളവർക്ക് മലകയറിക്കൂടെ?' എന്ന ശക്തമായ മുദ്രാവാക്യവുമായി അഗസ്ത്യാത്യാർകൂടം മലയിൽ സ്ത്രീകളുടെ പ്രവേശനം നിരോധിച്ചതിനെതിരെ വനംവകുപ്പു കാര്യാലയത്തിന് മുന്നിൽ സ്ത്രീസംഘടനകൾ നടത്തിയ സമരത്തിന്റെ വിജയം ആഹ്ളാദകരമാണ്. സ്ത്രീയായതുകൊണ്ടുള്ള മാറ്റിനിർത്തപ്പെടലുകൾ ഇനിയെങ്കിലും അവസാനിക്കാൻ ഈ സമരം വഴിതെളിക്കട്ടെ.

മഹത്തായ ഒരു ജാതി വിരുദ്ധ സംഘാടനത്തിന് കേരളം സാക്ഷ്യം വഹിച്ചു. സംസ്ഥാന അതിർത്തികൾ മറികടന്നു കൊണ്ടുള്ള സമരൈക്യത്തിന് രൂപം നൽകി ജിഗ്നേഷ് മെവാനി ഉദ്ഘാടനം ചെയ്ത 'ചലോ തിരുവനന്തപുരം ' സമ്മേളനം ദലിതർക്ക് ഭൂമിക്കുമേലുള്ള അധികാരങ്ങൾ സ്ഥാപിച്ചെടുക്കുന്നതിന്റെ ഭാഗമായി ചെങ്ങറ സമരഭൂമിയിൽ സംഘടിപ്പിക്കപ്പെട്ടു. സമൂഹത്തിന്റെ യഥാർത്ഥജനാധിപത്യവൽക്കരണത്തിന് ആക്കം കൂട്ടുന്ന ഈ സമരങ്ങളിൽ നമുക്ക് കണ്ണിചേരാം.

ലിംഗനിർമ്മിതിയിലധിഷ്ഠിതമായി വ്യത്യസ്തതകളിൽ വിന്യസിക്കപ്പെടുന്ന സ്ത്രീ പുരുഷ ജീവിതങ്ങൾക്കപ്പുറത്തുള്ള പൊളിച്ചെഴുത്തുകൾ സാധ്യമാണെന്ന് തെളിയിക്കുകയാണ് വിനയ അതിഥിപത്രാധിപയായ ഈ ലക്കം സംഘടിത. ലിംഗഭേദത്തിന്റെ ശാസനകൾ ഒതുക്കിയെടുക്കുന്ന മാതൃകകൾക്കപ്പുറം സ്ത്രീകൾ സ്വന്തം ജീവിതങ്ങളെ നിർണ്ണായകമായി പരിവർത്തിപ്പിച്ചെടുക്കുന്നുണ്ട് നമുക്ക് ചുറ്റിലും. കുടുംബം എന്ന പിൻവിളികളിൽ നിന്നുള്ള താൽക്കാലികമോചനം ഇതിന് അനിവാര്യവുമാണ്. വ്യത്യസ്ത വഴികളിലൂടെ സഞ്ചരിച്ച് സ്വന്തം ഭൂമികകൾ സ്വയം കണ്ടെത്തിയ അനേകം സ്ത്രീകളിൽ ചിലരെയെങ്കിലും ഇവിടെ പരിചയപ്പെടുത്തുന്നു. വാർത്തകൾ സൃഷ്ടിക്കുന്ന ഒറ്റപ്പെട്ട ധീരമാതൃകകൾ എന്നതിലപ്പുറം സാധാരണമായ ജീവിതാവിഷ്ക്കാരങ്ങളുടെ പ്രതീകങ്ങളായി ഇവർ മാറണമെന്ന പ്രത്യാശയോടെ.

## അതിഥിപത്രാധിപക്കുറിപ്പ്



# അസാധ്യമായി ഒന്നുമില്ല

വിനയ എൻ.എ.

രണ്ടു തലയുള്ള കുഞ്ഞ്, രണ്ടു തലയുള്ള തെങ്ങ് തുടങ്ങിയ വാർത്തകൾ നമ്മുക്ക് സുപരിചിതമാണ്. അത് ജനിതകവൈകൃതമോ ജനിതകവിരുദ്ധമോ ആയതുകൊണ്ടാണ് അവ വാർത്തകളാകുന്നത്. ഇതിൽ ആദ്യത്തേതിന് വളരെ കുറഞ്ഞ സമയം മാത്രമേ അതിജീവിക്കാനാകൂ. പക്ഷേ രണ്ടാമത്തേതിന് ഏറെക്കാലം ആയുസ്സുണ്ടാകുമെങ്കിലും ഉദ്ദേശിക്കുന്ന ഫലം അതിൽ നിന്നും ലഭിക്കുകയില്ലെന്നറിയാം. അതുകൊണ്ടുതന്നെ അത്തരം ജന്മങ്ങൾ ഒരിക്കലും നമ്മൾ ആഗ്രഹിക്കുകയുമില്ല. ഇത്തരത്തിലുള്ള മനോഭാവമാണ് വ്യത്യസ്തത പുലർത്തുന്ന സ്ത്രീകളുടെ കാര്യത്തിലും സമൂഹവും പെൺകുട്ടികളും പുലർത്തിപ്പോരുന്നത്.

എന്നാലിന്ന് ചില ചില പരിശ്രമങ്ങളുടെ ഫലമായി ചുരുക്കം ചില വ്യത്യസ്തമേഖലകളിൽ സ്ത്രീകളുടെ കുതിച്ചുചാട്ടം സംഭവിക്കുന്നു എന്നത് കാണാതിരുന്നൂടാ.

അങ്കത്തിനു പോവുക, കടലിൽ പോവുക, മല കയറുക തുടങ്ങിയ സാഹസപ്രവർത്തികൾ ആണിനു പറഞ്ഞിട്ടുള്ളതാണെന്ന മിഥ്യാധാരണയിൽ അവർക്ക് ഭക്ഷണപ്പൊതിയൊരുക്കിയും, അവരുടെ ആയുസ്സിനു വേണ്ടി പ്രാർത്ഥിച്ചും കരഞ്ഞുയാത്രയാക്കിയും സ്വന്തം സാഹസതൃഷ്ണകളെ കരിച്ചുകളഞ്ഞ പെൺതലമുറക്ക് അറുതി വന്നിരിക്കുന്നു എന്ന സൂചനകൾ നമുക്ക് ലഭ്യമാക്കുന്നതാണ് ഷൈനിയുടെയും തുഷാരയുടെയും ആതിരയുടെയുമെല്ലാം ജീവിതങ്ങൾ. തങ്ങളെപ്പോലെ ആഗ്രഹമുള്ള അനവധി പെൺകുട്ടികളെയും സ്ത്രീകളെയും കൂട്ടത്തിൽ ചേർത്തുകൊണ്ടുള്ള ഈ യാത്ര ആശാവഹം തന്നെയാണ്. ഇതൊക്കെ പ്രത്യേക ശ്രദ്ധയാകർഷിക്കുന്ന

വാർത്തയാകുന്ന ലോകത്തു നിന്നും വാർത്തയല്ലാതാകുന്ന നല്ല നാളെക്കുള്ള പ്രയാണത്തിനാകട്ടെ നമ്മുടെ പരിശ്രമങ്ങൾ.അപൂർവ്വങ്ങളിൽ അപൂർവമായിടത്തു നിന്നും സർവ്വസാധാരണമെന്ന നിലയിലേക്കെത്താൻ നാം പുതിയ പുതിയ തന്ത്രങ്ങൾ ആവിഷ്ക്കരിക്കേണ്ടിയിരിക്കുന്നു .ഉദാഹരണമായി സ്ത്രീകളില്ലാത്ത മേഖലകൾ കണ്ടെത്തി കുഞ്ഞു പെൺമനസ്സുകളിൽത്തന്നെ ഇതെല്ലാം പരിശ്രമിച്ചാൽ കഴിയാവുന്നതേയുള്ളൂ എന്ന് പറഞ്ഞ് പറഞ്ഞ് അവരെ ബോധ്യപ്പെടുത്തുന്നതിന് ഈ സത്യം തിരിച്ചറിഞ്ഞ ഓരോ വ്യക്തിയും പരിശ്രമിക്കുക. ഇത്തരത്തിൽ ബോധപൂർവ്വമായ ഇടപെടലുകൾ തന്നെയാണ് ഈ അവസ്ഥക്ക് അവസാനം തീർക്കാനുള്ള എളുപ്പമാർഗ്ഗം.

ഏത് സ്ഥാനത്തിരുന്നാലും ഓഫീസാകട്ടെ സംഘടനാ മീറ്റിംഗുകളാകട്ടെ വിനോദവിശ്രമ വേളകളാകട്ടെ അവൾ കുടുംബത്തെപ്പറ്റി പരാമർശിക്കണം എന്ന ധാരണ നമ്മുക്കിടയിലുണ്ട് എന്നത് തിരിച്ചറിയാനും തിരുത്താനും ഒരോ സ്ത്രീയും ബോധപൂർവ്വം ശ്രമിക്കേണ്ടതുണ്ട്.കലക്ടറോ കണ്ടക്ടറോ കൂലിപ്പണിക്കാരിയോ മന്ത്രിയോ ആരുമാകട്ടെ സ്ഥാനമാനങ്ങൾ ഈ കാര്യത്തിൽ ഒരു വ്യത്യാസവും വരുത്തുനില്ലെന്നത് ഏറെ ദയനീയം തന്നെ. വീട്ടുകാര്യവും കുടുംബക്കാര്യവും ഒരു കാരണവശാലും ഇത്തരം ഒരുമിച്ചുകൂടലുകളിൽ വിഷയമാക്കാതിരിക്കാൻ ബോധപൂർവ്വം നാം ശ്രദ്ധിക്കേണ്ടതുണ്ട്.

പെൺകുട്ടികളുടെ കൈകാലുകൾക്കും മനസ്സിനും ചങ്ങലയിടുന്നതിൽ മുഖ്യപ്രതി കുടുംബം തന്നെയാണെന്ന് ആതിര എന്ന പെൺകുട്ടി നമ്മെ ബോധ്യപ്പെടുത്തുന്നുണ്ട്. 12 വയസു മുതൽ തുടങ്ങിയ വാഹനകമ്പം ആ മേഖലയിൽ തന്നെ പ്രഗല്ഭരായ ആണുങ്ങൾക്കിടയിലേക്ക് ഇറങ്ങിച്ചെന്ന് മികവ് തെളിയിക്കാനുള്ള അവസരം ആതിരയുടെ കുടുംബം ഒരുക്കി കൊടുത്തതാണ് ആതിര എന്ന പ്രതിഭയുടെ ഉത്ഭവത്തിന് കാരണം.ചീത്തപ്പേര് ഭയക്കാതെ സ്വന്തം മകളുടെ അഭിനിവേശത്തെ ബഹുമാനിച്ച ആതിരയുടെ മാതാപിതാക്കളായ ഉഷയേയും മുരളിയേയും നന്ദിയോടെ സ്മരിക്കുന്നു. ആത്മബോധത്തോടെ എങ്ങനെ പെൺകുട്ടികളെ വളർത്തണം എന്നാഗ്രഹിക്കുന്ന ഏതൊരു കുടുംബത്തിനും അനുകരിക്കാൻ ഉത്തമമാണ് ആതിരയുടെ കുടുംബം.

അപൂർവ്വങ്ങളായ കാഴ്ച്ചകളെ സാധാരണക്കാഴ്ച്ചകളാക്കി മാറ്റാനുള്ള ഞങ്ങളുടെ ഈ കഠിനപ്രയത്നത്തിൽ ഓരോരുത്തരുടേയും പങ്കാളിത്തവും സഹകരണവും നിർദ്ദേശങ്ങളും പ്രതീക്ഷിക്കുന്നു.

അതിരുകളില്ലാത്ത ലോകത്ത് ലോകത്തിന്റെ മനോഹാരിത ദർശിക്കാൻ ആരോടൊപ്പവും എവിടേയും പോകാൻ ഒരു സഞ്ചാരിയുടെ മനസ്സുമായി നടക്കുന്ന രാജനന്ദിനി, ട്രക്കിംഗ് കോ ഓഡിനേറ്ററായ തുഷാര, കാട്ടാനകളുടെ സംരക്ഷണ ചുമതലയേറ്റെടുത്ത നിഭ നമ്പൂതിരി, ബുള്ളറ്റ് ക്ലബ്ബ് നടത്തുന്ന ഷൈനി, ആരിഫ, വൈൽഡ് ലൈഫ് ഫോട്ടോഗ്രാഫർ നസീറ, സ്വന്തം അംഗപരിമിതി മറികടന്ന് ബൈക്കോടിക്കുന്ന സുജിന, അങ്ങനെയങ്ങനെ പതിവു ലിംഗനിർമ്മിതികൾ തകർത്തു മുന്നേറുന്ന കുറേ സ്ത്രീയനുഭവങ്ങളാണ് ഈ ലക്കം സംഘടിത വായനക്കാർക്കായി സമ്മാനിക്കുന്നത്.

സദാസമയം തങ്ങൾ മാത്രം സംരക്ഷിക്കേണ്ട ഒന്നാണ് കുടുംബമെന്ന അറു പിന്തിരിപ്പൻ ചിന്ത സ്ത്രീകൾ ഉപേക്ഷിക്കുക തന്നെ വേണം.അതിനവൾ തയ്യാറാകാത്ത പക്ഷം അവൾ പരിഹസിക്കപ്പെടുകയും അധിക്ഷേപിക്കപ്പെടുകയും തന്നെ ചെയ്യും എന്നതിൽ തർക്കമില്ല.

ആത്മാഭിമാനത്തോടുള്ള സ്വാതന്ത്ര്യങ്ങളുടെ ജീവിതമാകട്ടെ ഒരോ പെൺകുട്ടിയുടേയും അഭിനിവേശവും കാമനയും.




# കോട്ടും സ്യൂട്ടും ഷർട്ടുമണിഞ്ഞൊരു ബൈക്കിൽ ചെത്തി നടക്കാം

*കേരളത്തിലെ റോഡുകളിൽ സ്ത്രീ റൈഡർമാർ ഇന്നൊരസാധാരണ കാഴ്ചയല്ല. എന്നാൽ റൈഡിംഗ് ഒരു അഭിനിവേശമായി (Passion) കൊണ്ടു നടക്കുന്നവർ വിരലിലെണ്ണാവുന്നവർ മാത്രമാണെന്ന് നമുക്കറിയാം. പണവും സമയവും ലാഭിക്കാനും യാത്ര എളുപ്പമാക്കാനും കുട്ടികളെ സ്കൂളിലേക്കയക്കാനും കൊണ്ടുവരാനും മാത്രമാണ് മിക്കവാറും സ്ത്രീകൾ വണ്ടികൾ ഓടിക്കുന്നത്. എന്നാൽ ആൺകുട്ടികൾക്ക് ചെറുപ്രായത്തിൽ തന്നെ വാഹനത്തോടുള്ള ക്രെയ്സ് ആരംഭിച്ചിട്ടുണ്ട്. എന്തുകൊണ്ടാണ് പെൺകുട്ടികൾക്ക് ഇത്തരത്തിലുള്ള ആഗ്രഹങ്ങൾ ഇല്ലാതെ പോകുന്നത്.*

*യാത്രയോടും വാഹനത്തോടും സാഹസികതയോടും  ഭക്ഷണത്തോടെന്ന പോലെ തന്നെ ഉണ്ടാകുന്ന ഒരു അഭിനിവേശം എന്തുകൊണ്ട് സ്ത്രീകൾക്കുണ്ടാകുന്നില്ല. ഇതിനു കാരണം നമുക്കു തന്നെ അറിയാം. ഒരു പെൺകുട്ടിയുടെ ബോധത്തെ വളർത്തുന്നതിൽ അവളുടെ കാഴ്ചകൾക്കും കേൾവികൾക്കും ശീലങ്ങൾക്കും വളരെ പ്രധാനപ്പെട്ട പങ്കുണ്ട്. പൊതുവേ സ്ത്രീകൾ ചെയ്തുവരാത്തതൊന്നും പെൺകുട്ടിയുടെ ബോധമണ്ഡലത്തിൽ സജീവമായി വരുന്നില്ല. എന്നാൽ പതിവ് കാഴ്ചകളേയും കേൾവികളേയും മാറ്റി മറിച്ച് റോഡിലൂടെ രാജകീയ പ്രൗഢിയിൽ ഹുങ്കാരശബ്ദത്തോടെ ഗർജ്ജിച്ചുകൊണ്ട് വെറുതെ സാഹസികമായ യാത്രകൾ നടത്തുന്ന പെൺകൂട്ടങ്ങൾ കേരളത്തിൽ ഇന്നുണ്ടായി വരുന്നു എന്നത് ആശാവഹമാണ്.*





## ഷൈനി/ വിനയ

**സ്ത്രീകൾ മാറി നിൽക്കേണ്ടവരല്ല, അവരെ സ്ത്രീകളാണെന്ന് പറഞ്ഞ് പേടിപ്പിക്കേണ്ട തുമില്ല.  ഇത് സ്ത്രീകളുടെ ക്ലബ്ബാണ്, സ്ത്രീകളുടെ കാര്യങ്ങൾ നടത്തുന്നവരാണ് എന്ന രീതിയിൽ സമൂഹത്തിൽ നിന്നു ഒരു മാറ്റി നിർത്തൽ ഉണ്ടാകരുത്. അതുകൊണ്ടാണ് ജെന്റർ വ്യക്തമാക്കും വിധമൊരു പേരുവേണ്ടെന്നു വെച്ചത്.**

*കേരളത്തിൽ ആദ്യമായി റൈഡർമാരായ സ്ത്രീകൾക്കു വേണ്ടി ബുള്ളറ്റ് ക്ലബ്ബ് രൂപീകരിച്ച വ്യക്തിയാണല്ലോ താങ്കൾ. എന്താണ് അങ്ങനെയൊരു ക്ലബ്ബ് രൂപീകരണത്തിന് കാരണമായത്?*

ബുള്ളറ്റിൽ സോളോ റൈഡറായും മറ്റു ക്ലബ്ബുകളോടൊപ്പവും നിരവധി റൈഡുകൾ ഞാൻ നടത്തിയുണ്ട്. എന്നാൽ സ്ത്രീകൾ മുന്നോട്ടു വരുന്നതിന് പലവിധമായ ബുദ്ധിമുട്ടുകൾ ഉണ്ടെന്ന് എനിക്ക് നേരിട്ട് ബോദ്ധ്യപ്പെട്ടു. പല സ്ത്രീകളും പുരുഷന്മാരുണ്ട് എന്ന ഒറ്റക്കാരണത്താൽ പിന്മാറുന്നതായി എനിക്ക് അനുഭവപ്പെട്ടു. അതുകൊണ്ടാണ് സ്ത്രീകൾക്ക് മാത്രമായി ഒരു ക്ലബ്ബ് രൂപീകരിക്കുന്നതിനെക്കുറിച്ച് ഞാൻ ചിന്തിച്ചത്.

*? മിക്സ്ഡ് ആയാണോ സ്ത്രീകൾ മാത്രമായാണോ റൈഡുകൾ നടത്തുന്നത്?*

ക്ലബ്ബിലെ അംഗത്വം സ്ത്രീകൾക്കു മാത്രമായി പരിമിതപ്പെടുത്തിയിരിക്കുന്ന വിധമാണ്.

*കേരളത്തിൽ താങ്കളുടെ ക്ലബ്ബിന്റെ പ്രവർത്തനം എങ്ങനെയാണ്?*

മാസത്തിൽ ഒരു റൈഡെങ്കിലും നടത്തും. മിക്കവാറും അതൊരു വൺഡേ റൈഡ് ആയിരിക്കും. മൂന്ന് ദിവസം വരെ നീണ്ടു നിൽക്കുന്ന റൈഡുകളും നടത്തിയിട്ടുണ്ട്.

*കേരളത്തിലെ എല്ലാ ജില്ലകളിലും താങ്കളുടെ ക്ലബ്ബിന് വേരുകളുണ്ടോ?*

വയനാടും ഇടുക്കിയുമൊഴികെ എല്ലാ ജില്ലകളിലും ക്ലബ്ബിന് വേരുകളുണ്ട്.

*ഓരോ ജില്ലയിലും ആക്ടീവായി എത്ര അംഗങ്ങളുണ്ട് എന്ന് വിശദീകരിക്കാമോ?*

കാസർഗോഡ് ആറ്, കണ്ണൂർ പന്ത്രണ്ട്, മലപ്പുറം രണ്ട്, കോഴിക്കോട് അഞ്ച്, തൃശൂർ പതിനഞ്ച്, എറണാകുളം പതിനഞ്ച്, പത്തനംതിട്ട ഏഴ്, പാലക്കാട് അഞ്ച്, ആലപ്പുഴ ഏഴ്, കൊല്ലം ആറ്, തിരുവനന്തപുരം മുപ്പത്, കോട്ടയം പന്ത്രണ്ട്. അങ്ങനെ നൂറ്റിയിരുപത്തഞ്ചോളം മെമ്പർമാർ ഇന്ന് ക്ലബ്ബിലുണ്ട്.

*എന്താണ് ക്ലബ്ബിന്റെ പേര്?*

ഡോണ്ട്ലെസ് റോയൽ എക്സ്പ്ലോറേർസ് (ഭയരഹിതരായ അന്വേഷകർ)

*സാധാരണ സ്ത്രീകൾ തുടങ്ങുന്ന സംരംഭങ്ങളിൽ ജെൻഡർ കൃത്യമായി വെളിവാക്കും വിധമാണ് ഉണ്ടാവാറുള്ളത്. ഉദാ : വനിതാ ഹോട്ടൽ, വനിതാ ഓട്ടോ, വനിതാ ബസ്സ് എന്തുകൊണ്ടാണ് ഈ ക്ലബ്ബിന് നാമകരണം നടത്തിയപ്പോൾ ജെന്റർ മാറ്റി നിർത്തിയത്?*

അങ്ങനെ സ്ത്രീകൾ മാറി നിൽക്കേണ്ടവരല്ല, അവരെ സ്ത്രീകളാണെന്ന് പറഞ്ഞ് പേടിപ്പിക്കേണ്ടതുമില്ല.  ഇത് സ്ത്രീകളുടെ ക്ലബ്ബാണ്, സ്ത്രീകളുടെ കാര്യങ്ങൾ നടത്തുന്നവരാണ്  എന്ന രീതി

യിൽ സമൂഹത്തിൽ നിന്നു ഒരു മാറ്റി നിർത്തൽ ഉണ്ടാകരുത്. അതുകൊണ്ടാണ് ജെന്റർ വ്യക്തമാക്കും വിധമൊരു പേരുവേണ്ടെന്നു വെച്ചത്.

*ക്ലബ്ബ് നിലവിൽ വന്നിട്ട് എത്ര റൈഡുകൾ നടത്തി?*

എട്ടു റൈഡുകൾ നടത്തി. അതിൽ മൂന്ന് ദിവസം നീണ്ടു നിന്ന ഒരു റൈഡും ഉണ്ടായിരുന്നു.

*ക്ലബ്ബിലെ അംഗങ്ങൾ ഏതെല്ലാം തട്ടുകളിൽ പെടുന്നവരാണ്?*

മുപ്പതോളം വിദ്യാർത്ഥികൾ, പിന്നെ ഉദ്യോഗസ്ഥർ, ബിസിനസ്സുകാർ, ഗൃഹനാഥകൾ തുടങ്ങി എല്ലാ മേഖലയിലും പെട്ട സ്ത്രീകൾ ഉണ്ട്.

*ക്ലബ്ബുണ്ടാക്കുന്നതിന് മുമ്പ് കുറേകാലം സോളോ റൈഡർ ആയിരുന്നല്ലോ. അന്ന് എവിടെയെല്ലാം സഞ്ചരിച്ചു?*

നേപ്പാൾ, യുപി, ഹിമാലയം എല്ലാം കവർ ചെയ്തിട്ടുണ്ട്.

*അങ്ങനെ ഒറ്റയ്ക്കു പോകുമ്പോൾ താമസം എങ്ങനെയായിരുന്നു? എത്രമണിക്കൂർ തുടർച്ചയായി ഓടിക്കും?*

താമസത്തിന് ഹോട്ടലുകളോ ലോഡ്ജുകളോ തിരഞ്ഞെടുക്കാറില്ല. സുഹൃത്തുക്കളുടെ വീടുകളോ അവർ നിർദ്ദേശിക്കുന്ന വീടുകളോ ആണ് പ്രിഫർ ചെയ്യുക. രാവിലെ നാലുമണിക്ക് റൈഡാരംഭിക്കും. രാത്രി ഒൻപതു മണിക്ക് അവസാനിക്കും. ആ രീതിയിലാണ് പ്ലാൻ ചെയ്യുക.

*ബുള്ളറ്റ് എന്ന  വാഹനം ഒരു സ്ത്രീ ഓടിക്കുന്നു എന്നത് കേരളസമൂഹത്തിൽ ഒരു വലിയ കാര്യം തന്നെയാണ്. അങ്ങനെ ഓടിക്കുന്നവർ സമൂഹത്തിൽ വേറിട്ട് ശ്രദ്ധിക്കപ്പെടുക തന്നെ ചെയ്യും.*

*അങ്ങനെയുള്ള അവസ്ഥയിലും കൂടുതൽ സ്ത്രീകൾ ഇതിലേക്ക് കടന്നുവരണം എന്നാഗ്രഹിക്കാൻ കാരണം?*

എല്ലാവരുടെ മനസ്സിലും ആഗ്രഹമുണ്ട്. കുടുംബത്തിന്റെ പിന്തുണയില്ലായ്മ, സാമ്പത്തിക ബുദ്ധിമുട്ട്, ധൈര്യമില്ലായ്മ എന്നിങ്ങനെ പല പല കാരണങ്ങളാലാണ് സ്ത്രീകൾ ഈ വാഹനത്തോട് അടുക്കാത്തത്. അനുഭവമുള്ള ആരെങ്കിലും ഒന്നു സപ്പോർട്ട് ചെയ്താൽ അവർ മുന്നോട്ട് വരുമെന്ന് എനിക്ക് തോന്നി. ഇപ്പോൾ കാസർഗോഡ് മുതൽ തിരുവനന്തപുരം വരെയുള്ള പല സ്ത്രീകളും എന്നെ വിളിക്കാറുണ്ട്. അവരിൽ ചിലരെല്ലാം ഒന്ന് പഠിപ്പിച്ചു തരാമോ എന്നും ചോദിക്കാറുണ്ട്. ഒറ്റക്കിറങ്ങുമ്പോൾ ഉണ്ടാകാവുന്ന ചീത്തപ്പേരിനെക്കുറിച്ചുള്ള ആധിയും പങ്കുവെക്കും. അവർക്കെല്ലാം ഞാൻ എന്റെ അനുഭവം പറഞ്ഞ് ധൈര്യം കൊടുക്കാറുണ്ട്.

*ബുള്ളറ്റ് പഠിപ്പിക്കാറുണ്ടോ?*

ഉണ്ട്. ഒരു തൊഴിൽ എന്ന നിലയിൽ തന്നെ അതിനെ കാണുന്നുമുണ്ട്.  ഏകദേശം പതിനഞ്ച്



സ്ത്രീകളെ  ഞാൻ ബുള്ളറ്റോടിക്കാൻ പഠിപ്പിച്ച് ലൈസൻസ് എടുക്കുന്നതിന് സഹായിച്ചിട്ടുണ്ട്.

*എന്താണീ സപ്പോർട്ട് ? ആഗ്രഹമല്ലേ മുഖ്യം?*

അതേ, അടങ്ങാത്ത ആഗ്രഹമുള്ളവർക്ക് മാത്രമേ സപ്പോർട്ടിനു വേണ്ടി ശഠിക്കാനും അതു നേടിയെടുക്കാനും കഴിയൂ.

*എന്തെല്ലാമാണ് ക്ലബ്ബിന്റെ ലക്ഷ്യം? അതിനു വേണ്ടി എന്തെല്ലാം ചെയ്യുന്നു?*

സ്ത്രീകളെ പൊതു ഇടത്തേക്ക് കൊണ്ടു വരിക എന്നത് ക്ലബ്ബിന്റെ ഒരു ഉദ്ദേശമാണ്. അതിനായി പറ്റുന്ന ദിവസങ്ങളിൽ തിരുവനന്തപുരത്തുള്ള കന



**എല്ലാവരുടെ മനസ്സിലും ആഗ്രഹമുണ്ട്. കുടുംബത്തിന്റെ പിന്തുണയില്ലായ്മ, സാമ്പത്തിക ബുദ്ധിമുട്ട്, ധൈര്യമില്ലായ്മ എന്നിങ്ങനെ പല പല കാരണങ്ങളാലാണ് സ്ത്രീകൾ ഈ വാഹനത്തോട് അടുക്കാത്തത്. അനുഭവമുള്ള ആരെങ്കിലും ഒന്നു സപ്പോർട്ട് ചെയ്താൽ അവർ മുന്നോട്ട് വരുമെന്ന് എനിക്ക് തോന്നി.**

കക്കുന്ന് കൊട്ടാരത്തിലും മറ്റും ക്ലബ്ബിലെ അംഗങ്ങളുമൊത്ത് റോഡ് സൈഡിൽ വണ്ടി ഒതുക്കി ചായ കുടിക്കും. കുറേ സമയം അവിടിരുന്ന് ക്ലബ്ബിന്റെ പ്രവർത്തനങ്ങൾ എങ്ങനെ നല്ല രീതിയിൽ മുന്നോട്ട് കൊണ്ടു പോകാനാകും എന്നതിനെപ്പറ്റിയും മറ്റു പല പൊതുകാര്യങ്ങളും സംസാരിക്കും. വെള്ളിയാഴ്ച കമലാസുരയ്യയുടെ ഓർമ്മക്കായി നട്ട നീർമാതളത്തിന്റെ ചുറ്റും ഞങ്ങൾ വേലി കെട്ടി തിരിച്ചിട്ടുണ്ട്. എല്ലാ മാസവും മൂന്നാമത്തെ വെള്ളിയാഴ്ച ഏറെ വൈകും വരെ ഞങ്ങളവിടെ സംസാരിച്ചിരിക്കും.

*ആക്ടീവ ഓടിക്കുന്ന സ്ത്രീയും ബുള്ളറ്റോടിക്കുന്ന സ്ത്രീയും തമ്മിലുള്ള വ്യത്യാസം?*

ആളുകൾ കമന്റടിക്കും എന്ന ഒരു കാരണം കൊണ്ട് ആക്ടീവ ഓടിക്കുന്ന ഒരു സ്ത്രീ ഡ്രൈവിംഗ് പഠനം തന്നെ വേണ്ടെന്ന് വെച്ചെന്ന് വരും. എന്നാൽ ബുള്ളറ്റ് പഠിക്കണമെന്നാഗ്രഹിച്ച ഒരു പെൺകുട്ടി ഒരിക്കലും ആളുകൾ കളിയാക്കുന്നു എന്ന കാരണത്താൽ ആ പഠനം വേണ്ടന്നു വെക്കില്ലെന്നു മാത്രമല്ല കൂടുതൽ ഊർജ്ജസ്വലതയോടെ അത് പഠിച്ചെടുക്കുകയാണ് ചെയ്യുക.

*ബുള്ളറ്റ് ക്ലബ്ബിലേക്ക് എങ്ങനെയാണ് അംഗങ്ങളെ കണ്ടെത്തിയത്?*

എഫ്.ബി. മുഖേനയും സുഹൃത്തുക്കൾ വഴിയും നേരിട്ടും ആണ് കണ്ടെത്തിയത്.

*നേരിട്ട് കണ്ടെത്തിയ രീതി ഒന്ന് വിശദീകരിക്കാമോ?*

ബുള്ളറ്റിൽ ഒരു സ്ത്രീ സഞ്ചരിക്കുന്നത് ഞാൻ കാണുകയാണെങ്കിൽ അവരെ പിന്തുടർന്ന് അഡ്രസ്സും മൊബൈൽ നമ്പറും കളക്ട് ചെയ്യും. സുഹൃത്തുക്കൾ കാണുകയാണെങ്കിൽ വണ്ടിയുടെ നമ്പർ എന്നെ അറിയിക്കും. ബുള്ളറ്റ് ഷോറൂമുമായി ബന്ധപ്പെട്ടും ആർ.ടി. ഓഫീസുമായി ബന്ധപ്പെട്ടും ഉടമക്കരികിലെത്തും.

*ക്ലബ്ബായി രൂപപ്പെടുന്നതിന് മുമ്പ് എങ്ങനെയാണ് ഒരു കൂട്ടായ്മ രൂപപ്പെടുത്തിയത്?*

എന്തെങ്കിലും പ്രത്യേക പരിപാടിയിൽ എന്നെ ഗസ്റ്റായി വിളിക്കുകയാണെങ്കിൽ കയ്യിൽ നമ്പറുള്ള എല്ലാവരെയും വിളിക്കും. അങ്ങനെ ഗ്രൂപ്പായി ആ പ്രോഗ്രാമിൽ പങ്കെടുക്കും.

*അങ്ങനെ പങ്കെടുത്ത പ്രോഗ്രാമുകൾ എതെല്ലാമാണ്?*

എഫ്.എം., ഫിലിംഫെസ്റ്റിവൽ, ലഹരിക്കെതിരെയുള്ള പ്രചാരണ പരിപാടി തുടങ്ങിയവ. ഗവൺമെന്റ് യൂത്ത് കമ്മീഷന്റെ ബുള്ളറ്റ് റാലി വർഷങ്ങളായി ഞാനാണ് നടത്താറ്. അതിൽ പുരുഷന്മാരുമുണ്ട്.

*പെൺകുട്ടികളിൽ പൊതുവെ വാഹന താത്പര്യം ഇല്ലാതാകാനുള്ള കാരണം എന്താണെന്നാണ് താങ്കളുടെ അഭിപ്രായം?*

നമ്മൾ ഒരു മാർക്കറ്റിൽ ടോയ്സ് വാങ്ങാൻ പോയാൽ ആൺകുട്ടിക്ക് വാഹനങ്ങളും പെൺകുട്ടിക്ക് പാവകളുമാണ് വില്പനക്ക് വെച്ചിട്ടുണ്ടാവുക. കളിക്കോപ്പുകളിൽ പോലുമുള്ള ഈ വേർതിരിവ് അവരുടെ വളർച്ചയെ ബാധിക്കുന്നു. ചിന്തകളെ സ്വാധീനിക്കുന്നു. പെൺകുട്ടികളിൽ വാഹനത്തെപ്പറ്റിയുള്ള ചിന്ത ഇല്ലാതാക്കുന്നതിനും ആൺകുട്ടികളിൽ വാഹനത്തെക്കുറിച്ചുള്ള ചിന്തയും ആഗ്രഹവും ജനിപ്പിക്കുന്നതിനും ഇതിന് കഴിയുന്നു.

*പിങ്ക് ബസ്, പിങ്ക് പോലീസ് എന്നിവയിൽ അഭിപ്രായമില്ലെന്ന് പറഞ്ഞല്ലോ? ബസ്സിലെ റിസർവേഷൻ വേണ്ട എന്നാണോ അഭിപ്രായം?*

പൂർണ്ണമായും അല്ല. ഓടിച്ചാടി പെൺകുട്ടികളുടെ ശരീരം ഉറയ്ക്കുന്ന സാഹചര്യം ഉണ്ടാവുന്ന കാലത്ത് അവൾ അവളുടെ സീറ്റ് പിടിച്ചു കൊള്ളും. അവളുടെ ശരീരം ഉറയ്ക്കുന്നതിനുള്ള കായിക പരിപാടികൾ/വിനോദങ്ങൾ വീടുകളിൽ നിന്ന് ആരംഭിക്കേണ്ടതുണ്ട്. വളർത്തു ദോഷമാണ് പെൺകുട്ടികളെ ആരോഗ്യം കുറഞ്ഞവരായി നിലനിർത്തുന്നതിന് കാരണമാകുന്നത്.

*റൈഡുകളിലേക്ക് കൂടുതൽ സ്ത്രീകളെ ആകർഷിക്കുന്നതിന് ക്ലബ് എന്തെല്ലാം സർവ്വീസാണ് അംഗങ്ങൾക്കായി ചെയ്തുകൊടുക്കാൻ ഉദ്ദേശിക്കുന്നത്?*

ഇപ്പോൾ രണ്ടു കാര്യങ്ങളാണ് ചെയ്തു വരുന്നത്. അംഗങ്ങൾക്കായി ബുള്ളറ്റ് ഷോകൾ നടത്തുകയും മാസത്തിലൊരിക്കൽ സൗജന്യക്ലാസ്സുകളും ആഴ്ചയിലൊരിക്കൽ മാർഷൽ ആർട്സും പരിശീലിപ്പിച്ചു വരുന്നുണ്ട്.

*എന്തിനാണ് മാർഷൽ ആർട്സ് ?*

സോളോ റൈഡ് ചെയ്യുമ്പോൾ ഏതെങ്കിലും തരത്തിലുള്ള ആക്രമണത്തെ നേരിടേണ്ടി വരികയാണെങ്കിൽ പ്രയോഗിക്കാനും അത്തരം റൈഡുകൾക്ക് പ്രചോദനം നൽകുന്നതിനുമാണ് മാർഷൽ ആർട്സ് പരിശീലിപ്പിക്കുന്നത്.

*റൈഡിനു പോകുമ്പോൾ ക്ലബ്ബ് അംഗങ്ങൾക്ക് എന്തെങ്കിലും ഡ്രസ് കോഡ് നിർദ്ദേശിക്കാറുണ്ടോ?*

കഴിവതും ജീൻസും, ഷർട്ടും, ഷൂസും ധരിക്കാൻ നിർദ്ദേശിക്കാറുണ്ട്. യാതൊരു കാരണവശാലും ഷാളോ, ചപ്പലോ ഉപയോഗിക്കരുതെന്നും നിർദ്ദേശിക്കാറുണ്ട്.

*എന്തുകൊണ്ടാണ് ഷാളും ചപ്പലും എതിർക്കുന്നത്?*

ഷാൾ കുരുങ്ങി അപകടങ്ങളുണ്ടാവാനും അത് പാറി വശങ്ങളിലേക്ക് പോകുമ്പോൾ ശ്രദ്ധമാറാനും സാധ്യതയുണ്ട്. ചപ്പൽ ഉപയോഗിച്ചാൽ തെന്നിമാറാനും, കാലുകുത്തേണ്ടി വരുമ്പോഴും പ്രയാസമനുഭവപ്പെടാനും ഇടയാകും. റോഡിലുരഞ്ഞ് പെട്ടെന്നുണ്ടാകുന്ന ചില അപകടങ്ങളുടെ കാഠിന്യം കുറച്ച് കാലിന് സംരക്ഷണം നൽകാൻ ഷൂവിനു കഴിയും. അതുകൊണ്ടാണ് ചപ്പലിനെ എതിർക്കുന്നത്.

---

**കവിത**

# അനേകം വാതിലുകളിൽ ഒരുടൽ



**ആർ. സംഗീത**

**അ**ടച്ചിട്ട അനേകം
വാതിലുകളുള്ള ഉടലിൽ
പാർക്കുകയെന്നത്
എത്ര ശ്രമകരമാണ്

അതും ഓരോ മുട്ടിലും
ആരാണതെന്ന്
തണുവാർന്ന
ജലവിരലുകളുയർത്തി
ചകിതയാവുന്ന
പുഴപോലൊരുവൾ
ഉള്ളിൽ ഉള്ളപ്പോൾ

വെയിലിനോട്
ഒരു പാട്ടു പങ്കിട്ട്
തണലായി മാറിയ
മരത്തിന്റെ
വേരുകളോളം ചെന്ന്
ചുറ്റിപ്പിണഞ്ഞ ഓർമ്മയെ
അറുത്തു മാറ്റുന്ന
മരം വെട്ട് കാരനാണെങ്കിലോ?

അടിത്തട്ടിലെ
ആഴങ്ങളിലേയ്ക്ക് നീളുന്ന
കൗതുകക്കണ്ണുകളുടെ
പിന്നിലൊളിപ്പിച്ച ഒറ്റാലിൽ
ചെകിളപ്പൂവുകളെ
തീൻമേശകൾക്ക്
ഒറ്റിക്കൊടുക്കുന്ന
മീൻപിടുത്തക്കാരനാണെങ്കിലോ?

കാടിന്റെ
കുളമ്പടിയൊച്ചകൾക്കു
കാതോർത്തു
മുയൽ പതുക്കങ്ങളിൽ നിന്ന്
പൂമ്പൊടികൾ
കാറ്റിൽ പറക്കും പോലെ
ചോരചീറ്റിക്കുന്ന
വേട്ടക്കാരനാണെങ്കിലോ?

ആയതിനാൽ
ഓരോ വാതിലും
താഴിട്ടു പൂട്ടി
താക്കോൽ ദൂരേയ്ക്ക്
വലിച്ചെറിഞ്ഞു
ഞാൻ ഉറങ്ങാൻ പോവുകയാണ്

കവിത



ആര്യാഗോപി

# കിഴക്കുദിക്കിലേക്കൊരു യാത്ര

**കാ**ളയും പശുവും
പോത്തും പന്നിയുമാവുക
എളുപ്പമാണ് പോലും!
വിശ്വാസത്തിന്റെ അന്ധതയും
അവിശ്വാസത്തിന്റെ ബധിരതയും
ആട്ടിൻത്തോലും
ചെന്നായ്ത്തോലും
ലാഭത്തിൽ വിൽക്കുക തന്നെ ചെയ്യും.

അമ്മ ദൈവവും
ദൈവമാതാവുമാവുക
ലളിതമാണു പോലും!
ഭയപ്പാടിന്റെ ചുണ്ടനക്കവും
ആശങ്കയുടെ ചൂളം വിളിയം
ചോരയെ കണ്ണീരിലും
കണ്ണീരിനെ ചോരയിലും
കൂട്ടിക്കലർത്തി
വിൽക്കുക തന്നെ ചെയ്യും.

ഗുരുവും പരിഹാരവും
മതവും മദപ്പാടും
രൂപം കൊള്ളുര
പൊടുന്നനെയാണു പോലും!
വെളുത്തവാവും
കറുത്തവാവും ഇടകലർത്തി
വീഞ്ഞും വീര്യവും പതപ്പിച്ച്
വിൽക്കുക തന്നെ ചെയ്യും

രാജാവും പ്രജയും
പ്രമാണിയും പ്രതിയുമാവുക
രഹസ്യമാണ് പോലും!
സ്വപ്നങ്ങളെ കട്ടുതിന്നും
നഗ്നതയെ ചുട്ടുതിന്നും
പച്ചമണ്ണിനെ
വിൽക്കുക തന്നെ ചെയ്യും
വിടനും വിഡ്ഢിയും
അടിയാനും ആഭാസനുമാവുക
ലാഭമാണ് പോലും!
പുസ്തകവും പുരാവൃത്തവും
ഇരുചെവിയറിയാതെ
വിറ്റുതിന്നുക തന്നെ ചെയ്യും

സിംഹവും പുലിയും
നരിയും നായയുമാവുക
എളുപ്പമാണ് പോലും!
അന്നവും അലർച്ചയും ചേർത്ത്
കൊമ്പുകളുടെ കുമ്പസാരം കേട്ട്
കാടും നാടും
വിറ്റു തീർക്കുക തന്നെ ചെയ്യും

കവിയും കാമുകനും
ഭ്രാന്തനും വിപ്ലവകാരിയുമാകുക
നിസ്സാരമാണ് പോലും?
തലച്ചോറും
ബലിച്ചോറും ചേർത്ത്
സംഭ്രമവും സമുദ്രവും കാണിച്ച്
ഹൃദയവും പ്രണയവും
വിറ്റുതുലയ്ക്കുക തന്നെ ചെയ്യും.

അജ്ഞതയുടെ
ജാരവില്പനകളിൽ
ഇതുവരെ കഴുത്തുവെയ്ക്കാത്തവർ
ഉണ്ടായതുകൊണ്ട്
പിറക്കാത്ത കവിതകളുടെ
ജാതകം കുറിച്ച്
സ്വപ്നങ്ങളുടെ കുതിരപ്പുറത്ത്
ഇരുട്ടിലൂടെ
കിഴക്കോട്ടൊരു യാത്ര പോകുന്നു!!



# ഭൂമിയുടെ അറ്റത്തേക്കൊരു ട്രക്കിംഗ്

തുഷാര/താര നന്ദിക്കര



**ബൈ**ക്കോടിക്കുന്ന, തെങ്ങു കയറുന്ന, പുരുഷന്റെ മാത്രം എന്ന് അടയാളപ്പെടുത്തിയിരുന്ന പല മേഖലകളിലും സജീവമായി നിൽക്കുന്ന ഒരുപാട് സ്ത്രീകൾ ഇന്നുണ്ട്. അങ്ങനെ പല മേഖലകളിലും തന്നെ അടയാളപ്പെടുത്തിയ ഒരു സ്ത്രീയാണ് തുഷാര. ബുള്ളറ്റോടിക്കുന്ന സ്ത്രീ എന്നത് സിനിമകളിലും സോഷ്യൽ മീഡിയകളിലും ഒരു ക്ളീഷേ ആവുന്നതിനു മുൻപ് തൊണ്ണൂറുകളിൽ സ്കൂളിൽ പഠിക്കുമ്പോൾ തൊട്ടു ബുള്ളറ്റും പിന്നീട് ബസ് മുതൽ ബോട്ട് വരെ ഓടിക്കുന്ന, ബിസിനെസ്സ് മുതൽ സിനിമ പ്രൊഡക്ഷൻ വരെ പല രംഗത്തും പ്രവർത്തിക്കുന്ന തുഷാരയ്ക്ക് ഏറ്റവും ഇഷ്ടമുള്ള ലേബൽ ഒരു ട്രെക്കർ എന്നതാണ്.

*സ്ത്രീകൾ അധികം കടന്നു വരാത്ത, വരാൻ മടിക്കുന്ന ഒരു മേഖലയാണ് ട്രെക്കിങ്ങ്. പ്രത്യേകിച്ച് കേരളത്തിൽ. എങ്ങനെയാണ് ട്രെക്കിങ്ങിനോട് കമ്പമുണ്ടാവുന്നത് ?*

: എന്റെ അച്ഛന്റെ അമ്മയുടെ വീട് പൊന്മുടിയിലാണ്. സ്കൂളിൽ പഠിക്കുന്ന സമയത്ത് അവധിക്കാലത്ത് അവിടെ പോയി നിൽക്കുമ്പോൾ അവിടെ അടുത്തുള്ളവരുടെ കൂടെ കാടും മലയും ഒക്കെ കയറി തുടങ്ങിയതാണ്. പിന്നെ അതങ്ങനെ തുടർന്ന് പോന്നു.

*തുഷാര എവിടെയൊക്കെ ട്രെക്കിങ്ങിനു പോയിട്ടുണ്ട് ?*

: എവിടെയൊക്കെ പോയിട്ടുണ്ട് എന്നുള്ളത് ഉത്തരം പറയാൻ ബുദ്ധിമുട്ടുള്ള ചോദ്യമാണ്. അങ്ങനെ ആലോചിച്ചു വെച്ചിട്ടൊന്നുമില്ല. എന്നും യാത്രകളാണ്. എന്നാൽ അങ്ങനെ മുൻകൂട്ടി തീരുമാനിച്ചു ചെയ്യുന്ന യാത്രകളുമല്ല. ബിസിനസ്, കുടുംബം ഇതിന്റെയൊക്കെ ഇടയിലാണ് യാത്രകളധികവും. അതു കൊണ്ട് കൂടുതലും കേരളം, തമിഴ്നാട്, കർണാടകം ഒക്കെ തന്നെയാണ് അധികവും പോവാറുള്ളത്. സഹ്യനെ തന്നെ കണ്ടു മതിയായിട്ടില്ല ഇനിയും.

*പോയതിൽ വെച്ചേറ്റവും സാഹസികമായ യാത്ര ഏതായിരുന്നു ?*

എല്ലാ മലകയറ്റത്തിലും സാഹസികതയുടെ ഒരു 'എലമെന്റ്' ഉണ്ട്. അതു തന്നെയാണ് അതിന്റെ രസവും. രണ്ടാമത്തെ പ്രസവത്തിനു ശേഷം ബ്രഹ്മഗിരിയിലേക്കുള്ള യാത്ര അപകടം പിടിച്ചതായിരുന്നു. ശാരീരികമായി ക്ഷീണമുള്ള സമയത്തായിരുന്നതുകൊണ്ട് അതു കുറച്ചധികം സാഹസികമായിരുന്നു എന്ന് പറയാം. ഏറ്റവും മനോഹരമായി തോന്നിയത് കൊളുക്കുമലയിൽ നിന്ന് കണ്ട സൂര്യോദയമാണ്. പുലർച്ചെ മൂന്നു മണിക്ക് എണീറ്റ് മല കയറി ക്ഷീണം കൊണ്ടൊന്നു മയങ്ങി കണ്ണ് തുറന്നപ്പോൾ കണ്ട സൂര്യോദയം. മഞ്ഞിങ്ങനെ തടാകം പോലെ കിടക്കുകയാണ്. ഒരു പാതി മയക്കത്തിൽ സ്വപ്നം പോലെ കണ്ടത്.

*ഒറ്റയ്ക്കാണോ ഒരു ഗ്രൂപ്പിനൊപ്പമാണോ യാത്രകൾ ?*

ഒറ്റയ്ക്കും പോവാറുണ്ട് സുഹൃത്തുക്കളുടെയൊപ്പവും പോവാറുണ്ട്. ട്രെക്കിങ്ങ് അധികവും സുഹൃത്തുക്കളോടൊപ്പമാണ്. ട്രെക്കിങ്ങ് ഗ്രൂപ്പുകളുടെ കൂടെ പോയിട്ടുള്ളത് കുറവാണ്. എനിക്ക് തോന്നുന്നത് അങ്ങനെ വലിയ ഒരു ഗ്രൂപ്പായി പോവുന്നതിലും നല്ലത് നാലോ അഞ്ചോ പേരുടെ ചെറിയ സംഘങ്ങളായിട്ടു പോവുന്നതാണ് നല്ലത് എന്നാണ്. പോവുമ്പോൾ എത്രയും ആൾക്കാർ കുറയുന്നോ അത്രയും യാത്ര നമുക്ക് ആസ്വദിക്കാൻ സാധിക്കും. പിന്നെ കാട്ടിലൂടെ പോവുമ്പോൾ നമ്മുടെ സൗകര്യത്തെക്കാൾ നമ്മൾ അവിടുത്തെ ജീവികളുടെ വാസത്തെ തടസപ്പെടുത്താതെ ഇരിക്കാനും ശ്രദ്ധിക്കേണ്ടതുണ്ട്.

*ട്രെക്കിങ്ങ്, ഹൈക്കിങ്, മൗണ്ടെനീറിങ് എന്നീ പദങ്ങളൊക്കെ ഏകദേശം ഒരേ അർത്ഥത്തിൽ ഉപയോഗിച്ച് കാണാറുണ്ട്. സത്യത്തിൽ ഇവ തമ്മിൽ എന്തെങ്കിലും വ്യത്യാസമുണ്ടോ ?*

ട്രെക്കിങ്ങിന് പ്രത്യേക പരിശീലനം ഒന്നും ആവശ്യമില്ല. ഉപകരണങ്ങളും വേണ്ട. നടത്തം തന്നെയാണ് പ്രധാനം. നടന്നു കാടും മലയും കയറൽ തന്നെ. മൗണ്ടെനീറിങ്ങിനു പരിശീലനം ആവശ്യമാണ്.

*കേരളത്തിലെ കൊച്ചി തിരുവനന്തപുരം പോലുള്ള നഗരങ്ങളിൽ സ്ത്രീകളുടെ ബൈക്കിംഗ് ക്ലബ്ബ്കളും ബുള്ളറ്റ് റൈഡേഴ്സ് ഗ്രൂപ്പുകളും ഒക്കെ സജീവമായി തുടങ്ങിയിട്ടുണ്ട്. ബൈക്ക് ഓടിക്കുന്ന സ്ത്രീ എന്ന നിലയിൽ ഇതിനെ എങ്ങനെ കാണുന്നു?*

അങ്ങനെയുള്ള ഗ്രൂപ്പുകൾ ഉണ്ടാവുന്നത് നല്ല കാര്യം തന്നെയാണ്. ചില കാര്യങ്ങളൊക്കെ ചെയ്യാൻ പറ്റില്ല എന്ന തോന്നൽ കൊണ്ട് മടിച്ചു നിൽക്കുന്ന സ്ത്രീകൾക്ക് ഇങ്ങനെയുള്ള ഗ്രൂപ്പുകൾ കരുത്തു പകരും. പിന്നെ ഒറ്റയ്ക്കൊരു കാര്യം ചെയ്യുന്നതിനേക്കാൾ രസമല്ലേ ഒന്നുരണ്ടാളുകൾ കൂടെ കൂടുമ്പോൾ? ഇങ്ങനെയുള്ള ഗ്രൂപ്പുകളിൽ ചിലതെങ്കിലും ഒരു പ്രഹസനമായി മാറുന്നില്ലേ എന്നും ഇടയ്ക്കു തോന്നാറുണ്ട്. ഈ ഗ്രൂപ്പുകൾ വരുന്നതിനു മുൻപേയും ധൈര്യമുള്ള, സ്ത്രീപ്രാതിനിധ്യം കുറവുള്ള മേഖലകളിൽ പ്രവർത്തിച്ചിരുന്ന സ്ത്രീകൾ ഉണ്ടായിരുന്നു.



ഇപ്പോൾ അതിനു കുറച്ചു കൂടി ദൃശ്യത കൈവരുന്നുണ്ടെന്നു മാത്രം.

പിന്നെ ബുള്ളറ്റ് ഓടിച്ചാൽ മാത്രം പോരാ, അതിനൊരു തകരാറു വന്നാൽ അതു ശരിയാക്കാനും പഠിക്കണം എന്നാണ് എന്റെ അഭിപ്രായം. ബുള്ളറ്റ് മാത്രമല്ല, നമ്മളോടിക്കുന്ന ഏതു വാഹനത്തിന്റെയും മെക്കാനിസം കുറച്ചൊക്കെ നമുക്കറിയണം. അതു പക്ഷെ ഭൂരിഭാഗം സ്ത്രീകൾക്കും അറിയില്ല. അതിനും കൂടി നമ്മൾ ശ്രദ്ധിക്കണമെന്നു തോന്നുന്നു.

*ഈയിടെ അഗസ്ത്യാർ കൂടം ട്രെക്കിങ്ങിന് സ്ത്രീകൾക്ക് പോകാനാനുവാദമില്ല എന്നതിനെതിരെ തിരുവനന്തപുരത്ത് വെച്ച് ഒരു കൂട്ടം സ്ത്രീകൾ പ്രതിഷേധിക്കുകയുണ്ടായി. അതിനെത്തുടർന്ന് വരും വർഷങ്ങളിൽ അഗസ്ത്യകൂടത്തിലേക്ക് സ്ത്രീകൾക്ക് പോകാൻ സംവിധാനമുണ്ടാക്കാമെന്ന് സർക്കാർ ഉറപ്പ് കൊടുക്കുകയുണ്ടായല്ലോ. എന്ത് തോന്നുന്നു ?*

ഇക്കഴിഞ്ഞ നാലഞ്ചു വർഷമായിട്ടാണ് അഗസ്ത്യാർ കൂടം ട്രെക്കിങ്ങ് ഇത്രയും ജനകീയമായത്. സ്ത്രീകൾ അവിടേക്ക് പോകാൻ പാടില്ല എന്ന നിയമം നടപ്പിലായിട്ടും അധികം ഒന്നും ആയിട്ടില്ലെന്ന് തോന്നുന്നു. അതിനു മുൻപും പല സ്ത്രീകളും അവിടെ പോയിട്ടുണ്ട്. ഒരു സ്ഥലത്തേക്ക് പോവാൻ താല്പര്യമുള്ള എല്ലാവർക്കും അതിനു അവസരമുണ്ടാകണം, അതു അഗസ്ത്യാർ കൂടമാണെങ്കിലും ശബരിമലയാണെങ്കിലും. പിന്നെ അഗസ്ത്യാർ കൂടത്തിലേക്കു പോകാൻ ആ ഒരു വഴി മാത്രമൊന്നുമല്ല ഉള്ളത്. കാട്ടുവഴികൾ വേറെയുമുണ്ട്. എന്റെ അഭിപ്രായത്തിൽ സമരം ചെയ്യുന്നതിനേക്കാൾ നല്ല മാർഗം അങ്ങനെയുള്ള വഴികളിലൂടെ സ്ത്രീകൾ അവിടെ പോയി കുറച്ചു

**ഒരു സ്ഥലത്തേക്ക് പോവാൻ താല്പര്യമുള്ള എല്ലാവർക്കും അതിനു അവസരമുണ്ടാകണം, അതു അഗസ്ത്യാർ കൂടമാണെങ്കിലും ശബരിമലയാണെങ്കിലും. പിന്നെ അഗസ്ത്യാർ കൂടത്തിലേക്കു പോകാൻ ആ ഒരു വഴി മാത്രമൊന്നുമല്ല ഉള്ളത്. കാട്ടുവഴികൾ വേറെയുമുണ്ട്. എന്റെ അഭിപ്രായത്തിൽ സമരം ചെയ്യുന്നതിനേക്കാൾ നല്ല മാർഗം അങ്ങനെയുള്ള വഴികളിലൂടെ സ്ത്രീകൾ അവിടെ പോയി കുറച്ചു ചിത്രങ്ങളുമെടുത്തു ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് തങ്ങൾക്കും അവിടെ പോകാൻ സാധിക്കുമെന്ന് ബോധ്യപ്പെടുത്തി കൊടുക്കണം എന്നതാണ്.**



ചിത്രങ്ങളുമെടുത്തു ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് തങ്ങൾക്കും അവിടെ പോകാൻ സാധിക്കുമെന്ന് ബോധ്യപ്പെടുത്തി കൊടുക്കണം. എനിക്ക് യാത്രകൾ ഇഷ്ടമായി തുടങ്ങുന്നത് തന്നെ ഈയൊരു ഭാഗത്തു കൂടെ യാത്ര ചെയ്തു തുടങ്ങിയതിനു ശേഷമാണ്. ഇവിടത്തെ ഗവൺമെന്റിനാണ് കൂടുതലും ഇങ്ങനെ പ്രശ്നമുള്ളതു എന്നാണു തോന്നുന്നത്. സ്ത്രീകളെ അല്ല വിലക്കേണ്ടത്. ഈ കാട്ടിലൊക്കെ ട്രെക്കിങ്ങ് എന്നും പറഞ്ഞു പോയി പ്ലാസ്റ്റിക്കും ചപ്പു ചവറുമൊക്കെ ഇടുന്നതാണ് വിലക്കേണ്ടത്.


*എപ്പോഴെങ്കിലും ട്രെക്കിങ്ങിനിടയിൽ മടുപ്പു തോന്നിയിട്ടുണ്ടോ ?*

മടുപ്പൊരിക്കലും തോന്നിയിട്ടില്ല, ട്രെക്കിങ്ങിനോടും ജീവിതത്തോടും. പതിനേഴോ പതിനെട്ടോ വയസ്സുള്ളപ്പോൾ കൊച്ചിയിൽ ബോട്ട് വാങ്ങി ബിസിനെസ്സിനിറങ്ങിയതാണ് ഞാൻ. പിന്നെ അതോടിക്കാനും പഠിച്ചു. അങ്ങനെ ചെയ്യണം എന്ന് ആഗ്രഹമുള്ള എല്ലാ കാര്യങ്ങളും ഞാൻ ചെയ്തിട്ടുണ്ട്. നമുക്ക് നമ്മളെ മടുക്കാതിരിക്കാനുള്ള ഏറ്റവും നല്ല വഴി യാത്രയാണ്. ട്രെക്കിങ്ങിനിടയിൽ ശാരീരികമായ ബുദ്ധിമുട്ടുകൾ ഒക്കെ ഉണ്ടാവാറുണ്ട്. പക്ഷെ മല കയറി അതിന്റെ മുകളിൽ നിന്ന് താഴേക്കു നോക്കിയാൽ പിന്നെ അതുവരെയുള്ള ബുദ്ധിമുട്ടൊന്നും മനസ്സിൽ വരില്ല. ജീവിതം ഒന്നുമല്ല എന്നൊരു തോന്നൽ വരും. ഒരു കാറ്റ് പിടിച്ചു താഴേക്കു പോയാൽ കഴിഞ്ഞില്ലേ? പിന്നെ തിരിച്ചെടുക്കാനൊന്നും പറ്റില്ലല്ലോ?

*എങ്ങോട്ടാണ് അടുത്ത യാത്ര ?*

അങ്ങനെ ഒരു പ്ലാനൊന്നുമില്ല. എപ്പോഴും യാത്രയ്ക്ക് തയ്യാറായിരിക്കുന്ന ഒരു മനസ്സാണ് എന്റെ. ഇപ്പൊ പോവണമെന്ന് തോന്നിയാൽ ഇപ്പൊ പോവും. മറ്റൊരാളെ ആശ്രയിക്കാതെ ഇരിക്കുക എന്നതാണ് ഏറ്റവും വലിയ കാര്യം.

**മടുപ്പൊരിക്കലും തോന്നിയിട്ടില്ല, ട്രെക്കിങ്ങിനോടും ജീവിതത്തോടും. പതിനേഴോ പതിനെട്ടോ വയസ്സുള്ളപ്പോൾ കൊച്ചിയിൽ ബോട്ട് വാങ്ങി ബിസിനെസ്സിനിറങ്ങിയതാണ് ഞാൻ. പിന്നെ അതോടിക്കാനും പഠിച്ചു. അങ്ങനെ ചെയ്യണം എന്ന് ആഗ്രഹമുള്ള എല്ലാ കാര്യങ്ങളും ഞാൻ ചെയ്തിട്ടുണ്ട്. നമുക്ക് നമ്മളെ മടുക്കാതിരിക്കാനുള്ള ഏറ്റവും നല്ല വഴി യാത്രയാണ്.**





നമുക്കൊരിടത്തു പോവണമെന്ന് തോന്നിയാൽ അപ്പോൾ പോവാനുള്ള വഴി അറിയണം. അതു ബൈക്കായാലും ബോട്ടായാലും നടന്നിട്ടായാലും.

*ചോദ്യം ക്ലിഷേ ആണെന്നറിയാം, എന്നാലും ചോദിക്കട്ടെ, എവറസ്റ്റ് സ്വപ്നമാണോ ?*

അതിന്റെ ഉത്തരവും ക്ളീഷേ തന്നെയാണ്. എവറസ്റ്റ് എല്ലാവരുടെയും സ്വപ്നമല്ലേ? പക്ഷെ പോയാൽ പിന്നെ തിരിച്ചു വരരുത്. അവിടെ തീരണം. അപ്പോൾ കുറച്ചു കാലം കഴിഞ്ഞിട്ടേ അതിനെക്കുറിച്ചു ചിന്തിക്കുന്നുള്ളൂ. ഉത്തരവാദിത്വങ്ങൾ ഒക്കെ ഒന്ന് കഴിയട്ടെ.

*കേരളത്തിൽ ഏതെങ്കിലും ട്രെക്കിങ്ങ് ഗ്രൂപ്പുകൾ ആക്റ്റീവ് ആണോ ? ഒരെണ്ണം തുടങ്ങുന്നതിനെക്കുറിച്ച് ചിന്തിച്ചിട്ടുണ്ടോ ?*

ട്രെക്കിങ്ങ് ഗ്രൂപ്പുകൾ മുൻപത്തേക്കാളും സജീവമാണിപ്പോൾ. ഞാൻ പലതിന്റെയും ഭാഗവുമാണ്. പക്ഷെ പല ഗ്രൂപ്പുകളും പത്തും ഇരുപതും പേരുടെ വലിയ സംഘങ്ങളായി ഒരുപാട് പൈസ ആൾക്കാരുടെ കയ്യിൽ നിന്നും ഈടാക്കി ഒരു ബിസിനസ് എന്ന രീതിയിൽ ആണ് നടത്തിക്കൊണ്ട് പോവുന്നത്. അതിനോട് എനിക്ക് വലിയ താല്പര്യമില്ല. ഞാനൊക്കെ ട്രെക്കിങ്ങ് തുടങ്ങിയ കാലത്തുണ്ടായിരുന്ന ഗ്രൂപ്പുകളുടെ പ്രവർത്തന ശൈലിയിൽ വ്യത്യാസമുണ്ടായിരുന്നു. ട്രെക്കിങ്ങ് ചെയ്തു പരിചയമുള്ളവർ പോവുമ്പോൾ താല്പര്യമുള്ളവർ കൂടെ പോവുക, ഭക്ഷണവും വെള്ളവുമെല്ലാം പങ്കു വെച്ചു കഴിക്കുക, അതായിരുന്നു രീതി. അങ്ങനെയുള്ള ഗ്രൂപ്പുകൾ ഇപ്പോൾ കുറവാണ്. അങ്ങനെയൊരു ഗ്രൂപ്പ് തുടങ്ങുക എന്നത് ആലോചിക്കാവുന്നതാണ്.

*ട്രെക്കിങ്ങ്, ബൈക്കിംഗ് മുതലായ പുരുഷ കേന്ദ്രീകൃതമായ മേഖലകളിൽ സജീവമാകുന്നത് സ്ത്രീകളെ ശക്തരാക്കുന്നുണ്ട് എന്ന് തോന്നിയിട്ടുണ്ടോ ?*

തീർച്ചയായും. പുരുഷന്മാർക്ക് ആധിപത്യമുള്ള മേഖലയിൽ സ്ത്രീകൾ സജീവമാകുക എന്നൊരു പ്ലാൻ മനസ്സിൽ വെച്ചിട്ടൊന്നുമല്ല. സ്വയം പര്യാപ്തരാകുക, അത്രേയുള്ളൂ; അതു നമുക്ക് ഏതൊക്കെ മേഖലയിൽ എന്തൊക്കെ കാര്യങ്ങൾ ആവശ്യമായി വരുമോ അതെല്ലാം മറ്റൊരാളുടെ ആശ്രയമില്ലാതെ ചെയ്യാൻ കഴിയുന്നതും ശ്രമിക്കുക. എല്ലാ കാര്യങ്ങളും എല്ലാവർക്കും ചെയ്യാൻ പറ്റില്ല. പക്ഷെ സ്ത്രീയാണ് എന്ന കാരണം കൊണ്ട് മാത്രം ഒരു കാര്യം ചെയ്യാൻ പറ്റാതെ വരരുത്.



**ചർച്ചാവിഷയം / അഭിമുഖം**



**രാജനന്ദിനി/ ഗാർഗി**

# നിറവാർന്ന സ്വച്ഛസഞ്ചാരങ്ങൾ



*രാജസ്ഥാനിൽ*

**യാത്രകൾ**

എന്റെ യാത്ര തുടങ്ങുന്നത് 2010ൽ കൈലാസയാത്രയായാണ്. ഗിരീഷ് പുത്തഞ്ചേരിയാണ് ചിത്രകാരരും പ്രകൃതിയെ സ്നേഹിക്കുന്നവരുമൊക്കെ എന്തായാലും കാണേണ്ട സ്ഥലമാണെന്നു പറഞ്ഞത്...

ചെറിയ മരങ്ങളൊക്കെ നിറഞ്ഞ അത്രയും ഭംഗിയുള്ള സ്ഥലമായിരുന്നു അത്.

ഡൽഹി, ബാംഗ്ലൂർ, പൂനെ തുടങ്ങി നേപ്പാൾ, റ്റിബറ്റ്, ചൈന വരെ

**ഒരു തരി ചൂടു പോലും താഴേക്ക് വരില്ല. എത്ര ഭംഗിയായാണ് ആ മരം മനുഷ്യരെ സംരക്ഷിക്കുന്നത്! ചപ്പാത്തിയായിരുന്നു പ്രധാന ഭക്ഷണം. ഇടയ്ക്ക് ഒരു ടാങ്കിൽ വെള്ളം വരും, സർക്കാറിന്റെ വക. മണൽ വെച്ച് പാത്രം കഴുകും, തുണി വെച്ച് തുടക്കും. വെള്ളം സൂക്ഷിക്കും.**




പൂമുടി

പോയി. ദീർഘമായ യാത്രകളാണ് ഇഷ്ടം.

ഒരിക്കൽ ഒരു ദീർഘമായ യാത്രയ്ക്കായി രാജസ്ഥാനിൽ പോയി, മരുഭൂമിയുടെ മകളായി ജീവിച്ചു. അവിടെ നമ്മൾക്ക് രാജസ്ഥാനി ജീവിതം അനുഭവിക്കാനായി ഒരു വല്യ ഗ്രാമം തന്നെ ഒരുക്കിവച്ചിട്ടുണ്ട്. ഒരു നാൾ 65 കി.മി മരുഭൂമിയിൽ ഒട്ടകത്തിന്റെ പുറത്ത് സഞ്ചരിച്ചു. 8 മണി മുതൽ 6 മണി വരെ... മരുക്കാറ്റ്, മരു മനുഷ്യർ, കൊച്ചു കൊച്ചു ഗ്രാമങ്ങളിൽ മനുഷ്യർ ജീവിക്കുന്നത്, പശുക്കളെ വളർത്തുന്നത് എല്ലാം കണ്ടു. രസാണ്. മരുപ്പച്ചയിലുണ്ടാവുന്ന കായ് – 'ഷാംഗ്രി'ന്നാ പേര് പറഞ്ഞത്. അച്ചിങ്ങ പോലെ. മൂക്കാത്തത് പറിച്ച് മെഴുക്കുപുരട്ടിയുണ്ടാക്കിത്തന്നു. ഖേർ, ബേർ തുടങ്ങി മരുപ്പച്ചയിലെ കായ്കളും അവർ ഭക്ഷിച്ചു. കൃഷി ചെയ്തല്ല ഇതൊന്നും ഉണ്ടാക്കുന്നത്. കാട്ടിൽ നിന്ന് പറിച്ചെടുക്കുമ്പോൾ തിരിച്ച് ഒരുപിടി വിത്ത് അവർ കാട്ടിലേക്കുതന്നെ കളയും. നമ്മൾ കേരളത്തിലൊക്കെ കാട്ടിൽ നിന്ന് വന വിഭവം എടുക്കുമ്പോൾ കിട്ടിയതും കൊണ്ടു പോരുന്നവരല്ലേ! മരച്ചുവട്ടിലായിരുന്നു ഭക്ഷണമൊക്കെ. ഒരു തരി ചൂടു പോലും താഴേക്ക് വരില്ല. എത്ര ഭംഗിയായാണ് ആ മരം മനുഷ്യരെ സംരക്ഷിക്കുന്നത്! ചപ്പാത്തിയായിരുന്നു പ്രധാന ഭക്ഷണം. ഇടയ്ക്ക് ഒരു ടാങ്കിൽ വെള്ളം വരും, സർക്കാറിന്റെ വക. മണൽ വെച്ച് പാത്രം കഴുകും, തുണി വെച്ച് തുടക്കും. വെള്ളം സൂക്ഷിക്കും.

മരുഭൂമിയിലെ വിശാലമായ ആകാശത്ത് നക്ഷത്രം കാണണം ന്നു പറഞ്ഞ് മകനെയും കൊണ്ടായിരുന്നു പോയത്. 65 കി.മി കഴിഞ്ഞപ്പോൾ



മരുഭൂമിയിലെ ഒരേ ഒരു തടാകം

**മരുഭൂമിയിലെ വിശാലമായ ആകാശത്ത് നക്ഷത്രം കാണണം ന്നു പറഞ്ഞ് മകനെയും കൊണ്ടായിരുന്നു പോയത്. 65 കി.മി കഴിഞ്ഞപ്പോൾ അതി മനോഹരമായ ഇടത്തെത്തി... സൂര്യാസ്തമനം,**

അതി മനോഹരമായ ഇടത്തെത്തി... സൂര്യാസ്തമനം, സൂര്യോദയം ഒക്കെ മരുഭൂമിയിൽ കിടന്നു കണ്ടു... ഒരിക്കലും മറക്കാനാവാത്ത സൗന്ദര്യാനുഭൂതി.

അവിടെയൊക്കെ എല്ലാ വഴികളിലും വെള്ളം കുടിക്കാൻ മൺകുടത്തിൽ വച്ചിട്ടുണ്ട്, പാഴാക്കരുത് എന്നെഴുതിയിട്ടുണ്ട്.

സ്നേഹവും സഹായമനസ്ഥിതിയും അവിടെ വഴി നീളെ കാണാനായി. മരം നട്ടു പിടിപ്പിക്കുന്ന ഗ്രാമത്തിൽ പോയി. കേരളത്തിലെ ഒട്ടുമിക്ക കാടുകളിലും പോയി. ഈ കാടുകളുടെ ഉള്ളിൽ താമസിക്കുമ്പോഴുള്ള സന്തോഷം... സൂചി കുത്തി മല, ആനമല, റോസ് മല, പുളിയാൻകുടി, വയനാട്, രാജമല, മസിനഗുഡി, കാടുകൾക്കകത്തെ രഹസ്യങ്ങളെക്കുറിച്ച് ഒരു പുസ്തകം എഴുതണമെന്നുണ്ട്.

**മറ്റു പരിപാടികൾ**

'സിറ്റിസൺ കൺസർവേറ്റർ' ആയി ജോലി ചെയ്യുന്നുണ്ട്. വനംവകുപ്പിന്റെ സഹായത്താൽ കാടുകളിൽ പോകാം. കാടുകൾ സംരക്ഷിക്കാൻ സഹായിക്കുക എന്നതാണ് പ്രധാന ഉത്തരവാദിത്വം. സ്കൂളുകളിൽ കാടുകൾ സംരക്ഷിക്കുന്നതു സംബന്ധിച്ച് ബോധവത്ക്കരണ ക്ലാസ്സ് നടത്താറുണ്ട്. ആൾ ഇൻഡ്യ റേഡിയോയ്ക്കു വേണ്ടി 34 ലളിത ഗാനങ്ങൾ എഴുതി. തിരുവനന്തപുരം നിലയത്തിൽ നിന്ന് സംപ്രേക്ഷണം ചെയ്യുന്ന മഹിളാലയം, യുവവാണി, സാഹിത്യരംഗം, ലളിതസംഗീതപാഠം തുടങ്ങിയ പരിപാടികൾക്കു വേണ്ടി.

സ്വതന്ത്ര്യമായി ജോലി ചെയ്യുന്നതാണിഷ്ടം. മേലധികാരികളാണെങ്കിലും അഴിമതി കണ്ടാൽ ചോദ്യം ചെയ്യും. അതുകൊണ്ട് സ്ഥാപനങ്ങളിൽ ജോലി ചെയ്തില്ല. രണ്ടു പുസ്തകങ്ങൾ ഇറങ്ങി.

കൈലാസയാത്ര – യാത്രാവിവരണം



അജ്മീറിൽ

സ്വരപഞ്ചമം – കവിതാസമാഹാരം

ഇനി വരാൻ പോകുന്നതിൽ എനിക്കേറ്റവും സന്തോഷമുള്ളത് 'പ്രണയ പാഥേയം' എന്ന 63 കവിതകളുള്ള ഒരു സമാഹാരമാണ്. 'പ്രകൃതിയും പുരുഷനും' എന്ന വിഷയമാണ്. യഥാർത്ഥ പ്രണയത്തെക്കുറിച്ചാണ്.

ചിത്രകാരിയാണ്. ഏറ്റവും കൂടുതൽ ആഗ്രഹം




**പിപ്പലാന്ത്രി ... പെൺകുട്ടികൾ ജനിച്ചാൽ 111 മരം നട്ട് ആഘോഷിക്കുന്ന ഇന്ത്യയിലെ ഏക ഗ്രാമം(രാജസ്ഥാൻ)**



**പാർട്ട്ണറിനോടും എല്ലാവരോടും സത്യം പറയാൻ തുടങ്ങിയപ്പോൾ അവരൊക്കെ ആദ്യം പരിഭ്രമിച്ചു, പിന്നെ വട്ടാണ്ന്ന് പറഞ്ഞു. കഴിഞ്ഞ നാല് വർഷമായി ആരും എന്നെ ചോദ്യം ചെയ്യാറില്ല.**

'സ്നേഹിത' യായി അറിയപ്പെടാൻ. സ്നേഹം എന്നിലൂടെ ഒഴുകി ലോകത്ത് പരക്കട്ടെ.

**ഉൾക്കാഴ്ച**

കഴിഞ്ഞ പത്തുവർഷമായിട്ട് ജീവിച്ചറിയാൻ



ആഗ്രഹിക്കുന്നത് 'സത്യ' ത്തെയാണ്. ഒരു പ്രശസ്ത എഴുത്തുകാരൻ പത്തുവർഷം മുന്നെ 'സത്യാന്വേഷണ പരീക്ഷണങ്ങൾ' തന്നു. ജീവിതം സത്യസന്ധമായി ജീവിക്കാൻ ശ്രമിക്കുമ്പോൾ ഭയങ്കരമായ ദുരന്തങ്ങളുണ്ടായി, ജീവിതം കഠിനമായി.

പാർട്ട്ണറിനോടും എല്ലാവരോടും സത്യം പറയാൻ തുടങ്ങിയപ്പോൾ അവരൊക്കെ ആദ്യം പരിഭ്രമിച്ചു, പിന്നെ വട്ടാണ്ന്ന് പറഞ്ഞു. കഴിഞ്ഞ നാല് വർഷമായി ആരും എന്നെ ചോദ്യം ചെയ്യാറില്ല. ഞാൻ സത്യമേ പറയൂ എന്നവർക്കറിയാം. ഇപ്പോൾ അതിന്റെ സുഖം അനുഭവിക്കുന്നു. വിജയമെന്നത് സത്യമാണ്. ഈയ്യിടെയായി ആരുടെ മുഖത്ത് നോക്കി എന്ത് പറഞ്ഞാലും 'നോ' പറയാൻ അവർക്ക് പറ്റുന്നില്ല. നമ്മെ നോക്കി ചിരിക്കുന്ന ലോകം. എല്ലാവരും നല്ലവരാണ്. ധൈര്യമായി ഇന്ത്യ മുഴുവൻ രാത്രിയെന്നോ പകലെന്നോ ഇല്ലാതെ സഞ്ചരിക്കുന്നു. ആൺ/പെൺ വേർതിരിവില്ല. പണം ഉള്ളവർ/ഇല്ലാത്തവരില്ല.

പേടിയില്ല.

രാത്രിയിൽ ഒരാണിനോട് ലിഫ്റ്റ് ചോദിക്കുമ്പോൾ എനിക്ക് ഒരു മനുഷ്യനാണെന്നേ കാണാൻ കഴിയുന്നുള്ളൂ. സന്തോഷത്തോടെ ജീവിക്കാൻ കഴിയുന്നു.ഹൃദ്യമായ സ്നേഹം അനുഭവിക്കുന്നു. എല്ലാവരെയും ഇഷ്ടപ്പെട്ടാൽ എന്തു രസമുള്ള ജീവിതമാണ്! സ്വാർത്ഥതയും ധനമോഹവുമാണ് പല ജീവിതങ്ങളും നശിപ്പിക്കുന്നത് എന്ന് കാണുന്നു. സ്നേഹത്തെ ഉജ്വലമാക്കുക, ഉള്ളിലുള്ള സ്നേഹത്തെ ആളിക്കത്തിക്കുക. ഒരിക്കൽ ഒരു കൊള്ള സംഘക്കാരുടെ കൂടെ യാത്ര ചെയ്തു. അതെനിക്കും അവർക്കും രസമുള്ള യാത്രയായിരുന്നു - ആർക്കും ഭയം തോന്നിയില്ല.

**ജീവിതകാലത്തെ പ്പറ്റി**

ബാല്യത്തിൽ നിന്നു കരുത്തുണ്ടായി. വലിയ സ്നേഹമുണ്ടായിരുന്ന അച്ഛൻ ചെറുപ്പത്തിലേ മരിച്ചു. ജന്മിയായിരുന്ന അദ്ദേഹത്തിന്റെ സ്വത്തിൽ ഒരു വലിയ ഭാഗം എന്റെ പേരിൽ എഴുതി വച്ചിരുന്നു. അതെനിക്ക് തലവേദനയായി. ബന്ധുക്കൾക്കൊക്കെ ദേഷ്യമായി. 8ാം ക്ലാസിൽ പഠിപ്പ് നിർത്തി വീട്ടിൽ പൂട്ടിയിട്ടു. പന്ത്രണ്ട് വയസ്സിൽ വീട്ടിൽ നിൽക്കാൻ പറ്റാതെ ഒളിച്ചോടി. ചേച്ചിയുടെ വീട്ടിലെത്തി, തിരിച്ചു പിടിച്ചു കൊണ്ടു വന്നു. പതിനേഴാമത്തെ വയസ്സിൽ വിവാഹം ചെയ്തു. അതിനുശേഷം വീണ്ടും സ്കൂളിൽ പോയി, പഠനത്തിൽ ബ്രേക്ക് വന്നപ്പോ വന്ന സങ്കടം തീർത്തു. പത്താംക്ലാസ്സിൽ ഫസ്റ്റ് ക്ലാസ്സിന് 2 മാർക്ക് കുറവ്. കുഞ്ഞിനെ സ്കൂളിലാക്കി കോളേജിൽ പോയി. ഡിഗ്രി മലയാളം, 4 ഡിപ്ലോമകൾ എന്നിവ ചെയ്തെടുത്തു.



കൈലാസത്തിൽ


ഭർത്താവ് സ്നേഹമുള്ളയാളാണ്. പക്ഷേ, ഉത്തരവാദിത്തം എടുക്കില്ല. നേവൽ ബേസ് എയർക്രാഫ്റ്റ് എഞ്ചിനീയറാണ്.

മകൻ നേവിയിൽ കമാന്റിംഗ് ഓഫീസർ, മകൾ പോലീസ് നുണ പരിശോധന ചെയ്യുന്നയാൾ.

'തോൽക്കാതിരിക്കാൻ' ഞാൻ തയ്ക്കുമായിരുന്നു. 3 1/2 മണിക്കുറങ്ങും, 5 മണിക്കുണരുമായിരുന്നു.

മക്കൾ പറഞ്ഞു, ഞങ്ങൾക്കു വേണ്ടി കളഞ്ഞ 27 വർഷം തിരിച്ചു പിടിക്കൂ. യാത്ര ചെയ്യൂ...

അങ്ങിനെ സന്തോഷവതിയായി ജീവിക്കുന്നു.



**''തോൽക്കാതിരിക്കാൻ' ഞാൻ തയ്ക്കുമായിരുന്നു. 3 1/2 മണിക്കുറങ്ങും, 5 മണിക്കുണരുമായിരുന്നു.**

## ചർച്ചാവിഷയം / അഭിമുഖം



നിബ നമ്പൂതിരി / ഐശ്വര്യ, നീതു, ഷബ്ന, അസ്റ

ആന കൗതുകമുണർത്തുന്നതും അതേ രീതിയിൽ ഭയമുളവാക്കുന്നതുമാണ്. ഇത്തരമൊരു ഭയത്തേയും കൗതുകത്തേയും ജീവിതത്തിന്റെ മുൻധാരയിലേക്ക് എത്തിച്ചെതെങ്ങനെയാണ്?

സമൂഹത്തിലെ ഒട്ടുമിക്ക ആളുകളും കരുതുന്നത് ഞാനൊരു ആനപ്പാപ്പാത്തി ആണെന്നാണ്. അതൊരു തെറ്റായ ധാരണയാണെന്നുള്ളതാണ് പരമാർത്ഥം. മലയാളികൾക്കുള്ള 'ആനക്കമ്പം' കൊണ്ടല്ല. പകരം 'ആനസ്നേഹം' ഒന്നു കൊണ്ടു മാത്രമാണ് ഇത്തരമൊരു മേഖലയിൽ എത്തിപ്പെട്ടത്. ഞങ്ങളുടെ കുടുംബക്കാരാരും തന്നെ പാരമ്പര്യമായോ മറ്റോ ആനക്കാരായിരുന്നില്ല. കുട്ടിക്കാലം മുതൽക്കേ എനിക്ക് സഹജീവികളോട് ഒരു പ്രത്യേക മമതയുണ്ടായിരുന്നു. 1995 ൽ ഒരു പ്രോജക്ടിന്റെ ഭാഗമായിട്ടാണ് ആന പരിശീലനരംഗത്ത് പ്രത്യക്ഷപ്പെടുന്നത്.

*പരിശീലനകാലത്തെ അനുഭവങ്ങൾ പങ്കുവയ്ക്കാമോ?*

പൊന്നപ്പൻ ആശാൻ ആയിരുന്നു പരിശീലനകാലത്ത് എന്നെ സഹായിച്ചിരുന്നത്. ആശാനെ വളരെയധികം നല്ല സ്മരണകളോടു കൂടി ഓർക്കുന്നു. അദ്ദേഹം ആറുവർഷങ്ങൾക്കു മുൻപാണ് ലോകത്തോട് വിടപറഞ്ഞത്. അദ്ദേഹം വനംവകുപ്പിലെ ആനപിടുത്തക്കാരനായിരുന്നു. ആൺകുട്ടികൾക്കിടയിൽ ഒരു പെൺകുട്ടിയെ പരിശീലിപ്പിക്കുന്നതിൽ അദ്ദേഹം ഒരു തരത്തിലുള്ള വിവേചനവും കാണി

# ആനപക്ഷത്ത് നിർഭയമായി



ച്ചിരുന്നില്ല. അന്ന് എനിക്ക് ഒരുപാട് കാര്യങ്ങൾ പഠിക്കുവാനും ആനപരിശീലനം എന്നതിലുപരി ആനകൾ നേരിടുന്ന പ്രശ്നങ്ങളെക്കുറിച്ച് അറിയാനും കഴിഞ്ഞു.

*ഈ മേഖലയുമായി ബന്ധപ്പെട്ടു പ്രവർത്തിക്കുമ്പോൾ സ്ത്രീയെന്ന നിലയിൽ സമൂഹത്തിന്റെ വിവിധതലങ്ങളിൽ നിന്നും ലഭിച്ച പ്രതികരണങ്ങൾ എന്തെല്ലാമായിരുന്നു?*

എന്റെ പരിശീലനസമയത്തും മറ്റും പാപ്പാന്മാർക്കിടയിൽ എനിക്ക് യാതൊരു തരത്തിലും വിവേചനമുണ്ടായിരുന്നില്ല. ആനപ്പുറത്തു കയറി ഉത്സവപ്പറമ്പുകളിലും മറ്റും പോകുമ്പോൾ ചില ആളുകൾക്ക് അതൊരു വലിയ കൗതുകമായിരുന്നു; മറ്റു ചിലർ പരിഹസിച്ചിരുന്നു. കളിയാക്കിയിരുന്നു. അതൊരു സ്ത്രീയെന്ന നിലയിൽ മാത്രമാണെന്നു തോന്നുന്നില്ല. ആളുകൾ ഞാനൊരു സ്ത്രീയാണെന്ന് ചൂണ്ടിക്കാണിക്കുമ്പോഴും മറ്റും ആണ് ഞാൻ വ്യത്യസ്തമായിട്ടെന്തോ ചെയ്യുന്നുവെന്ന് എനിക്ക് തോന്നിയിട്ടുള്ളത്. എന്റെ ഈ മേഖലയിലെ പ്രവർത്തനത്തിന് ഒരു മിശ്രിത പ്രതികരണമാണ് സമൂഹത്തിൽ നിന്നും ലഭിച്ചിരുന്നത്.



*മലയാളികൾക്കിടയിലെ ആനക്കമ്പം ഒരു വ്യവസായമായി വളരുന്നുവെന്ന തോന്നലുണ്ടോ?*

തീർച്ചയായും. മലയാളികൾക്കിടയിലെ ആനക്കമ്പം എന്നത് യഥാർത്ഥത്തിലൊരു രഹസ്യ അജണ്ട യാണ്. മധ്യത്തിലൊരു ആനയെ പ്രതിഷ്ഠിച്ചു കൊണ്ട് അതിനു ചുറ്റും ആനക്കമ്പമുള്ളവരെ കൃത്രിമമായി സൃഷ്ടിച്ചെടുക്കുന്ന ഒരു വൻമാഫിയ തന്നെ ഇന്നു നിലനിൽക്കുന്നുവെന്നത് തീർത്തും വേദനാജനകമാണ്. 'ആന ചരിഞ്ഞാലും നിന്നാലും പണം' എന്ന ചൊല്ലിന് ഇന്നത്തെ സമൂഹത്തിന്റെ പ്രത്യക്ഷധാരയിൽ പ്രസക്തി ഇല്ലെങ്കിലും ആനയെയും അതിന്റെ സൗന്ദര്യത്തെയും വിറ്റു മുതലാക്കുന്നവർ പരോക്ഷധാരയുടെ മൂടുപടത്തിനുള്ളിൽ സജീവരാണ്.

*യഥാർത്ഥ ആനപ്രേമി, വന്യജീവിയായ ആനയെ കാട്ടിലേക്കു തന്നെ തിരിച്ചു വിടുകയല്ലേ വേണ്ടത്?*

ഞാൻ അങ്ങനെത്തന്നെ കാണുന്നു. എന്റെ മനസ്സിലുള്ള ആന യഥാർത്ഥത്തിൽ അതിന്റെ എല്ലാ അവകാശങ്ങളോടു കൂടി സ്വതന്ത്ര്യനായി കാട്ടിൽ കഴിയുന്ന ഒരു ജീവിയാണ്. അതല്ലാതെ ആനക്കോട്ടകളിലിട്ട് മെരുക്കിയെടുക്കേണ്ടവരായല്ല. അതിനോട് എനിക്ക് യോജിപ്പുമില്ല. നാട്ടിൽ വളർന്ന ആനകളെ കാട്ടിലേക്ക് തിരിച്ചുവിടുന്നതിനും ചില പ്രശ്നങ്ങളുണ്ട്. അതുകൊണ്ട് മാത്രമാണ് നമ്മൾ ആനകളെ നിലനിർത്തുന്നത്. ആനക്കോട്ടകളിൽ വളർത്തുന്ന ആനകളുടെ സ്ഥിതി മെച്ചപ്പെടുത്താനാണ് ഞങ്ങളെപ്പോലുള്ള ആളുകളുടെ പ്രവർത്തനം. എന്തൊക്കെയായാലും കവി പറഞ്ഞ പോലെ കാഞ്ചനക്കൂട്ടിലിടുന്നതു ബന്ധനം പോലെത്തന്നെയാണ്. എന്തു നല്ല ഭക്ഷണം കൊടുത്താലും സ്വാതന്ത്ര്യമെന്നത് ഇത്തരം ഭൗതികവസ്തുക്കൾ കൊണ്ട് മറച്ചുവെയ്ക്കാനാവുന്നതേയല്ല.

*ആന പരിശീലനത്തിലെ ഘട്ടങ്ങളെക്കുറിച്ച്?*

ആന പരിശീലനം പ്രധാനമായും (fear psychology) 'പേടിപ്പിക്കുക' എന്നൊരു പ്രത്യയശാസ്ത്രത്തിലാണ് പുരോഗമിക്കുന്നത്. അതിനു ശേഷം അതിന്റെ വന്യത്വത്തെ അടിച്ചമർത്താനാണ് മനുഷ്യൻ ശ്രമിക്കുന്നത്. ഏതൊരു ജീവിയ്ക്കും അതിന്റേതായൊരു വന്യത്വം നിലനിൽക്കുന്നുണ്ട്. അതിനെ പൂർണമായും തകർത്തു കൊണ്ടാണ് നാമതിനെ മെരുക്കുന്നത്. പേടിപ്പിച്ചും അടിച്ചും കുത്തിയും മറ്റും ആനയെ മെരുക്കുന്നു. അതിനോട് ഞാനൊരിക്കലും യോജിക്കുന്നുമില്ല. മൗലികപരമായി വീക്ഷിക്കുകയാണെങ്കിൽ ഈ തലം തൊട്ടു തന്നെ നാം ചെയ്യുന്നതു തെറ്റാണ്. ഏകദേശം 3 വർഷത്തോളം പീഡിപ്പിച്ചുള്ള പരിശീലനത്തോടെയാണ് ഒരു കാട്ടാനയെ മെരുക്കുന്നത്. പ്രാകൃതമായ ഒരു ചുറ്റുപാടിൽ നിന്നും തീർത്തും അസ്വാഭാവികമായൊരു അന്തരീക്ഷത്തിലേക്ക് നയിക്കപ്പെടുന്ന ആനകളെ അവരുടെ സ്വാതന്ത്ര്യത്തെ മനുഷ്യൻ തകർക്കുന്നു.

*തമിഴ്നാട്ടിലെ ജെല്ലിക്കെട്ടും കേരളത്തിലെ ആന എഴുന്നെള്ളിപ്പും യഥാർത്ഥത്തിൽ ഒരു നാണയത്തിന്റെ രണ്ടു വശങ്ങൾ തന്നെയല്ലേ?*

തമിഴ്നാട്ടിലെ ജെല്ലിക്കെട്ടുമായി ബന്ധപ്പെട്ട വാർത്തകൾ വേദനയാണുണ്ടാക്കിയത്. കോയമ്പത്തൂരുമായി അടുത്തബന്ധമുള്ളതു കൊണ്ട് തമിഴ്നാട് ജനതയുടെ സാംസ്കാരിക വികാരം മനസ്സിലാവും. എന്നിരുന്നാലും ജെല്ലിക്കെട്ടിൽ നാം ഉപയോഗിക്കുന്നത് ഒരു സഹജീവിയെ ആണ് എന്നുള്ളത് മാത്രം മതിയാവും ഇത് അവസാനിപ്പിക്കാൻ. ഇതുപോലെ തന്നെയാണ് കേരളത്തിലെ ആനയെഴുന്നെള്ളിപ്പും. കേരളത്തിലെ

ആനഫാൻസും മറ്റും ഇതേ രീതിയിലുള്ളതാണ്. ഉത്സവം ആനയില്ലാതെ കഴിയില്ല എന്നു പറയുന്നവർ ആലോചിക്കുക. ഇതെല്ലാം ഈയിടെ പ്രത്യക്ഷത്തിൽ വന്നതാണ്. പാരമ്പര്യമെന്ന് അവകാശപ്പെടുന്നവർ ചിന്തിക്കുക. മൃഗബലി, സതി എന്നിവയും പാരമ്പര്യങ്ങളായിരുന്നു. അതും നിർത്തേണ്ടി വന്നുവല്ലോ? അത്തരത്തിൽ ഇതും അവസാനിപ്പിക്കണം. ഇതൊക്കെയാണോ നമ്മുടെ പാരമ്പര്യത്തിന്റെ കേമത്തം?

*തെരുവുനായകൾക്കു വേണ്ടിയുണ്ടാക്കുന്ന മുറവിളികൾ ആനകൾക്കു കിട്ടുന്നില്ലെന്നു തോന്നുന്നുണ്ടോ?*

തെരുവുനായകളോട് നമ്മൾ എടുത്ത സമീപനം തീർത്തും ഭീകരമായ ഒന്നാണ്. അവയെ നാം ഭീകരജീവികളായി ചിത്രീകരിക്കുകയാണുണ്ടായത്. ഏതൊരു ജീവിയും അതിന്റെ ആത്മരക്ഷയ്ക്കു വേണ്ടി മാത്രമേ മറ്റുള്ളവരെ ഉപദ്രവിക്കാറുള്ളൂ. യുവ തലമുറയാണ് ഇത്തരം വിഷയങ്ങൾക്കെതിരെ പ്രതികരിക്കേണ്ടത്. പ്രതിഷേധമാണെങ്കിലും അഭിപ്രായം രേഖപ്പെടുത്തുകയാണെങ്കിലും അതിനു കൃത്യമായൊരു ഭൂരിപക്ഷ ജനതയുടെ പിൻതുണയുണ്ടെങ്കിൽ മാത്രമേ ഇത്തരം പ്രതിഷേധ സ്വരങ്ങൾ രാഷ്ട്രീയ സാമൂഹിക തലങ്ങളിൽ അംഗീകരിക്കപ്പെടുകയുള്ളൂ.

'ആനയെഴുന്നള്ളിപ്പ്' ഒരു ആചാരമെന്നതിലുപരി എങ്ങനെ വിലയിരുത്തപ്പെടുന്നു?

യഥാർത്ഥത്തിൽ ആനയെഴുന്നള്ളിപ്പ് വളരെ കുറച്ച് കാലങ്ങൾക്കു മുമ്പാണ് ഉത്സവങ്ങളുടെ ഭാഗമായത്. പണ്ടുകാലങ്ങളിൽ ചില ചടങ്ങുകളിൽ മാത്രമായിരുന്നു ആനകളെ എഴുന്നള്ളിപ്പിച്ചിരുന്നത്. എന്നാൽ ഇന്ന് മനുഷ്യന്റെ അമിതാവേശത്തിനും സന്തോഷത്തിനും വേണ്ടി ജീവജന്തുക്കളെ ചൂഷണം ചെയ്യുന്നു. ഇത് തീർത്തും പ്രതിഷേധാർഹമായ ഒന്നാണ്. കൊമ്പനാനകളുടെ ജൈവിക സ്വഭാവമാണ് ഒറ്റയായി വസിക്കുകയെന്നത്. എന്നാൽ ഉത്സവപ്പറമ്പുകളിൽ നാൽപതോളം ആനകൾക്കൊപ്പം അവയെ നിർത്തുന്നത് ക്രൂരതയാണ്.

*മൃഗസംരക്ഷണവുമായി ബന്ധപ്പെട്ട നിയമങ്ങൾക്ക് പ്രാധാന്യം കൊടുക്കാത്ത സർക്കാറിനെയും സർക്കാർ നിയമങ്ങളെയും കുറിച്ച്?*

*നമ്മുടെ ഭരണഘടനപോലും മനുഷ്യകേന്ദ്രീകൃതമാണ്. അത്തരമൊരു സാമൂഹിക സാഹചര്യത്തിൽ മൃഗസംരക്ഷണ നിയമങ്ങൾക്ക് പ്രാധാന്യം കുറഞ്ഞു തന്നെ വരുന്നു. മൃഗസംരക്ഷണവും പ്രധാനമായും ആനസംരക്ഷണവുമായി അനേകം കേസുകൾ ഇന്നും നിലനിൽക്കുന്നുണ്ട്. അതൊന്നിനും തന്നെ കൃത്യമായൊരു വിധി നിർണ്ണയിക്കുവാൻ സർക്കാറിനോ കോടതികൾക്കോ ആവുന്നില്ല. മനുഷ്യനല്ല പ്രപഞ്ചത്തിന്റെ ഉടമസ്ഥൻ എന്ന് മനസ്സിലാക്കുകയും സഹജീവികളുടെ സംരക്ഷണ ചുമതല കൂടി മനുഷ്യനുണ്ടെന്ന കാര്യം ഓർക്കുകയും വേണം.*

*ആനകളിലെ ലിംഗങ്ങളെക്കുറിച്ച്?*

ആനകളിലെ ലിംഗങ്ങൾ പോയിട്ട് ആനയെ ഇവിടെ വേണ്ടന്ന അഭിപ്രായക്കാരിയാണ് ഞാൻ. പിടിയാന, കൊമ്പൻ, മോഴ എന്നിങ്ങനെയൊക്കെയാണ് പ്രധാനമായും ആനകൾ. ആനകളിലെ 'ലിംഗസമത്വം' എന്ന വിഷയത്തിനൊന്നും തീരെ പ്രസക്തിയില്ല. അതെല്ലാം മനുഷ്യനിർമ്മിതമായ കാഴ്ചപ്പാടുകളാണ്. പിടിയാനയെക്കാൾ കായികശക്തി കൊമ്പന് ആയതു കൊണ്ടാവാം കൊമ്പനാനകളെ എഴുന്നള്ളിപ്പിന് തെരഞ്ഞെടുക്കുന്നത്.

*തികച്ചും അച്ചടക്കമില്ലാത്ത ജീവിതം നയിക്കുന്നവരായാണ് സിനിമകളിലും മറ്റും ആനപ്പാപ്പാന്മാരെ അവതരിപ്പിച്ചിട്ടുള്ളത്. ഇതിൽ എത്രമാത്രം യാഥാർത്ഥ്യമുണ്ട്.*

ആനപ്പാപ്പാന്മാരെ മാത്രമല്ല, ആനകളേയും വളരെയധികം മോശമായതും തെറ്റായ രീതിയിലുമാണ് അവതരിപ്പിക്കുന്നത്. പട്ടാഭിഷേകം, തുറുപ്പുഗുലാൻ തുടങ്ങി നിരവധി സിനിമകളിൽ ആന ഒരു ഹാസ്യകഥാപാത്രമാണ്. ഇതെല്ലാം യഥാർത്ഥത്തിൽ മനുഷ്യൻ സഹജീവികളോട് കാട്ടുന്ന ക്രൂരതയാണ്. ഒരു ആന ക്കുട്ടിയെ സംബന്ധിച്ചിടത്തോളം കൃത്യമായ പരിരക്ഷകളോടു കൂടിയാണ് വളർത്തേണ്ടത്. അതൊന്നും യഥാർത്ഥത്തിൽ പാലിക്കപ്പെടുന്നതേയില്ല. സിനിമകൾ ആനകളേയും ആനപ്പാപ്പാന്മാരേയും സംബന്ധിച്ച് മിഥ്യയായ ധാരണകൾ ആണ് പങ്കുവെച്ചിട്ടുള്ളത്.

*മാതംഗലീല പോലെ ആനശാസ്ത്രവുമായി ബന്ധപ്പെട്ട പ്രാമാണികഗ്രന്ഥങ്ങൾ ആനയുടെ പരിചരണത്തിൽ അടിസ്ഥാനമാക്കിയിട്ടുണ്ടോ? ഈ മേഖലയിൽ പുതിയ ഗ്രന്ഥങ്ങളുണ്ടോ?*

ഇത്തരം പ്രാമാണികഗ്രന്ഥങ്ങൾ പരിചരണത്തിന് അടിസ്ഥാനമാക്കിയിട്ടുണ്ട്. ഈ മേഖലയിൽ അനവധി ഗ്രന്ഥങ്ങളും പഠനങ്ങളും എല്ലാം പുറത്തു വരുന്നുണ്ട്.

*പുതുതലമുറയിൽപ്പെട്ടവർ എത്രമാത്രം തത്പരരാണ്?*

ഈ മേഖലയിലേക്ക് അനവധി ആളുകൾ വരുന്നുണ്ട്. പെൺകുട്ടികളും ആൺകുട്ടികളും പ്രവർത്തകരായുണ്ട്. ബോധവത്ക്കരണങ്ങൾ യഥാർത്ഥത്തിൽ കുടുംബാംഗങ്ങളിൽ നിന്ന് തുടങ്ങേണ്ടതാണ് എന്നാണ് ഞാൻ കരുതുന്നത്. പുതുതലമുറക്കാറുടെ പുത്തൻ ആശയങ്ങൾ ഈ മേഖലക്ക് കൂട്ടാകേണ്ടതുമുണ്ട്.



സുജിന

**പത്തൊമ്പത് വയസ്സുകാരിയായ സുജിന വലത്തുകൈപ്പത്തി ഇല്ലാതെയാണ് ജനിച്ചത്. ഇപ്പോൾ കെമിക്കൽ എഞ്ചിനീറിംഗ് രണ്ടാം വർഷ വിദ്യാർത്ഥിയാണ്.**

# ജയിക്കുന്നവർക്ക് വേണ്ടത്

എല്ലാവരും ജനിച്ച പോലെ ഞാനും ജനിച്ചു. കണ്ടപ്പോൾ എല്ലാവരും കരഞ്ഞു, അവരുടെ കാലം കഴിഞ്ഞാൽ ഞാനെങ്ങനെ ജീവിക്കും? മൂന്നര വയസ്സിൽ സ്കൂളിലാക്കി. മുകളിൽ നിന്നും പൊട്ടി വീണ ജീവിയെപ്പോലെയാണ് എല്ലാവരും എന്നെ കണ്ടത്. ആരും കൂടെ കളിക്കാൻ വരില്ല. ഞാനങ്ങനെ കുറേക്കാലം പ്രകൃതിയൊക്കെ ആസ്വദിച്ചു, ഒറ്റക്കു കളിച്ചു. പിന്നെ കുറച്ചു നാൾ കഴിഞ്ഞപ്പോ എല്ലാവരും ഇങ്ങോട്ടുവന്നു, കൂട്ടുകാരുണ്ടായി. അഞ്ചാം ക്ലാസ്സിൽ മാർത്തോമ ഹൈസ്ക്കൂളിൽ ചേർന്നു. അവിടെയും ഇതുപോലെത്തന്നെ, മറ്റുള്ളവരുടെ പേടി പതിയെ മാറി.

അവിടെ ഒരുപാടുപേർക്ക് സൈക്കിളുണ്ടായിരുന്നു. എനിക്കും വേണംന്നു ഞാൻ വാശി പിടിച്ചു. അമ്മ വേണ്ട എന്നു പറഞ്ഞു, സൈക്കിളിൽ നിന്ന് വീണാൽ നാട്ടുകാർ അച്ഛനെയല്ലേ പറയുക! പിന്നെ പതുക്കെ അച്ഛൻ സമ്മതിച്ചു. ഞാൻ വാശി പിടിച്ച് സൈക്കിൾ വാങ്ങി. ആരും പഠിപ്പിച്ചില്ല, ഒറ്റയ്ക്ക് പഠിച്ചു. ആറാംക്ലാസ്സിൽ അച്ഛൻ ജീപ്പിന്റെ സ്റ്റിയറിംഗ് തന്നു.

എട്ടാംക്ലാസ്സിൽ ജോൺ ടൈറ്റസ് എന്ന മാഷ് സ്പോർടിസിൽ ഇറങ്ങാൻ പറഞ്ഞു. അച്ഛനോടു പറഞ്ഞപ്പോൾ അച്ഛൻ മാഷ് തമാശക്ക് പറഞ്ഞതായിരിക്കും ന്നാണ് പറഞ്ഞത്. പിന്നെയും മാഷ് എന്നോടും അച്ഛനോടും പറഞ്ഞുകൊണ്ടേയിരുന്നു. അങ്ങിനെ ഒരു ദിവസം അച്ഛൻ നിനക്ക് ചെയ്യാമെന്നു തോന്നുന്നതു പോലെ ചെയ്യണം ന്നു പറഞ്ഞു, ഞാൻ പ്രാക്റ്റീസ് തുടങ്ങി.

ഷോർട്ട് പുട്ട്, ഡിസ്കസ് ത്രോ എന്നിവയാണ് ആദ്യം ചെയ്തത്. ഫസ്റ്റ് ഡേ കൂട്ടുകാരൊക്കെ കളിയാക്കി. പറ്റുന്ന പണിക്ക് പോയാപ്പോരെ ന്ന് ചോദിച്ചു. എനിക്ക് വാശിയായി. ആ വർഷം സബ്ജില്ലയിൽ രണ്ടിനും സമ്മാനം കിട്ടി.

ഒമ്പതാം ക്ലാസ്സായപ്പൊ രണ്ടിനും സബ്ജില്ലയിൽ സെക്കന്റ് കിട്ടി. പത്താം ക്ലാസ്സായപ്പൊ സ്കൂളിലെ ക്യാപ്റ്റൻ പൊസിഷൻ എനിക്കു കിട്ടി. ജാവലിൻ ത്രോയും പഠിച്ചു. സബ്ജില്ലയിൽ മൂന്ന് ഐറ്റ




**സൈക്കിൾ എനിക്കും വേണം. അമ്മ വേണ്ട എന്നു പറഞ്ഞു. സൈക്കിളിൽ നിന്ന് വീണാൽ നാട്ടുകാർ അച്ഛനെയല്ലേ പറയുക! ഞാൻ വാശി പിടിച്ച് സൈക്കിൾ വാങ്ങി. ആരും പഠിപ്പിച്ചില്ല. ആറാംക്ലാസ്സിൽ ജീപ്പിന്റെ സ്റ്റിയറിംഗ് തന്നു.**

ത്തിലും ഫസറ്റ് വാങ്ങി.

പതിനൊന്നാം ക്ലാസ്സിൽ പുതിയ സ്കൂളിൽ പോയി. അവിടെ സ്പോർട്സ് സാറില്ല. ഷോർട്ട് പുട്ട്, ഡിസ്കസ്, ജാവലിൻ എന്നീ മൽസരങ്ങളിൽ പങ്കെടുത്തു. ജാവലിൻ ത്രോയിൽ ജില്ലയിൽ സെക്കന്റ് കിട്ടി. അന്നെന്നെ പഠിപ്പിച്ച ഒരദ്ധ്യാപിക എന്നോട് മോശമായി പെരുമാറിയത് മറക്കാൻ കഴിയില്ല. അവർ ജാവലിൻ ത്രോയിൽ ജില്ലയിൽ ഫസ്റ്റ് വന്ന സീനിയറിനെ അഭിനന്ദിച്ചു, എന്നെ അവഗണിച്ചു. പിന്നെയും മോശമായി പെരുമാറി. അവരെക്കണ്ടാണ് ടീച്ചർ എങ്ങിനെ ആവരുത് എന്ന് പഠിച്ചത്. പ്ലസ്ടു ആയപ്പോൾ സബ്ജില്ലയിൽ ജാവലിൻ ത്രോയിൽ 1st കിട്ടി. ജില്ലയിൽ 2nd ഉം സ്റ്റേറ്റിൽ 14ാം സ്ഥാനവും കിട്ടി. ഭയങ്കര സന്തോഷമായിരുന്നു, ജില്ലയിൽ സമ്മാനം കിട്ടിയപ്പൊ.



അന്ന് ഞാൻ കൊട്ടാരക്കര എന്ന പേരിൽ ഒരു എഫ്.ബി. ഗ്രൂപ്പ് ഉണ്ട്. കൊറച്ച് ജേർണലിസ്റ്റുകൾ, എൻ.ആർ.ഐകൾ തുടങ്ങിയവരാണതിലുള്ളത്. അവർ ആദ്യമായി ഒരു പരിപാടി നടത്താൻ തീരുമാനിച്ചു, എനിക്കൊരു അനുമോദനം ആയിരുന്നു അത്. സ്കൂൾ അസംബ്ളിയിൽ വച്ചാണ് സമ്മാനം തന്നത്. ഡി.വൈ.എസ്.പി.യൊക്കെ ഉണ്ടായിരുന്ന വേദിയായിരുന്നു. അന്ന് അപമാനിച്ച അദ്ധ്യാപികക്കു മുന്നിൽ അഭിമാനത്തോടെ നിൽക്കാൻ പറ്റി.

വീട്ടിലെ പണികളെല്ലാം ചെയ്യും. റബ്ബർപാലെടുക്കാൻ പോകും, വെള്ളം കോരും, പറമ്പിൽ കെളക്കാൻ പോകും. ചിത്രം വരയ്ക്കും.

എഞ്ചിനീറിംഗ് കോളേജിലെത്തിയപ്പോൾ ഗിറ്റാറ് പഠിക്കണമെന്ന് ആഗ്രഹമുണ്ടായി. എങ്ങനെ ഗിറ്റാറിലെത്തെണം എന്നു സീനിയേഴ്സിനോട് സംസാരിച്ചു. നന്നായി ഗിറ്റാറ് വായിച്ചിരുന്ന ഒരു ചേട്ടനോടു ചോദിച്ചപ്പോൾ വേറെന്തെങ്കിലും പഠിക്കാൻ നോക്ക് എന്നു പറഞ്ഞു. അപ്പോഴാണ് ചിലർ മെക്കാനിക്കൽ ഡിപ്പാർട്ട്മെന്റിലെ സാദിക് സാറിനെ പറ്റി പറയുന്നത്. അദ്ദേഹം ആദ്യം കയ്യുടെ അളവെടുത്തു. എന്നിട്ട് പുതിയൊരു ഗിറ്റാർ സ്ട്രൈക്കർ ഡെവലപ് ചെയ്തു. അത് കയ്യിലൊട്ടിക്കാൻ പറ്റും. ഇപ്പോൾ പഠിച്ചുകൊണ്ടിരിക്കുന്നു. യൂട്യൂബിൽ നിന്നും ഗിറ്റാർ അറിയുന്നവരെ പരിചയപ്പെട്ടു.

ഇപ്പോൾ വോളിബോൾ കളിക്കുന്നു. ഫ്രണ്ട്സിനെ കൂട്ടി പ്രാക്ടീസ് തുടങ്ങി. എൻ.എസ്.എസ്. വളണ്ടിയറാണ്. ഒരുപാട് പരിപാടികൾക്ക് പങ്കെടുക്കുന്നു. അടുത്തവർഷം ബാസ്കറ്റ് ബാൾ ടീമിൽ കേറണം.

ജാഗൃതി യാത്രയ്ക്ക് പോവാൻ പറ്റി. പതിനഞ്ചു ദിവസം. 'Build India through entrepreneurship' എന്നതാണ് അവരുടെ മുദ്രാവാക്യം. 15 ഓളം റോൾ മോഡലുകളാക്കാൻ പറ്റിയ, പല തരം മാറ്റങ്ങൾ സമൂഹത്തിൽ വരുത്താൻ കഴിഞ്ഞവരെ കണ്ടു. ഒരാൾ മാറ്റമുണ്ടാക്കിയാൽ മാറും എന്നു മനസ്സിലായി. 28 രാജ്യങ്ങളിൽ നിന്നു വന്ന നാനൂറ്റമ്പതോളം ആളുകൾ കൂടെയുണ്ടായിരുന്നു. എണ്ണായിരം കിലോമീറ്റർ യാത്ര ചെയ്തു. എന്റെ കേരളത്തിന്റെ പുറത്തേക്കുള്ള ആദ്യത്തെ യാത്രയായിരുന്നു അത്. പന്ത്രണ്ട് സ്റ്റേറ്റുകളിൽ പോയി, ഇംഗ്ലീഷിൽ സംസാരിച്ചു. ഇന്ത്യയെന്താണെന്ന് കാണാൻ പറ്റി, പഠിച്ചു. ഒരുപാടു പേരെ പരിചയപ്പെട്ടു.

കുടുംബത്തിൽ ഞാനാണ് തലതിരിഞ്ഞത്. സഹോദരിമാരൊക്കെ അനുസരണയോടും അച്ചടക്കത്തോടും വളർന്നതാണ്, പാവങ്ങളാണ്. എന്നാലും രസമുണ്ട് – ഒരു കാലത്ത് എല്ലാവരും എന്നെ അറിഞ്ഞിരുന്നത് അച്ഛന്റെ പേരിലാണ്. ഇപ്പോൾ എന്റെ അച്ഛനായി അദ്ദേഹം അറിയപ്പെടുന്ന സ്ഥലങ്ങളും ഉണ്ട്!





ഡോ.ജാൻസി ജോസ്

# വാസ്തവം

തെറ്റിന് സ്ത്രീ പുരുഷഭേദമില്ല. ജാതിക്കോ മതത്തിനോ ദേശത്തിനോ ആ ഭേദം കല്പിക്കാനാവില്ല. പക്ഷേ നമ്മുടെ രാജ്യത്ത് എന്തൊക്കെ അനീതികളാണ് ഈ പറഞ്ഞവയുടെ പേരിലൊക്കെ നടക്കുന്നത്? മനുഷ്യൻ സൃഷ്ടിച്ച ദൈവങ്ങളും ദൈവം സൃഷ്ടിച്ച മനുഷ്യജാതികളും പരസ്പരം ചെളിവാരിയെറിയുന്നു. ദൈവത്തെ സംരക്ഷിക്കാൻ നിർമ്മിതമായ മതങ്ങൾ തമ്മിലടിക്കുന്നു. മതങ്ങളിൽ പെൺജാതിക്കും മറ്റു താഴ്ന്നജാതികൾക്കും എന്തെല്ലാം അവഗണനയാണ് അനുഭവിക്കേണ്ടി വരുന്നത്? മനുഷ്യൻ തന്നെ ദൈവമാകുന്നയിടത്താണ് ഈ അനീതികൾ ശക്തമായി നിലനില്ക്കുന്നത്.

ലക്ഷ്മിനായരെ പെണ്ണായി കണ്ടുകൊണ്ട് അവഹേളിക്കാനും താറടിക്കാനും മുന്നോട്ടു വരുന്ന ആളുകൾ ഇനിയും ഇരുളടഞ്ഞ നൂറ്റാണ്ടിലാണ് ജീവിക്കുന്നത്. ഞാനാവർത്തിക്കട്ടെ; തെറ്റിന് ന്യായീകരണില്ല, പക്ഷഭേദവും. തെറ്റിനു ശിക്ഷിക്കുന്നതിനു പകരം കുലം മുടിച്ചേ അടങ്ങൂ എന്ന വാശിയിൽ ഒതുങ്ങിപ്പുറപ്പെട്ട ചിലരെ കണ്ട് പറഞ്ഞു പോയതാണ്.

നമ്മുടെ എല്ലാ മേഖലകളിലും ഫാഷിസം കൈയടക്കിക്കഴിഞ്ഞു എന്നു പറയുന്നതിൽ എന്തുതെറ്റാണുള്ളത്. ഫാഷിസത്തെ എതിർക്കുന്നവരെല്ലാം പിന്നിലൂടെ കൈകോർത്തുപിടിക്കുന്നില്ലേ എന്ന് ഈയുള്ളവൾക്ക് സംശയം തോന്നിത്തുടങ്ങിയിരിക്കുന്നു. അതുകൊണ്ടായിരിക്കണമല്ലോ നമ്മുടെ വിപ്ലവവീര്യമൊക്കെ തണുത്താറിപ്പോകുന്നത്. അധിനിവേശ വാഴ്ചകളെ എതിർക്കുന്ന നാം ജീവിക്കാൻ അവരുടെ നാട്ടിൽ പോയി സന്ധിചെയ്യുന്നു.

നമ്മുടെ മണ്ണിനും അധ്വാനത്തിനും വില കൊടുക്കുകയും അധ്വാനഫലത്തിന് മൂല്യം വർദ്ധിപ്പിക്കുകയും ചെയ്താലേ നമ്മുടെ നാടുനന്നാകൂ. പണമുള്ളവരെ ബഹുമാനിക്കുന്ന ഒരു നാടാവരുത് ഇത്. അദ്ധ്വാനിക്കുന്നവരെ ബഹുമാനിക്കുന്ന നാടാവണം. പഴയനാട്ടുരാജ്യങ്ങളുടെ കഥയാണ് ഇന്ന് രാജ്യത്തെ സംസ്ഥാനങ്ങൾക്ക്. പരസ്പരം അടിച്ചും കലഹിച്ചും അടിമത്തം ഏറ്റുവാങ്ങും നമ്മൾ. കേരളം സ്വയം പര്യാപ്തതിയിലേക്ക് നീങ്ങേണ്ട സമയമായി. കേന്ദ്രത്തിലേക്ക് അരിക്കും മണ്ണെണ്ണയും മരുന്നിനുമൊക്കെ യാചിച്ചു നിൽകുന്ന സമ്പ്രദായം മാറണം. ആണ്ടുകൾക്കു മുമ്പു പറഞ്ഞ അതേ കാര്യം  ഇന്നു പറഞ്ഞു തുടങ്ങേണ്ടിയിരിക്കുന്നു. "ഭൂമാഫിയ കൈയടക്കിയ ഭൂമി കർഷകന് തിരിച്ചുകൊടുക്കുക എന്നത്. കേരളപരിസരത്തിന് യോജിക്കുന്ന വീടുകളും വാഹനങ്ങളും ആഡംബരങ്ങളും ഭക്ഷണവും, എല്ലാം സജ്ജമാക്കിയാൽ നമുക്കെളുപ്പമാകും സ്വയം പര്യാപ്തതയിലേക്ക് നടന്നടുക്കാൻ. രാഷ്ട്രീയക്കാർ ജനങ്ങൾക്ക് വേണ്ടി പ്രവർത്തിക്കട്ടെ. ഒരേ മനസ്സും ഒരേ ലക്ഷ്യവുമായി മുന്നോട്ടു പോകുന്ന ഒരു ജനതയെ വാർത്തെടുക്കുന്ന ഭരണകൂടം നമുക്ക് ആവശ്യമായി വന്നിരിക്കുന്നു.

## ചർച്ചാവിഷയം / അഭിമുഖം



റസീന നസീർ /ഷർമ്മിള ആർ.




# കാടിത് കണ്ടായോ...?

പെണ്ണും പ്രകൃതിയും - പരസ്പരം പൂരകങ്ങളായ രണ്ട് പദങ്ങൾ. ഒരു പുരുഷാധിപത്യവ്യവസ്ഥയ്ക്ക് കീഴിൽ രണ്ടും ചൂഷണത്തിന് വിധേയമാവുന്നു. എത്ര അടിച്ചമർത്തിയാലും അതിജീവനത്തിന്റെ മാർഗ്ഗങ്ങൾ ഇവർ തിരഞ്ഞു കൊണ്ടേയിരിക്കും. പ്രകൃതിയെ അറിയാനും പ്രകൃതിയുമായി താദാത്മ്യം പ്രാപിക്കാനും സ്ത്രീക്കുള്ള പ്രത്യേക കഴിവ് എടുത്ത് പറയേണ്ടതാണ്. ഇങ്ങിനെ പ്രകൃതിയെ തന്റേതായ രീതിയിൽ പുനഃസൃഷ്ടിക്കാൻ അല്ലെങ്കിൽ തനിമയോട് കൂടി ആവാഹിക്കാനുള്ള കഴിവ് ചുരുക്കം ചിലരിലേ കാണാൻ കഴിയുകയുള്ളൂ.

കാടിനെയും കാട്ടുമൃഗങ്ങളെയും ക്യാമറക്കണ്ണിലാക്കിയ സ്ത്രീയാണ് റസീന നസീർ. സ്ത്രീകൾ അധികം കടന്നു ചെല്ലാത്ത വൈൽഡ് ലൈഫ് ഫോട്ടോഗ്രഫിയിലേക്ക് എത്തിപ്പെട്ടത് കേവലം യാദൃശ്ചികമായല്ലെന്ന് റസീന പറയുന്നു.

*റസീന, തികച്ചും വ്യത്യസ്തവും രസകരവുമായ ഈ മേഖലയിലെത്തിയതിനെ കുറിച്ചൊന്ന് പറയാമോ?*

അത് പറയാൻ തുടങ്ങിയാൽ ശരിക്കും കുട്ടിക്കാലത്തെക്കുറിച്ച് പറയേണ്ടി വരും. കണ്ണൂർ ജില്ലയിലെ കൂത്തുപറമ്പിനടുത്ത മമ്പറമാണ് എന്റെ സ്വദേശം. ഉപ്പ അബൂബക്കർ, ഉമ്മ കുഞ്ഞായി. എനിക്ക് മൂത്തവരായി ആറുപേർ. ബാപ്പക്ക് കുടകിൽ കച്ചവടമായിരുന്നു. സ്കൂൾ പൂട്ടുമ്പോൾ ഉമ്മയ്ക്കൊപ്പം കുടകിലേക്ക് പോവും. കാടും മലയും കടന്നുള്ള ആ യാത്രകളാണ് പ്രകൃതിയെ ഇങ്ങിനെ മനസ്സിൽ നിറയ്ക്കാൻ ആദ്യമായിട്ടെന്നെ പ്രേരിപ്പിച്ചത്.




*കുട്ടിക്കാലത്തേ കാടിനെ അടുത്തറിയാൻ പറ്റിയോ?*

അതേ. അതിനുള്ള ഭാഗ്യമുണ്ടായി. ബസ്സ് മാക്കൂട്ടത്തും കുട്ടയിലുമൊക്കെ എത്തുമ്പോഴേക്ക് എനിക്ക് പിന്നെ ഇരിക്കപ്പൊറുതിയില്ലാതാവും. ബസ്സിൽ എഴുന്നേറ്റ് നിന്ന് കാടിന്റെ ഓരോ ഫ്രെയിമും മനസ്സിലേക്കാവാഹിക്കും. വെള്ളച്ചാട്ടങ്ങളും മുളങ്കാടുകളും കുരങ്ങുകളും പക്ഷികളും എല്ലാം. ചുരം കയറുകയും ഇറങ്ങുകയും ചെയ്യുമ്പോഴുള്ള കാടിന്റെ വ്യത്യസ്ത ഭാവങ്ങൾ. എല്ലാം വല്ലാത്തൊരു ആവേശത്തോടെയാണ് ഞാൻ മനസ്സിൽ പതിച്ചുവെച്ചത്.

നാഗർഹോളെയിലെയും ഗോണിക്കുപ്പയിലെയും അസാമാന്യമായ പ്രകൃതി സൗന്ദര്യങ്ങൾ – വേനൽ മഴയിൽ കാട് തളിർത്തു കിടക്കുന്ന കാലത്താണ് മിക്കപ്പോഴും ഞാൻ ഇവിടെ എത്താറ്. കാപ്പിപ്പൂക്കൾ മണക്കുന്ന നനവാർന്ന കാട്ടുവഴികളിലൂടെ ബാപ്പയുടെ കൈയും പിടിച്ച് കാട് കണ്ടങ്ങിനെ നടക്കും. കുട്ടിക്കാലത്തെ ഏറ്റവും മാധുര്യമേറിയ ഓർമ്മയാണത്.

മൺസൂൺമഴ തിമിർത്താടുമ്പോഴേക്കും തിരികെ പോരാനുള്ള സമയമായിരിക്കും. ഉമ്മച്ചിക്കൊപ്പം വീണ്ടും നാട്ടിലേക്കുള്ള മടക്കം. പുറത്തെ മൺസൂൺ മഴയ്ക്കാണോ അകത്തെ സങ്കടമഴയ്ക്കാണോ കൂടുതൽ ശക്തിയെന്നറിയില്ല. മഴയിൽ



**എന്നെ ത്രസിപ്പിച്ച മറ്റൊരു ക്ലിക്ക് മൂന്നാറിലെ പശ്ചിമഘട്ടത്തിലായിരുന്നു. ഒരു വിരുന്നുപോലെ അവളെന്റെ ക്യാമറക്കണ്ണിലേക്ക് പറന്നു വന്നു. ഗ്രേ വാക്ക് ടെയ്ൽ അഥവാ വഴികുലുക്കി പക്ഷി. വടക്ക് ഹിമാലയത്തിൽ നിന്ന് സെപ്തംബറോടെ കേരളത്തിലെത്തി ഏപ്രിലിൽ മടങ്ങുന്ന ദേശാടനക്കാരി.**

കുളിർന്നു വിറച്ചു കിടക്കുന്ന ഓരോ കാട്ടുപാതയും കാടിന്റെ വിവിധഭാവങ്ങളും ഓരോ ഫ്രെയിമാക്കി മനസ്സിൽ സൂക്ഷിച്ചുവെക്കും.

*പിന്നീടെപ്പോഴാണ് ക്യാമറ ഉപയോഗിച്ച് തുടങ്ങിയത്?*

അക്കാലത്ത് എന്റെ മൂത്ത സഹോദരൻ ജലീൽ ഗൾഫിൽ ജോലി ചെയ്യുകയായിരുന്നു. ഇക്ക നാട്ടിൽ വന്നപ്പോൾ സോണിയുടെ ഒരു ഹാൻഡിക്യാം കൊണ്ടു വന്നു. ഒരു നിധി പോലെ കിട്ടിയ ആ ക്യാമറയുമായിട്ടായിരുന്നു എന്റെ അടുത്ത കുടക് യാത്ര.

നാട്ടിൽ വന്നാലും കുടകിനെ കാണാൻ വേണ്ടി, കഴിയാവുന്നത്ര ഫ്രെയിമുകൾ ഞാൻ ക്യാമറയിൽ നിറച്ചു. ഇതാണ് ആദ്യത്തെ ക്യാമറ അനുഭവം.

*കാട്ടുമൃഗങ്ങളോടൊത്തുള്ള ചങ്ങാത്തം ഇതിന്റെ ഭാഗമായി വന്നതാവും അല്ലെ?*

അതെ. പത്താംക്ലാസ്സ് കഴിഞ്ഞ് പയ്യന്നൂർ റസിഡൻഷ്യൽ പോളിടെക്നിക്കിൽ ചേർന്നു. നാഷണൽ സർവ്വീസ് സ്കീമിന്റെ പ്രവർത്തകയായതോടെ ആറളത്തും മറ്റും നടന്ന നേച്ചർ ക്യാമ്പുകളിൽ പങ്കെടുക്കാൻ അവസരം കിട്ടി. കാടിനെ അറിയാനും പഠിക്കാനും കിട്ടിയ അപൂർവ്വ അവസരങ്ങളായിരുന്നു അതൊക്കെ.

തുഷാരഗിരിയായിരുന്നു മറ്റൊരു ത്രസിപ്പിക്കുന്ന യാത്ര. നാലു വെള്ളച്ചാട്ടങ്ങൾ പ്രകൃതിയുടെ വിവിധ ഭാവങ്ങൾ. പ്രകൃതിദൃശ്യങ്ങളുടെ വശ്യതകൾക്കപ്പുറം ശലഭങ്ങളും പക്ഷികളും വിവിധ മൃഗങ്ങളും വൈവിധ്യമേറിയ കാഴ്ചകളായി ക്യാമറയിൽ പതിഞ്ഞത് ആ യാത്രകളിലാണ്.

*കുടുംബപശ്ചാത്തലം വിവരിക്കാമോ?*

1995ൽ ഡിപ്ലോമ കോഴ്സ് പൂർത്തിയാക്കിയ ശേഷം ഞാൻ ഒരുപാട് കാട് യാത്രകൾ നടത്തിയിരുന്നു. പുരോഗമനപരമായ ആശയങ്ങൾ വെച്ചുപുലർത്തിയിരുന്ന ഒരു കുടുംബമായിരുന്നു എന്റേത്.

എന്റെ ഹൃദയത്തിലെ അള്ള സമഭാവനയും സഹജീവികളോട് സ്നേഹവും പുലർത്തുന്ന ഒരു ഊർജ്ജപ്രവാഹമായിരുന്നു. അത് മനുഷ്യനിലും സകല ചരാചരങ്ങളിലും നിറഞ്ഞുകിടക്കുകയാണെന്ന് ഞാൻ വിശ്വസിച്ചു. ചില വിമർശനങ്ങൾ സമൂഹത്തിൽ നിന്നുണ്ടായി. 'ഓത്തും നിസ്ക്കാരവുമില്ലാതെ കാടു കയറി നടക്കുകയാണെന്ന്' മട്ടിൽ. ഞാനത് വകവെച്ചില്ല. ആയിടയ്ക്കാണ് മട്ടന്നൂർ പോളിടെക്നിക്കിൽ കരാർ അടിസ്ഥാനത്തിൽ അധ്യാപികയായി ജോലിക്ക് കയറിയത്. അതോടെ തൽക്കാലത്തേക്ക് രക്ഷപ്പെട്ടു.



പിന്നീട് മനസ്സാ

ഗ്രഹിച്ചപോലെ വില്ലേജ് എക്സ്റ്റൻഷൻ ഓഫീസ റായി ജോലി കിട്ടി. കണ്ണൂർ ജില്ലയിലെ കണ്ണവം റി സർവ് ഫോറസ്റ്റിനടുത്തുള്ള ചിറ്റാരിപറമ്പിലായിരു ന്നു ആദ്യ നിയമനം. കൊതിച്ചത് കാലിൽ ചുറ്റിയ തു പോലെയായിരുന്നു എന്റെ അവസ്ഥ.

വീണ്ടും മദം പിടിപ്പിക്കുന്ന കാട്, കാടിന്റെ സ്പ ന്ദനമറിഞ്ഞ് നിരവധി യാത്രകൾ. ഭർത്താവ് നാസി റാണ് ഈ യാത്രകളിൽ കൂട്ടായി കൂടെയെത്തുന്ന ത്.

ചിമ്മിനി, തോൽപ്പെട്ടി, ഇടുക്കി, വയനാട്, മു ത്തങ്ങ, മൂന്നാർ, ബന്ഡിപ്പൂർ, കബനി, നാഗർഹോ ളെ അങ്ങനെ നിരവധി സ്ഥലങ്ങൾ.

*വൈൽഡ് ലൈഫ് ഫോട്ടോഗ്രാഫർ എന്ന നില യിലുള്ള വേറിട്ട ഒരു ക്ലിക്കിനെക്കുറിച്ച് പറയാമോ?*

2012ൽ തോൽപ്പെട്ടിയിലേക്കുള്ള യാത്രയിലാണ ത് സംഭവിച്ചത്. ഓഫീസ് സുഹൃത്തുക്കൾക്കൊപ്പ മായിരുന്നു യാത്ര. കാടും റോഡും ഏകദേശം ഒന്നായ വഴി. ചാഞ്ഞും ചെരിഞ്ഞും വളവുകളിലൂ ടെ തെന്നിതെന്നി നീങ്ങുന്ന ജീപ്പ്. പെട്ടെന്നാണ് ഈറ്റക്കമ്പുകൾ വകഞ്ഞു മാറ്റി ഒരു കാട്ടുകൊമ്പൻ മുന്നിൽ പ്രത്യക്ഷപ്പെട്ടത്. വല്ലാത്തൊരാവേശത്തോ ടെ ക്യാമറയുമെടുത്ത് ഞാൻ ചാടിയിറങ്ങി. സുഹൃ ത്തുക്കളുടെ തടസ്സമൊന്നും ചെവിയിൽ കയറിയില്ല. ഏകദേശം ഒരു നൂറുമീറ്റർ അടുത്തു നിന്ന് വിസ്മ യിപ്പിക്കുന്ന ഭാവങ്ങളിൽ കൊമ്പൻ എനിക്കായി പോസ് ചെയ്തു. 24/105 ലെൻസ് എത്ര വട്ടം കൺ ചിമ്മി തുറന്നു വെന്ന് നിശ്ചയമില്ല.

എന്നെ ത്രസിപ്പിച്ച മറ്റൊരു ക്ലിക്ക് മൂന്നാറിലെ പ ശ്ചിമഘട്ടത്തിലായിരുന്നു. ഒരു വിരുന്നുപോലെ അ വളെന്റെ ക്യാമറക്കണ്ണിലേക്ക് പറന്നു വന്നു. ഗ്രേ വാക്ക് ടെയ്ൽ അഥവാ വഴികുലുക്കി പക്ഷി. വടക്ക് ഹിമാലയത്തിൽ നിന്ന് സെപ്തംബറോടെ കേരള ത്തിലെത്തി ഏപ്രിലിൽ മടങ്ങുന്ന ദേശാടനക്കാരി. ചാരനിറത്തിലുള്ള പുറവും പച്ചഛായയുള്ള മഞ്ഞ ശ്രേണിയും വാലിൽ നടുക്കുള്ള ആറു തൂവലുകൾ മാത്രം കറുപ്പും മറ്റുള്ളവ വെളുപ്പും. ഇതാണവളെ തിരിച്ചറിയാനുള്ള അടയാളം. ഒരു വൈൽഡ് ലൈ ഫ് ഫോട്ടോഗ്രാഫർ എന്ന നിലയിൽ ഏറ്റവും കൂടു തൽ സ്വീകാര്യത കിട്ടിയതും ഈ ചിത്രത്തിനു ത ന്നെ.

*പ്രദർശനങ്ങൾ നടത്താറില്ലേ?*

ഫോറസ്റ്റ് ഡിപ്പാർട്ട്മെന്റിന്റെ നേതൃത്വത്തിൽ ഇന്നെന്റെ ചിത്രങ്ങൾ സംസ്ഥാനത്തിന്റെ വിവിധ ഭാ ഗങ്ങളിൽ പ്രദർശിപ്പിക്കുന്നുണ്ട്. പുതിയ തലമുറയ് ക്ക് കാടിനോടും വന്യജീവികളോടും കരുണയും സഹാനുഭൂതിയും ഉണ്ടാക്കുകയാണ് ലക്ഷ്യം. തി രുനെല്ലിയിലെ കത്തിയ കാടും ബന്ഡിപ്പൂരിൽ ക ത്തിച്ചാമ്പലായ, ചാരം മണക്കുന്ന ആനയുടെ ചി ത്രവുമൊക്കെ അടുത്തകാലത്ത് ഏറെ ചർച്ചചെയ്യ പ്പെട്ടിരുന്നു.

കണ്ണൂരിലെ മുണ്ടേരിക്കടവും, എറണാകുളത്തെ കടമക്കുടിയും പ്രഖ്യാപനം കാക്കുന്ന രണ്ട് പക്ഷി സങ്കേതങ്ങളാണ്. പ്രകൃതിയെ നശിപ്പിച്ചാൽ ഈ സമ്പത്തെല്ലാം ഇല്ലാതായിത്തീരും. അ തുണ്ടാവരുത്.

*സ്വന്തം കാലിൽ നിൽക്കാൻ നമ്മുടെ പു തുതലമുറയിലെ കുട്ടികൾക്ക് ഒരു സന്ദേശം നൽകുകയാണ് റസീനയുടെ ജീവിതം. ശ രിയല്ലേ?*

നാം എന്തായി തീരണമെന്ന അന്തിമവിധി നമ്മുടേതാണ്. സമുദായവും സമൂഹവും വ്യ ക്തികളെ പലപ്പോഴും ചങ്ങലക്കിടാൻ ശ്രമി ക്കും. പക്ഷേ അതിനെ അതിജീവിക്കണം. ഒ രു പെണ്ണ് വന്യജീവി ഫോട്ടോഗ്രാഫറായാൽ ഇവിടെ ആകാശമൊന്നും ഇടിഞ്ഞ് വീഴില്ല. അമ്മയുടെ മടിത്തട്ടു പോലെ അഭയസ്ഥാന മാണ് പ്രകൃതി. ഈ അവബോധം കുട്ടിക ളിൽ സൃഷ്ടിക്കാനുള്ള പരിശ്രമമാണ് എന്റെ ദൗത്യം. സ്കൂളുകൾ തോറും ഞാൻ കയറി യിറങ്ങുന്നു. വലിയ സ്വപ്നങ്ങൾക്ക് കാലം അർത്ഥം പകർന്നു തരും എന്നു തന്നെയാണ് എന്റെ വിശ്വാസം.



**ചർച്ചാവിഷയം / അഭിമുഖം**



**ആതിര/ നജില**



# പരിതികളില്ലാത്ത ജീവിതാവിഷ്കാരങ്ങൾ

*നമ്മൾക്കു തുടക്കത്തീന്നങ്ങ് തുടങ്ങാം?*

തുടക്കം എന്ന് പറയുന്നത്, എനിക്ക് അമ്മ ചോറൊക്കെ വാരി തന്നത് ലോറിയിൽ വച്ചായിരുന്നു. ഞാൻ അച്ഛന്റെ കൂടെ പണ്ട് തൊട്ടേ വണ്ടിയിലൊക്കെ കയറി പോകുമായിരുന്നു, അതൊക്കെ ഇഷ്ടമായിരുന്നു. ഒരു പന്ത്രണ്ട് വയസ്സ് തൊട്ട് 'Max100' എന്ന് പറഞ്ഞിട്ട് അച്ഛന്റെ വണ്ടി ഓടിക്കുമായിരുന്നു. അതിൽ 'ളാക്കാട്ടൂര്' 'കൂരോപ്പട' പോലെയുള്ള നമ്മടെ ഗ്രാമ പ്രദേശത്തൂടെ നടക്കുമായിരുന്നു. അന്ന് അത്രത്തോളം വണ്ടികളൊന്നുമില്ലായിരുന്നു, അതുകൊണ്ട് നമ്മൾക്കു അത്രേം സേഫായിരുന്നു, ചെറിയ ചെറിയ റോഡുകൾ, അതുകൊണ്ട് പഠിക്കാനുമെളുപ്പമായിരുന്നു. പഠിക്കാൻ പ്രധാന കാരണം, അച്ഛയ്ക്കു ക്വാറിയിൽ പണിതേന്റെ പൈസ വാങ്ങാൻ കൂട്ടുകാരുടെ അടുത്ത് ഞാനാ പൊയ്ക്കോണ്ടിരുന്നത്. ആദ്യമൊക്കെ സൈക്കിളിലിലായിരുന്നു, പിന്നെ ദൂരം കൂടും തോറും അച്ഛൻ തന്നെ എന്നെ ബൈക്ക് കൂടി പഠിപ്പിച്ചു, വീട്ടിൽ ഞങ്ങൾ രണ്ട് പെൺപ്പിള്ളേരായിരുന്നു, ആൺകുട്ടികളില്ല എന്ന ചിന്ത ആൾക്കു തോന്നരുത്.

അതുകൊണ്ട് മാക്സിമം ഹെൽപ് ചെയ്തു. ഒൻപതാം ക്ലാസ്സിലായപ്പോൾ തറവാട്ടിലൊരു ജീപ്പുണ്ടായിരുന്നു, അതിൽ സൈറ്റുകളിലേക്ക് സിമന്റും, കട്ടയുമൊക്കെ ഇറക്കുമായിരുന്നു. പത്താം ക്ലാസ്സിൽ ഞാനാദ്യമായി ലോറി ഓടിച്ചു. രാവിലെ ക്വാറിയിൽ 'ടേൺ' പിടിക്കാൻ വേണ്ടി കൊണ്ടു പോയി ഇടുന്നത് ഞാനായിരുന്നു. അങ്ങനെ അച്ഛന്റെ കൂട്ടുകാരൊക്കെ വണ്ടി തരാൻ തുടങ്ങി, ബസ്സൊക്കെ.

ഈ ദു:ഖ വെള്ളിയാഴ്ച്ചയൊക്കെ അവധിയാണല്ലോ അപ്പോളൊക്കെ ഞാനോടിക്കും. അങ്ങനെയാണ് തുടങ്ങിയത്. ആദ്യമൊക്കെ ഗ്രാമ പ്രദേശങ്ങളിലൂടെയൊക്കെ ഓടിച്ചു. പിന്നെ ലൈസൻസായി കഴിഞ്ഞാണ് ലോങ്ങൊക്കെ പോകാൻ തുടങ്ങിയത്.

പതിനെട്ടായപ്പോൾ തന്നെ ടൂവീലർ ,ഓട്ടോ, ഫോർ വീലർ എന്നിവയുടെയൊക്കെ ലൈസൻസ് എടുത്തു.

ഇരുപത് ആയപ്പോൾ ലോറി, ബസ്സ്, ജെ.സി.ബി, പിന്നെ ബാഡ്ജും കൂടിയെടുത്തു.  അതു കഴിഞ്ഞാണ് റേസിങ്ങ് ഫീൾഡിലോട്ട് കടക്കുന്നത്. സാഹസീയത ഭയങ്കര ഇഷ്ടമായിരുന്നു. പക്ഷേ

പ്രതിസന്ധി എന്തെന്നാൽ, നമ്മൾക്കൊക്കെ കുടുംബത്തിൽ നിന്നോ അല്ലാതെയോ ഗൈഡ് ചെയ്യാൻ ആരുമില്ല എന്നതായിരുന്നു.

അങ്ങനെ ഇരിക്കുമ്പോളാണ് ടി.വിയ്ക്കു അകത്തു വാഗമണ്ണിൽ നടക്കുന്ന ഒരു ഓഫ് റോഡിങ്ങിന്റെ പരിപാടിയിൽ നിന്നും കുര്യൻ കളരിക്കൽ ആന്റ് സാം കുര്യൻ കളരിക്കൽ എന്ന പേര് സ്ട്രൈക്ക് ചെയ്യുന്നത്. ശേഷം പേര് വച്ച് അവരെ ഫെയ്സ്ബുക്ക് വഴി കോൺടാക്ട് ചെയ്തു. ആ സമയത്താണ് ഇന്ത്യയിലെ രണ്ടാമത്തെ വലിയ ഓഫ് റോഡ് ട്രെയിനിംഗ് അക്കാഡമി വെള്ളൂരിൽ സ്ടാർട് ചെയ്യുന്നത്. അവിടെ പോയി അവരെ കണ്ടു. അവരുടെ ജിപ്സി ഓടിച്ചു. അന്നവരു പറഞ്ഞു തന്ന ഓഫ് റോഡിങ്ങിന്റെ ടിപ്സാണ് ഇപ്പോളും ഫോളോ ചെയ്യുന്നത്.

ഒരുപാട് സമ്മാനങ്ങൾ കിട്ടി. കൂടാതെ കാർ റേസിങ്ങിനു ആണേലും ഡോ. വിക്കു ബാബു, ഒരു റാലി ചാമ്പ്യനാണ്. അദ്ദേഹത്തിൽ നിന്നും പഠിക്കാനായി.



പിന്നെ ഞാൻ ഡിഗ്രി ചെയ്തതു ചേർപ്പുങ്കൽ ബി.ബി ഹോളി ക്രോസ് കോളേജിലാണ്. ലൈസൻസ് കിട്ടിയതിനു ശേഷം ഞാൻ നാട്ടിൽ കൂടെയുള്ള ബസ്സൊക്കെ ഡ്രൈവ് ചെയ്യുമാരുന്നു. 'ലക്ഷ്മി' എന്ന അച്ഛന്റെ കൂട്ടുകാരന്റെ വണ്ടി ഞാൻ ഒരു ദിവസം കോട്ടയത്ത് കൊണ്ടു പോയി ഇടുന്നത് കോളേജ് വഴിയുള്ള ബസ്സിന്റെ ഡ്രൈവർ കണ്ടു. പിന്നെ കോളേജിൽ പോകുന്ന വഴി ആ ഡ്രൈവർ നമ്മളെ പ്രൊവോക്ക് ചെയ്യുന്ന രീതിയിൽ സംസാരിക്കാൻ തുടങ്ങി. അവസാനം ഞാൻ ബസ്സ് ഓടിക്കാമെന്നു പറഞ്ഞു, അന്നാൽ ഓടിച്ചോളാൻ ആ ഡ്രൈവർ പറഞ്ഞു. അദ്ദേഹം ഹാൻഡ് ബ്രേക്കിട്ടിറങ്ങി. ഞാൻ കൂളായി അങ്ങ് കോളേജ് വരെയോടിച്ചു. കോളേജ് യൂണിഫോം ഇട്ടാണ് ഓടിച്ചത്, എന്നാ കണ്ടാലൊരു ലൈസൻസ് ഹോൾഡറാണെന്നു പറയത്തുമില്ല. പക്ഷേ പ്രശ്നം പറ്റിയത് എന്താന്നാൽ ഒരാൾ ഋഷിരാജ് സിംഗിനു മെസ്സേജ് അയച്ചു 'ലൈസൻസ് ഇല്ലാത്ത ഒരു കുട്ടി വണ്ടി ഓടിച്ചു' എന്നൊക്കെ പറഞ്ഞു. പിറ്റേന്നു വെഹിക്കിൾ ഇൻസ്പെക്ടർ തപ്പി കോളേജിൽ വന്നു. പക്ഷേ ഡീറ്റെയിൽസ് എടുത്തോണ്ട് പോയത് മറ്റൊരു കുട്ടിയുടെ. അതും കഴിഞ്ഞ് എന്റെയടുത്ത് വന്നു. ഞാൻ ലൈസൻസ് നമ്പറൊക്കെ വച്ച് ഇന്നയിടം തൊട്ട് ഇവിടം വരെയാണ് ഓടിച്ചത് എന്നിവയടക്കം ഒരു കത്ത് എഴുതി കൊടുത്തു.

പക്ഷേ അടുത്ത ദിവസം കോട്ടയത്തെ ഒരു പ്രധാന പത്രത്തിൽ വന്നത്

'മിടുക്ക് റോഡിൽ വേണ്ട',

ലൈസൻസ് ഇല്ലാത്ത കോളേജ് വിദ്യാർത്ഥിനി ബസ്സോടിച്ചു എന്നും പറഞ്ഞാണ് ന്യൂസൊക്കെ വന്നത്. അതായത് രണ്ടും കൂടി ബന്ധിപ്പിച്ചു ഒരു വാർത്തയാക്കി പ്രസിദ്ധീകരിച്ചു. എന്റെ റോളെന്താന്നു വച്ചാൽ, ഹെവി ലൈസൻസില്ലാത്ത ആ കുട്ടി ബസ്സോടിച്ചു. അന്നിട്ട് ഒരു ലക്ഷം രൂപ ഞാൻ വാങ്ങി, ബസ്സോടിച്ചത് ഞാനാണെന്നു പറയുകയായിരുന്നെന്ന് എഴുതി.

അതിനിടയ്ക്കു വെഹിക്കിളൊക്കെ തപ്പി വന്നതറിഞ്ഞ പ്രിൻസിപ്പാൾ അച്ചൻ എന്റെ വീട്ടിൽ നിന്നും വിളിപ്പിച്ചു. പ്രിൻസിപ്പളച്ചൻ ഒരു കൺജസ്റ്റട് മനസ്സുള്ളയാളാണ്, പെൺപിള്ളേരെല്ലാം അടങ്ങി, ഒതുങ്ങി ഇരിക്കണമെന്ന ചിന്തയുള്ള ആൾ.

അച്ഛൻ വന്നപ്പോളേ പറഞ്ഞത്, തന്റെ മോളേ ഇനിയിവിടെ പഠിപ്പിക്കുകയില്ല എന്നാണ്. അപ്പോളാണേൽ ഏകദേശം ഏകദേശം മൂന്ന് മാസം കൂടിയേയുള്ളു ക്ലാസ്സ് തീരാൻ. പ്രിൻസിപ്പൾ പറഞ്ഞ കാരണം എന്തെന്നാൽ, ' എന്റെ കോളേജിൽ വെഹിക്കിൾ ഇൻസ്പെക്ടർ കയറി ' എന്നാണ്. അവസാനം നമ്മളെ ഇൻസൾട്ട് ചെയ്തു ചെയ്തു ഡിസ്മിസ്സൽ ഏഴ് ദിവസത്തെ സസ്പെൻഷനായി ഒതുക്കി.

പക്ഷേ ഏഴ് ദിവസം കഴിഞ്ഞ്, ആരുമറിയാതിരുന്ന ഞാൻ ഒരു സ്റ്റാറായി മാറി.

അധ്യാപകരും കൂട്ടുകാരുമൊക്കെ നമ്മൾക്കു സപ്പോർട്ടായിരുന്നു.

പതിയെ നമ്മൾ ഓഫ് റോഡിങ്ങിലേക്കു കടന്നു. സ്ത്രീകൾ നന്നേ കുറവാണ് ഈ മേഖലയിൽ, പ്രത്യേകിച്ചു കേരളത്തിൽ നിന്നും.

ആയിടയ്ക്കാണു മെക്കാനിക്കൽ പഠിക്കാനുള്ള ആഗ്രഹം തോന്നിയത്. ഡ്രൈവ് ചെയ്താൽ പോരല്ലോ, അതുകൊണ്ട് ഐ.വി എന്നു പറയുന്ന കോഴ്സിനു പോയി തിരുവനന്തപുരത്ത് ചേർന്നു.

2014ൽ മഹീന്ദ്ര നടത്തിയ ഒരു റേസ് വന്നു, വണ്ടി ഇല്ലായിരുന്ന കൊണ്ട് സെലക്ഷൻ കിട്ടിയില്ല.

2015ൽ നമ്മുടെ ഒരു ഫ്രണ്ടിന്റെ സുഹൃത്ത് 'മഹീന്ദ്ര താർ' റേസിങ്ങിനു വേണ്ടി തന്നു. അതിലിറങ്ങി 2016ൽ നാഷണൽ ലെവൽ ലേഡി ക്ലാസ്സ് റിങ്ങറാകാൻ കഴിഞ്ഞു. പിന്നെ ഓട്ടോ ക്രോസിനു ബാംഗ്ലൂരിൽ പോയി കാർ റേസിങ്ങിൽ പ്രയിസ് വാങ്ങി. അതൊക്കെയാണ് പുറത്ത് ചെയ്തതു. അധികം വെളിയിൽ പോയി ചെയ്തിട്ടില്ല, കാരണം സ്പോൺസർഷിപ്പ് വലിയ ഒരു പ്രശ്നമാണ്. പിന്നെ അമ്പത്താറാമത് കേരള കലോത്സവത്തിൽ വലിയ ഒരു പ്രോഗ്രാം തിരുവനന്തപുരത്ത് നടന്നിരുന്നു. അതിന്റെ ഫ്രണ്ടിൽ ബുള്ളറ്റിൽ ലെഡ് ചെയ്യാനവസരം കിട്ടിയത് എനിക്കായിരുന്നു. ബുള്ളറ്റ് സ്റ്റൻഡ് വീട്ടിൽ സമ്മതിക്കില്ല, അതുകൊണ്ട് ഞാൻ ചെറിയ ചെറിയ സുരക്ഷിതത്വമുള്ള അഭ്യാസങ്ങളെ ചെയ്തുള്ളൂ.

*വണ്ടിയോടുള്ള പ്രണയം തോന്നാൻ എന്തേലും ഇൻസിഡൻസ് ഉണ്ടായിട്ടുണ്ടോ?*

അങ്ങനെ പ്രത്യേകിച്ചു ഇൻസിഡൻസൊന്നുമില്ല.

*ഫാമിലി നല്ല സപ്പോർട്ടാണോ?*

അതേ, വീട്ടിൽ നല്ല സപ്പോർട്ടാണ്. അതില്ലാതെ നമ്മൾക്കൊന്നും എങ്ങുമെത്താനൊക്കില്ല.

*വേറിട്ട വഴികളിലൂടെയുള്ള ഈ യാത്ര, പ്രത്യേകിച്ചും ഒരു പെൺകുട്ടി ആകുമ്പോൾ, ഇന്നത്തെ സമൂഹത്തിൽ നിന്നും ഏതേലും തരത്തിലുള്ള പ്രതിസന്ധികൾ നേരിടേണ്ടി വന്നിട്ടുണ്ടോ?*

ഞാൻ ഒരു ഗ്രാമത്തിൽ വളർന്ന കൊച്ചാണ്. എനിക്കന്ന് മോഡേൺ ആയിട്ടുള്ള രീതികളൊന്നും പരിചയമേയില്ലായിരുന്നു. ഈ മെട്രോപൊളിറ്റൻ സിറ്റികളിലൊക്കെ വളർന്നവർക്കു കുറേകൂടി അവസരങ്ങൾ ലഭിക്കാറുണ്ട്. ഞാൻ വളരെ ലിമിറ്റഡ് സിറ്റ്വേഷൻസിൽ നിന്നാണ് കയറി വന്നതു. അതിൽ ഞാൻ ഒരുപാട് അഭിമാനിക്കുന്നുമുണ്ട്. നമ്മളീ വണ്ടീലൊക്കെ നടക്കുമ്പോൾ നാട്ടിലൊന്നും ഒരു വിലയുമില്ല, വെളിയിലോട്ടു പോകുമ്പോളാണ് നമ്മൾ ആരാണെന്നൊക്കെ അറിയുന്നത്. നമ്മൾക്കു കൂടുതലും ആൺകുട്ടുകാരാണ്. എല്ലാവരും 'എടാ' എന്നാണ് വിളിക്കുന്നത്, ഗേൾ ഫ്രണ്ട്സാണേലും ഞാനവരെയും, അവരെന്നെയും 'എടാ' എന്നാ വിളിക്കുന്നത്.

പിന്നെ കുടുംബത്തിനു എന്റെ റേഞ്ചറിയാം, അവർക്കും നല്ല വിശ്വാസമുണ്ട്. നാട്ടുകാർ എന്തു പറയുന്നു എന്ന് വീട്ടുകാർ നോക്കുന്നില്ല. നാട്ടുകാരെ നോക്കിയിരുന്നാൽ നമ്മൾക്കു ജീവിക്കാനൊക്കില്ല. നമ്മളുടെ ജീവിതം എങ്ങനാ ജീവിക്കേണ്ടത് എന്ന് നമ്മളാണ് തീരുമാനിക്കുന്നത്, മറ്റുള്ളവരല്ല.

കുടുംബത്തിലെ കുറച്ച് അംഗങ്ങൾ ഇതിനോടൊക്കെ എതിർപ്പുള്ളവരായിരുന്നു. പെൺകുട്ടികളെ ഇങ്ങനെ വിട്ടാൽ ചെക്കൻമാരെ കിട്ടില്ല എന്നൊക്കെ പറഞ്ഞു, പക്ഷേ അവരും നമ്മളുടെ അച്ചീവ്മെന്റ്സൊക്കെ കണ്ടപ്പോൾ സപ്പോർട്ടായി.

*ശരിക്കും റേസിങ്ങാണോ, ട്രാവലിങ്ങാണോ, അതോ വണ്ടികളോടുള്ള താത്പര്യമാണോ ഇങ്ങനെയൊരു ജീവിതത്തിനു പ്രേരിപ്പിച്ചത്?*

എനിക്ക് എല്ലാം ഇഷ്ടമാണ്. നമ്മൾ ബുള്ളറ്റിൽ കുറച്ചാളുകൾ കൂടി സ്ഥലങ്ങൾ കാണാൻ പോകാറുണ്ട്. ഇതാണ് സാധാരണ സംഭവിക്കുന്നത്. കഴിഞ്ഞ ഇരുപത്തി ഒൻപതാം തീയതി ഞങ്ങൾ ലേഡീസ് കുറച്ചു ഡ്രൈവർമാരെല്ലാം കൂടി പുനലൂർ റോസ് മല എന്ന സ്ഥലത്തു പോയി. അത് വളരെ സാഹസീകമായ ഒരു ട്രിപ്പായിരുന്നു. ഏകദേശം പത്ത് കിലോമീറ്റർ വഴിയില്ലാത്തിടത്തൂടെ വെള്ളത്തിലൂടെയുമൊക്കെ ബുള്ളറ്റ് ഓടിച്ചു. അതൊരു മറക്കാൻ പറ്റാത്ത അനുഭവമായിരുന്നു. ഇനിയും ഒരുപാട് പോകേണ്ടതുണ്ട്.

ഇപ്പോൾ എന്റെ എൻഗേജ്മെന്റ് കഴിഞ്ഞിരിക്കുകയാണ്. ആൾ റൈഡറല്ല. പക്ഷേ എന്നെ നല്ല പോലെ സപ്പോർട്ട് ചെയ്യുന്നുണ്ട്. അദ്ദേഹം റൈഡിനൊക്കെ ഞങ്ങൾക്കൊപ്പം കൂടാറുണ്ട്.

കോട്ടയം, തിരുവനന്തപുരം, ആലപ്പുഴ, എറണാകുളം, തൃശ്ശൂർ, അങ്ങനെ അഞ്ച് ജില്ലകളെ ഒരുമിച്ചു ചേർത്തൊരു 'ലേഡി റൈഡിംഗ് ടീം' തുടങ്ങിയിട്ടുണ്ട്. അതിന്റെ കാര്യങ്ങൾ ഞങ്ങളിതുവരെ പുറത്ത് വിട്ടിട്ടില്ല. ടീമിന്റെ പേര് 'ദീഭ്യൈ അിഴലഹലെ' എന്നാണ്. അതിനകത്ത് മോട്ടോർ ക്രോസോടിക്കുന്ന ലേഡീസുണ്ട്. അവരെ കൂടുതൽ ട്രയിൻ ചെയ്യിക്കുകയാണ് ഉദ്ദേശം. ഇനി സ്പോൺസേഴ്സിനെ കിട്ടിയിട്ടു ഒരു ഹിമാലയംകുളുമണാലി ട്രിപ്പ് പ്ലാൻ ചെയ്യുന്നുണ്ട്.

*ഇന്ത്യയിൽ, പ്രത്യേകിച്ച് കേരളത്തിൽ റേസിങ്ങിൽ സ്ത്രീകളുടെ പങ്കാളിത്തം നന്നേ കുറവാണോ?*

അ) അതേ. കഴിഞ്ഞ വർഷം മുംബൈയിൽ മഹീന്ദ്ര സംഘടിപ്പിച്ച ഒരു റേസിനു പോയപ്പോൾ അത്ഭുതമായിരുന്നു. കാരണം കേരളത്തിൽ നിന്നും ആദ്യമായിട്ടാണ് ഒരു സ്ത്രീ ആ മത്സരം വിജയിക്കുന്നത്. അന്ന് പല സംസ്ഥാനങ്ങളിൽ നിന്നായി ഏഴു സ്ത്രീകൾ മത്സരിക്കാൻ ഉണ്ടായിരുന്നു. എന്നാൽ കേരളത്തിൽ നിന്നും സ്ത്രീകളുടെ പ്രാതിനിധ്യം വളരെ കുറവാണ്. ഒരു

പക്ഷേ നമ്മുടെ നാട്ടിലെ ആളുകളുടെ ഇടുങ്ങിയ മാനസ്സികാവസ്ഥ ആയിരിക്കും അതിനു കാരണം. സ്വന്തമായി സമ്പാദിക്കുന്ന സ്ത്രീകൾ മാത്രമാണ് ഇപ്പോൾ ഈ മേഖലിലേക്കു വരുന്നത്. കുടുംബത്തിൽ നിന്നും പിന്തുണ ലഭിക്കാത്തതുകൊണ്ട് മാത്രം കഴിവുള്ള ഒരുപാടു സ്ത്രീകൾക്ക് മുന്നോട്ടു വരാൻ കഴിയാത്ത ഒരു മേഖലയാണ് റേസിങ്ങ്.

*ഈയൊരു സാഹചര്യം മാറും എന്നു വിശ്വാസമുണ്ടോ?*

തീർച്ചയായും വിശ്വസിക്കുന്നു. എല്ലാ മാതാപിതാക്കളും മക്കളുടെ കഴിവുകളും താൽപര്യങ്ങളും മനസ്സിലാക്കി അതിന് പിന്തുണ നൽകേണ്ടതുണ്ട്. അങ്ങനെ വരുമ്പോൾ തീർച്ചയായും ഇന്നത്തെ സാഹചര്യം മാറും. നമ്മുടെ അടുത്ത തലമുറയൊക്കെ ആവുമ്പോഴേക്കും ഒരുപാടു മാറ്റങ്ങൾ ഉണ്ടാകും എന്നും, അവർക്ക് ഒരുപാടു കാര്യങ്ങൾ ചെയ്യാൻ സാധിക്കും എന്നും ഞാൻ വിശ്വസിക്കുന്നു.

*ഈയൊരു മാറ്റത്തിലേക്കായി താങ്കളുടേതായ എന്തെങ്കിലും സംഭാവനകൾ നൽകിയിട്ടുണ്ടോ? അലെങ്കിൽ നൽകാൻ ഉദ്ദേശിക്കുന്നുവോ?*

ആൺകുട്ടികൾക്ക് മാത്രമുള്ളതല്ല റേസിങ്ങ്, അവരെപ്പോലെ തന്നെ പെൺകുട്ടികൾക്കും പറ്റുന്ന ഒന്നാണ് എന്ന് അവരെ ബോധ്യപ്പെടുത്തുവാനും അതുവഴി കൂടുതലായി ഈ മേഖലയിലേക്കു കൊണ്ടുവരുവാനും ഉള്ള മോട്ടിവേഷൻ ക്ലാസ്സുകൾ നടത്തുന്നുണ്ട്.

*എന്തുകൊണ്ടാണ് സ്ത്രീകൾ ഈ മേഖല തിരഞ്ഞെടുക്കാൻ മടിക്കുന്നത് എന്നാണ് താങ്കൾക്കു തോന്നുന്നത്?*

ചെറുപ്പം മുതലേ തുടങ്ങുന്ന വേർതിരിവുകളും മാറ്റമില്ലാത്ത മനോഭാവങ്ങളും, അത് വസ്ത്രത്തിൽ തുടങ്ങി ഒരു സ്ത്രീയുടെ താൽപര്യങ്ങളിലും ജോലിയിലും, എന്തിന് അവളുടെ ജീവിതം മുഴുവൻ നീളുന്നു. തുല്യത വളരെ പ്രധാനമാണ്. ഒരു സ്ത്രീ ആയതുകൊണ്ട് മാത്രം ഒരുപാടു പേർ തങ്ങളുടെ കഴിവുകളും ആഗ്രഹങ്ങളും മൂടി വയ്ക്കാനും മാറ്റി വയ്ക്കാനും നിർബന്ധിതരാവുന്നുണ്ട്. സ്ത്രീകൾ റേസിങ്ങിലേയ്ക്കു കടന്നുവരാൻ മടിക്കുന്നതിന്റെ ഒരു പ്രധാന കാരണം ഇതു തന്നെയാണ്. മറ്റേതു മേഖല പോലെയും ഡ്രൈവിംഗ് പുരുഷാധിപത്യ മേഖലയാണ്, സ്ത്രീകൾക്ക് ഇവിടെ സ്ഥാനമില്ല എന്നാണ് ഭൂരിഭാഗം ആളുകളുടെയും മനോഭാവം. അതുകൊണ്ടു തന്നെ കുടുംബത്തിൽ നിന്നുള്ള പിന്തുണ പല സ്ത്രീകൾക്കും ലഭിക്കാതെ പോകുന്നു. ബൈക്കും ബസ്സും ലോറിയുമൊക്കെ സ്ത്രീകൾക്കും ഓടിക്കാം എന്ന് നമ്മുടെ സ്ത്രീകളും അതുപോലെ തന്നെ സമൂഹവും മനസ്സിലാക്കേണ്ടതുണ്ട്. സ്ത്രീകൾ ഓടിക്കുന്ന ഓട്ടോയിലും ടാക്സിയിലും സഞ്ചരിക്കാൻ മടിക്കുന്നവരുമുണ്ട് നമ്മുടെ സമൂഹത്തിൽ. ഈ സാഹചര്യങ്ങളൊക്കെ മാറും എന്നു തന്നെയാണ് എന്റെ വിശ്വാസം.

*സ്ത്രീയുടെ സ്വപ്നങ്ങൾക്ക് അവളുടെ കുടുംബ ജീവിതം ഒരു തടസ്സമാണ് എന്ന് കരുതുന്നുണ്ടോ?*

തടസ്സമാവില്ല, ജീവിത പങ്കാളിയുടെ പിന്തുണ ഉണ്ടെങ്കിൽ. എന്റെ കല്ല്യാണ നിശ്ചയം കഴിഞ്ഞു, എന്റെ ആഗ്രഹങ്ങൾക്കു പിന്തുണ നൽകുന്ന ഒരു ജീവിത പങ്കാളിയെയാണ് എനിക്ക് കിട്ടിയത്. കാര്യങ്ങൾ ചെയ്യാനുള്ള പ്രാപ്തി ഉണ്ടെന്നുള്ള ആത്മവിശ്വാസം എനിക്കുണ്ട്, പിന്തുണ കൂടി ഉണ്ടെങ്കിൽ പ്രതിസന്ധികളെയൊക്കെ തരണം ചെയ്യാവുന്നതേയുള്ളൂ. എന്നെ സംബന്ധിച്ചിടത്തോളം അണഞ്ഞുപോകുന്ന ഒന്നല്ല റേസിങ്ങിനോടുള്ള കമ്പം. എല്ലാത്തിനും കൃത്യമായ പ്ലാനിങ്ങുണ്ട്, ഗർഭിണിയാവുന്ന സമയത്താണെങ്കിൽ പോലും എനിക്കു പകരം മുന്നിൽ നിൽക്കാൻ ഒരു പ്രതിനിധിയെ കണ്ടുപിടിക്കണം. പിന്നീട് ഒരു രണ്ടു വർഷം ഇടവേള വന്നാലും ഞാൻ തിരിച്ചു വരിക തന്നെ ചെയ്യും. അവസരങ്ങൾ ഒരിക്കലും അവസാനിക്കുന്നില്ലല്ലോ, അങ്ങനെ പതിയെ എന്റെ സ്വപ്നങ്ങളെയൊക്കെ തിരിച്ചു പിടിക്കുകയും ചെയ്യും. ഇതൊക്കെ നടക്കണമെങ്കിൽ കുടുംബത്തിൽ നിന്നുള്ള പിന്തുണയാണ് ഏറ്റവും പ്രധാനം.

*ഒരു ആണായിരുന്നെങ്കിൽ ഇതിലും അനായാസമായി താങ്കളുടെ ആഗ്രഹങ്ങളെ കീഴടക്കാമായിരുന്നു എന്ന് എപ്പോഴെങ്കിലും തോന്നിയിട്ടുണ്ടോ?*

പലപ്പോഴും തോന്നിയിട്ടുണ്ട്. പക്ഷേ ചില സുഹൃത്തുക്കളുടെയും കുടുംബത്തിന്റെയുമൊക്കെ പിന്തുണയും സ്വാധീനവും കാരണം കുറേയേറെ അങ്ങനെയുള്ള ചിന്തകളൊക്കെ മാറി. പുരുഷന്മാരെപ്പോലെ ഒരു നൈറ്റ് ഡ്രൈവും ബൈക്കിൽ ഒരു ദൂരയാത്രയുമൊക്കെ സ്വപ്നം കാണുന്ന ഒരുപാടു സ്ത്രീകളുണ്ട്. എന്നാൽ ഇതൊന്നും വെറും സ്വപ്നങ്ങൾ മാത്രമായി അവശേഷിപ്പിക്കരുത്, ഇതൊക്കെ സ്ത്രീകൾക്കും സാധിക്കും എന്നതിന്റെ ഉദാഹരണമാണ് സായാഹ്ന ഗ്രൂപ്പ് എന്ന പേരിൽ ഫേസ്ബുക്കിൽ ഞങ്ങൾ തുടങ്ങിയ ഗ്രൂപ്പിൽ വരുന്ന ഫോട്ടോസും അനുഭവങ്ങളും. ഞാൻ ഒരു സ്ത്രീ ആയതുകൊണ്ട് മാത്രമാണ് ഇത്രയേറെ പ്രസിദ്ധി ലഭിച്ചത്, അതൊരും പ്രയോജനം തന്നെയാണ്. എന്നാൽ സ്ത്രീകൾ കൂടുതലായി ഈ മേഖലയിലേയ്ക്കു കടന്നു വന്നാൽ, ഈ തുല്യതയില്ലായ്മ മാറ്റിയെടുത്താൽ പിന്നെ, ഞാനൊരു ആണായിരുന്നെങ്കിൽ എന്നു ചിന്തിക്കേണ്ട ആവശ്യം ഉണ്ടാവില്ലല്ലോ.

*രാത്രി യാത്രകളിലും റൈഡുകളിലും*

*ഒറ്റയ്ക്കാണ് എന്നതുകൊണ്ട് എന്തെങ്കിലും മോശം അനുഭവങ്ങൾ ഉണ്ടായിട്ടുണ്ടോ?*

റേസിനൊക്കെ പോകുമ്പോൾ എന്റെ കൂടെ അച്ഛനോ സഹോദരങ്ങളോ ഉണ്ടാകാറുണ്ട്. അതുകൊണ്ട് അങ്ങനെ മോശം അനുഭവങ്ങളൊന്നും എനിക്ക് ഉണ്ടായിട്ടില്ല. പക്ഷേ എന്റെ സുഹൃത്തുക്കളിൽ പലർക്കും സ്ത്രീകൾ മാത്രം ഉണ്ടാകാറുള്ള രാത്രി റൈഡുകളിൽ പലപ്പോഴും പുരുഷന്മാരുടെ ഭാഗത്തു നിന്നും മോശം പെരുമാറ്റം ഉണ്ടായിട്ടുണ്ട്. എന്നാൽ അവരൊക്കെ ആ സാഹചര്യങ്ങളെ വളരെ ബുദ്ധിപൂർവ്വം കൈകാര്യം ചെയ്തിട്ടുമുണ്ട്.

*റേസിനു പുറമേ റോഡും ഡ്രൈവിങ്ങുമായി ബന്ധപ്പെട്ട് എന്തെങ്കിലും കാര്യങ്ങൾ ചെയ്യാറുണ്ടോ?*

റേസിങ്ങ് 'ട്രാക്കിൽ' മാത്രമാണ്. മഹാത്മാ ഡ്രൈവിങ്ങ് സ്കൂളിൽ റോഡ് സേഫ്ടി അവയർനെസ്സ് ക്ലാസ്സ് എടുക്കുന്നുണ്ട്. അതോടൊപ്പം തിരുവനന്തപുരത്ത് അഞ്ച് കോളേജുകളിലും കോട്ടയത്ത് ബി.സി.എം. കോളേജിലും റോഡ് സേഫ്ടി ക്ലാസ്സുകൾ എടുത്തിരുന്നു.

*ചേച്ചി ഒരു സാധാരണ കുടുംബത്തിൽ ജനിച്ച് അസാധാരണമായൊരു നേട്ടം കൈവരിച്ചയാളാണ്. അങ്ങനെവരുമ്പോൾ വീട്ടുകാർക്കുവേണ്ടി സ്വന്തം ഇഷ്ടങ്ങൾ എന്തെങ്കിലും മാറ്റി വെച്ചിട്ടുണ്ടോ?* അവർക്കുവേണ്ടിയിട്ടായിരുന്നോ ബിസിഎ?

*ചെറുപ്പം മുതലുള്ള പാഷനായിരുന്നല്ലോ ഡ്രൈവിങ്. അങ്ങനെവരുമ്പോൾ ഡിഗ്രിക്കു എന്തുകൊണ്ട് ബിസിഎ?*

ഞാൻ ആക്ചലി പ്ലസ് ടു കമ്പ്യൂട്ടർ സയൻസ് ആയിരുന്നു. എന്റെ ആഗ്രഹം മെക്കാനിക്കൽ അല്ലെങ്കിൽ ഓട്ടോമൊബൈൽ എഞ്ചിനീയറിങ് എടുക്കാനായിരുന്നു. ഭാഗ്യമെന്ന് പറയട്ടെ ഞാൻ എൻട്രൻസ് എഴുതിയിട്ട് കിട്ടിയില്ല. മാർക്ക് കുറവായിരുന്നു. പിന്നെ നോക്കിയപ്പോ കോളേജിലൊന്നും സീറ്റ് കാണാത്തതു കൊണ്ട് നേരേപോയി മാനേജ്മെന്റിൽ കേറാം എന്നു വെച്ചു. അപ്പോൾ മാനേജ്മെന്റ് സീറ്റും തീർന്നു. അച്ഛൻ എന്നെ കേരളത്തിന് വെളിയിൽ വിടത്തില്ലെന്ന് പറഞ്ഞു. അപ്പോ പിന്നെ നോക്കിയപ്പോ ബിസിഎ ആണ് സെക്കൻഡ് ഓപ്ഷൻ വെച്ചിരുന്നത്. ബിസിഎയ്ക്ക് ചേർപ്പുങ്കല് കിട്ടി, അവിടെ കയറി.

*നമ്മള് വല്ലാണ്ടങ്ങു കാട് കേറിപ്പോയി. ബിസിഎ എന്ന് പറഞ്ഞപ്പോ വീട്ടുകാര് പറഞ്ഞിട്ടാണെന്ന് വിചാരിച്ചു.*

ഏയ്, ഇല്ലയില്ല.

കാരണം എനിക്കിച്ചിരി ഹാർഡ്വെയറൊക്കെ ഇഷ്ടമാണ്. കുറച്ച് നേരം കഴിഞ്ഞാണ് പ്രോഗ്രാമിങ് ആണെന്ന് മനസിലായത്. പിന്നെ എനിക്ക് നന്നായിട്ട് ചെയ്യാൻ പറ്റാത്തത് കൊണ്ട് അപ്പുറത്തും ഇപ്പുറത്തും നോക്കി കുറേ കുറേയെഴുതി. എങ്ങനെയൊക്കെയോ പത്തറുപതിനു മുകളിൽ പെർസെന്റേജ് കിട്ടി ജയിച്ച് പാസ്സായി ഇങ്ങനെയിരിക്കുകയാണ്. ഇനി പിജി ചെയ്യണം. പിജി പതുക്കെയേയുള്ളൂ. സമയമുണ്ടല്ലോ.

*ചേച്ചിക്ക് ഇപ്പോ എത്ര വയസ്സായി?.*

എനിക്ക് 23.

*അപ്പോ ഇനി?*

ഇനി എന്തേലുമൊക്കെ ബാക്കി പഠിക്കണം. സമയം ഇഷ്ടംപോലെ കിടക്കുവല്ലേ.

*ചേച്ചിക്ക് എപ്പോഴെങ്കിലും സ്ത്രീ ആയതിന്റെ പേരിൽ വല്ലതും ചെയ്യാൻ പറ്റാതെ പോയിട്ടുണ്ടോ?*

എന്നെക്കൊണ്ട് സ്ത്രീ ആയതുകൊണ്ട് ചെയ്യാൻ പറ്റുന്ന മൊത്തം കാര്യവും ഞാൻ ചെയ്തിട്ടുണ്ട്. തല്ലുകൊള്ളിത്തരമുള്ള ആൺപിള്ളേരേക്കാളും ഞാൻ ചെയ്തിട്ടുണ്ട്. എനിക്ക് വിഷമം തോന്നിയിട്ടുള്ളത് ഞാനിങ്ങനെ ഒരുപക്ഷേ ആകാൻ കാരണം തന്നെ എന്റെ അച്ഛന്റെ ഫാമിലിയിൽ എല്ലാം ആൺപിള്ളേരായതു കൊണ്ടാകാം. അപ്പോ വീട്ടില് അച്ഛക്കു ഞാൻ ഉണ്ടായപ്പോ രണ്ടാമത്തേത് പെൺകൊച്ചാണെന്ന് അറിഞ്ഞപ്പോ തന്നെ വീട്ടിലെ വല്ല്യച്ചന്മാരും ഒരു മൂത്ത ചേട്ടനുമൊക്കെ

'ഉയ്യോ!

രണ്ടാമത്തെ ആൺകൊച്ചാന്നാ വിചാരിച്ചേ.

പെൺകൊച്ചാ..'

എന്നുള്ളൊരു പറച്ചിലാണ്. അപ്പോൾ അനിയത്തി ഉണ്ടായപ്പോഴും ഞാനിതാണ് കേൾക്കുന്നത്. ആൺപിള്ളേരാണ് സപ്പോർട്ട്, ആൺപിള്ളേരാണ് ഏതാണ്ട് വല്ല്യ തേങ്ങ എന്നുള്ളൊരു ഇതിലാ ഇരിക്കുന്നത്.

ആൺപിള്ളേരുണ്ടേലേ ജീവിക്കാൻ പറ്റുവൊള്ളൂ, അങ്ങനെയാ ഇങ്ങനെയാ..

ഇത് കേട്ടോണ്ട് എനിക്ക് വിഷമവാകും. കാരണം അച്ഛനെ സപ്പോർട്ട് ചെയ്യുന്നത് ആൺപിള്ളേരല്ലേ കൂടുതല്. പക്ഷേ ഇപ്പോ അങ്ങനെ ആരും സപ്പോർട്ട് ചെയ്യുന്നില്ല. അപ്പോ ഇത് കേട്ട് കേട്ട് കേട്ട് ഞാനെന്നാ ചെയ്തു, ഞാൻ എല്ലായിടത്തും അച്ചന്റെ കൂടെ പോകും. അച്ഛൻ വിളിച്ചാൽ എല്ലായിടത്തും പോകും. അവിടെയും ഇവിടെയും എല്ലാം പോകും. ചുമ്മാ പോകും. വൈകുന്നേരം നാലു മണിക്ക് വന്നാലും പോകും, ഉച്ചക്ക് നേരത്തേ വന്നാലും പോകും, എവിടെ വന്നാലും ഞാൻ അച്ഛയുടെ കൂടെ പോകും. അപ്പോ എന്റെ മൈൻഡില് മുഴുവൻ വണ്ടീടെ കാര്യങ്ങള്, ചുറ്റുപാടുമുള്ളതിനെ കുറിച്ച് കണ്ട് കണ്ട് പേര് അറിയില്ലെങ്കിലും കാര്യങ്ങളൊക്കെ എനിക്ക് അറിയാം എന്ന നിലയിലെത്തി. ഇപ്പോ പെൺപിള്ളേരെ കെട്ടിച്ചുവിടുമെന്ന് പറഞ്ഞു. ശരിയല്ലേ. കെട്ടിച്ചുവിട്ടു കഴിഞ്ഞാൽ പിന്നെ ഫാമിലിയുമായിട്ട് അറ്റാച്ച് ചെയ്യാൻ പറ്റില്ല. അപ്പോ

എന്നെ സംബന്ധിച്ചിടത്തോളം എന്നെക്കുറിച്ച് നന്നായിട്ട് അറിയാം, എന്റെ ഫാമിലിയെ അറിയാവുന്നൊരു ചേട്ടനാണ്. ഞങ്ങടെ കമ്മ്യൂണിറ്റി എന്ന് പറഞ്ഞാൽ ആൾക്കാര് കുറവാ. അപ്പോ മൊത്തത്തിൽ കറങ്ങി എടുത്താലും ഞാനിപ്പോ നോക്കിയപ്പോ എന്റെ വീട്ടുകാരേയും കൂടി അറിയാവുന്ന ഒരാളാണേൽ നമുക്കു കൂടി കൊറച്ച് സപ്പോർട്ട് കിട്ടും. അപ്പോ ഞാനേയുള്ളൂ അച്ഛയ്ക്ക് സപ്പോർട്ട്. ഞാനാണ് വില്ലേജിലും, പഞ്ചായത്തിലും, ബാങ്കിലുമൊക്കെ ചെറിയ ക്ലാസ് തൊട്ടേ പോകുന്നത്. അതായത് അച്ഛ ജോലിക്ക് പോവാണേൽ അമ്മയാണേലും, അമ്മക്ക് വയ്യ. ( കാലുവേദനയും കാര്യങ്ങളുമൊക്കെയാണ്. ആക്ടീവ് അല്ല.) അപ്പോ ഒരു കുറവ് തോന്നരുത്. ആ കുറവ് തോന്നാതിരിക്കാൻ വേണ്ടി ഞാൻ മാക്സിമം എന്റെ അനിയത്തിക്ക് വേണ്ട കാര്യങ്ങളൊക്കെ ചെയ്ത് കൊടുക്കും. അപ്പോ എനിക്ക് പറഞ്ഞ് തരാൻ വേണ്ടി ആരുമില്ല. അതായത് എന്റെ ചേട്ടന്മാര്, കസിൻസ് ആണേലും അവർക്കും വലിയ താത്പര്യമില്ല. അതായത് മറ്റു ചിലരെയൊക്കെ ഞാൻ നോക്കുമ്പോൾ അവർക്കു ചേട്ടനുണ്ട്, ആ ചേട്ടനൊക്കെ ചെയ്തു കൊടുക്കും. കോഴ്സുകളെപറ്റിയാണേലും എനിക്ക് പത്താംക്ലാസ് കഴിഞ്ഞ് എന്തിന് പോണമെന്ന് ഒരു ഐഡിയയില്ല. എനിക്ക് പറഞ്ഞ് തരാൻ ആളില്ല. ഞാനപ്പോ പിന്നെ കമ്പ്യൂട്ടർ സയൻസ് എടുത്തു. കമ്പ്യൂട്ടറാണ് എനിക്ക് ഇന്ററസ്റ്റ്. അത് കഴിഞ്ഞ് മെക്കാനിക്കലാണ് എയിം ചെയ്തത്. പക്ഷേ എന്നാലും സാധ്യതകളെ കുറിച്ച് പറയാൻ ആരുമില്ല. അപ്പോ ഞാനെന്തു ചെയ്തു, പത്തിൽനിന്ന് ഞാനിതിനെ പറ്റി സ്റ്റഡി ചെയ്തു. ഏതൊക്കെ കോഴ്സുണ്ട്, എന്തൊക്കെ ചെയ്യാൻ പറ്റും, ഒക്കെ പഠിച്ചു. പ്ലസ് ടു വന്നപ്പോ ഏതൊക്കെ കോഴ്സ് ഉണ്ട് ഏതൊക്കെ എന്തൊക്കയാണെന്ന് പഠിച്ചു. ഇതെനിക്ക് ഗുണം ചെയ്തതു എന്റെ അനിയത്തിമാർക്ക് പറഞ്ഞ് കൊടുക്കാൻ പറ്റി, അല്ലേൽ എന്റെ അനിയന്മാർക്ക് എനിക്ക് പറഞ്ഞ് കൊടുക്കാൻ പറ്റി. കോളേജുകള്, സീറ്റുകള്, കാര്യങ്ങള് എല്ലാം. അലോട്ട്മെന്റ് എങ്ങനാണ്, മെറിറ്റ് സീറ്റ് എങ്ങനാണെന്നൊക്കെ. ഇപ്പൊഴാണേൽ എനിക്ക് ഗൈഡ് ചെയ്യാൻ വേണ്ടി ഒരുപാട് പേരുണ്ട് പറഞ്ഞുതരാൻ വേണ്ടി. സോ ഐ ആം ഹാപ്പി.

*ഈ ഫീൽഡില് ഇപ്പോൾ പറഞ്ഞ പോലെ ആളുകള് വളരെ കുറവാണ്. ഇങ്ങനൊരു ഫീൽഡിൽ വരുമ്പോളുള്ള ഡിഫിക്കൽട്ടീസ് ആസ് വെൽ ആസ് അഡ്വാന്റേജസ്. പറയാമോ?*

ഡിഫിക്കൽട്ടി എന്ന് പറഞ്ഞാൽ, നമ്മളിപ്പോ റേയ്സിനു പോകുമ്പോ തന്നേ വിടാൻ വീട്ടുകാർക്ക് ബുദ്ധിമുട്ടാണ്. സേഫ്റ്റി വേണം. കാരണം പലരും പല കാരക്റ്ററാണ്. ഒരു പെൺകൊച്ചിനെ മാക്സിമം എങ്ങനെ യൂസ് ചെയ്യാം എന്നാണ് അവര് വിചാരിക്കുന്നത്. ഒൺലി ഫോർ ബെനഫിറ്റ്. യൂസ് ആൻഡ് ത്രോ. ഇതാണ് സാധാരണ ബോയ്സ്.എനിക്ക് ഒരുപാട് ഇത് ഇങ്ങനെ വന്നിട്ടുണ്ട് കേട്ടോ. നമ്മക്കോരോരോ മെസ്സേജുകള് കാര്യങ്ങളൊക്ക. നമ്മള് ഇപ്പോ അതെല്ലാം ഇഗ്നോർ ചെയ്ത് ഒരുപാട് പ്രതിസന്ധികൾ ഞാൻ തരണം ചെയ്തിട്ടുണ്ട്. ആൺപിള്ളേർക്ക് ആ പ്രശ്നവില്ല. അതിന്റെയൊരു അഹങ്കാരവാ അവർക്ക്. അപ്പോ എന്റെ കൂടെ പോവുമ്പോ അച്ഛക്ക് ജോലി പോകും. ബ്രദേർസിന്റെ രണ്ട് പേർടെ ടൈം പോകും. ആ ഒരു പ്രശ്നം അഫെക്റ്റ് ചെയ്തിട്ടുണ്ട്. പക്ഷേ ഐ ആം സേഫ്. അതുകൊണ്ട് അവര് ജോലിയും കളഞ്ഞിട്ടാണ് എന്റെയടുത്ത് വരുന്നത്. പക്ഷേ ഇനിയിപ്പോ മാര്യേജ് കഴിഞ്ഞാൽ ഹസ്ബന്റ് ഫുൾ സപ്പോർട്ട് കാണുമെന്ന് വിശ്വസിക്കുന്നു. പുള്ളീടെ ജോലി ഇപ്പോ നാട്ടിലേക്ക് നോക്കുന്നുണ്ട്. അവിടെ സെറ്റ് ആയാൽ സെറ്റ്.

*അഡ്വാന്റേജസ്?*

അഡ്വാന്റേജസ് നല്ലതല്ലേ.

നമുക്ക് നല്ലൊരു മോട്ടിവേഷൻ ആയിട്ട് നിൽക്കാൻ പറ്റുവല്ലോ. കയറി വരുന്നവർക്ക് ഒരുപാട് കാര്യങ്ങൾ പറയാൻ, ഒത്തിരി എൻക്വയറീസ് വരുന്നുണ്ട്. അവരെയെല്ലാം ഹെൽപ് ചെയ്യുന്നുണ്ട്. എങ്ങനെ വർക്ക് ചെയ്യണം, ഡ്രൈവിങ്ങിന്റെ കാര്യമാണേലും, ഒരുപാട് പേര്, എങ്ങനെ അഡ്വെഞ്ചർ ആക്ടിവിറ്റീസ് ചെയ്യുന്നു, മനസിനെ എങ്ങനെ പാകപ്പെടുത്തണം, അങ്ങനെയുള്ള കാര്യങ്ങൾ എല്ലാം.

*സൊസൈറ്റിക്ക് വേണ്ടി എന്ത് ചെയ്യാനായി?*

സൊസൈറ്റിക്ക് വേണ്ടി ഞാൻ പറഞ്ഞില്ലേ, എന്റെ ഈ പാഷൻ വെച്ചിട്ട് എനിക്ക് ചെയ്യാൻ പറ്റുന്നത് റോഡ് സേഫ്റ്റി ക്ലാസുകൾ എടുത്തുകൊടുക്കുക എന്നതാണ്. അത് ചെയ്യുന്നുണ്ട്.

*അതിലുപരി ഈയൊരു ഫീൽഡിലേക്ക് അളുകളെ കൊണ്ടുവരാൻ?*

അ : കൊണ്ടുവരാൻ ശ്രമിക്കുന്നുണ്ട്. അതായത് ഞാനിപ്പോ വീട്ടിൽ ഡ്രൈവിങ് സ്കൂൾ നടത്തുന്നുണ്ട്. അവിടെ ബുള്ളറ്റ് ഓടിക്കാൻ പഠിപ്പിക്കുന്നുണ്ട്. പിന്നെ ഹെവി എടുത്ത് വരുന്നവർക്ക് എന്തൊക്കെ കാര്യങ്ങൾ ചെയ്യണം എന്ന് പറഞ്ഞ് കൊടുക്കുന്നുണ്ട്. ഫോർവീലും അതുപോലെ തന്നെ. അങ്ങനെ കാര്യങ്ങളൊക്കെ ഞാൻ ചെയ്തുകൊടുക്കുന്നുണ്ട് അന്വേഷിച്ചെത്തുന്നവർക്ക്. പിന്നെ ഞാൻ പറഞ്ഞില്ലേ ഈ ക്ലാസ്സിനു പോകുമ്പോ കുറേ പേരെ കിട്ടും. അവരെ ഞാൻ ഇങ്ങനെ കേറ്റി കേറ്റി കൊണ്ടുവരുന്നുണ്ട്. അങ്ങനത്തെ കാര്യങ്ങൾ ചെയ്യുന്നുണ്ട്.

*പിന്നെ ഫ്യൂച്ചർ?*

ഫ്യൂച്ചർ എന്നുള്ളത് സത്യം പറഞ്ഞാൽ ഒരു ക്വസ്റ്റ്യൻമാർക്ക് ആണ്. മാക്സിമം ഡ്രൈവ് ചെയ്യുക, മാക്സിമം റൈഡ് ചെയ്യുക, മാക്സിമം എൻജോയ് ചെയ്യുക, മാക്സിമം എക്സ്പ്ലോർ ചെയ്യുക.

*അവസാനം ഒരു യൂശ്വൽ ക്ലീശേ സാധനം. ഇതുപോലെ ഒരുപാട് ആഗ്രഹങ്ങളുള്ള പെൺകുട്ടികൾക്കും ആഗ്രഹമില്ലാതെ ഇങ്ങനെ ജീവിതം എങ്ങനെയെങ്കിലുമൊക്കെ തള്ളി നീക്കണം എന്ന് വിചാരിച്ച് നടക്കുന്ന പെൺകുട്ടികൾക്കും ആഗ്രഹമുണ്ടായിട്ടും അവസരം കിട്ടാത്ത പെൺകുട്ടികൾക്കും വേണ്ടി ഒരു മെസ്സേജ്.*

ഒരു മെസ്സേജ് എന്ന് പറയുമ്പോൾ.. നമ്മക്ക് ഒരു ഒറ്റ ലൈഫ് ആണുള്ളത്. ആ ഒരൊറ്റ ലൈഫില് നമ്മക്ക് ചെയ്യാൻ പറ്റുന്ന കാര്യങ്ങൾ മൊത്തം ചെയ്യുക. അതിൽ ഒരുപാട് പ്രതിസന്ധികൾ വരും, അതിനെയെല്ലാം തരണം ചെയ്താലേ ലൈഫില് ജയിക്കാൻ പറ്റൂ. പിന്നെ വേറൊരു കാര്യം, നമ്മള് എപ്പഴും റോഡിൽ റോഡ് നിയമങ്ങൾ പാലിച്ചും റാഷ് ഡ്രൈവിങ് അവോയ്ഡ് ചെയ്തും നന്നായിട്ട് തന്നെ ഹെൽമറ്റ്, സീറ്റ് ബെൽറ്റ് ഇതൊക്കെയുപയോഗിച്ച് സേഫ് ഡ്രൈവിങ് ശീലമാക്കുക. (അപകടരഹിത ഡ്രൈവിങ് ശീലമാക്കൂ എന്നൊരു മെസ്സേജ് ആഡ് ചെയ്തേക്കണം. അതിനൊരുപാട് കാര്യങ്ങളുണ്ട്, സബ് ആയിട്ട്.)

*നമ്മളെപ്പോലും നമ്മുടെ ഒരു കംഫോർട്ട് സോണിലാണ്. ഇപ്പോ ചേച്ചീടെ ഒരു കംഫോർട്ട് സോൺ എന്ന് പറയുന്നത് ചേച്ചിയുടെ അച്ഛൻ, അനിയൻ, ചേട്ടൻ. അപ്പോ ചേച്ചി എവിടെ പോകുമ്പോഴും ചേച്ചി സേഫ് ആണ്. ഇതൊന്നും ഇല്ലാതെ വരുന്ന കുറച്ച് ആൾക്കാരുണ്ടല്ലോ, ഈ ആഗ്രഹങ്ങളുമായിട്ട്. അതിനെ കുറിച്ചെന്താണ് പറയാനുള്ളത്? ഇപ്പോ രാത്രി ഒരു പെണ്ണ് പുറത്തിറങ്ങി നടക്കുകാണെങ്കിൽ അത് കാണുന്ന ആണൊരുത്തൻ എന്താണ് വിചാരിക്കുന്നതെന്താ? ഷീ ഈസ് വീക്ക്, ഷീ ഈസ് വൾണറബിൾ. അവൾ വെറുതെയാ, ഒരാണിന്റെ പ്രൊട്ടക്ഷൻ ഇല്ലെങ്കിൽ അവളൊന്നുമല്ല. അപ്പോ നമ്മൾ പൊതുവേ എല്ലാരും പറയുന്നൊരു കാര്യമുണ്ട്. നമ്മടെ കംഫോർട്ട് സോണിന് പുറത്ത് വന്നാലാണ് നമുക്ക് ആ ഒരു ലൈഫിന്റെ റിയാലിറ്റിയെ മനസിലാക്കാനും അതിന്റെ ഒരു എസ്സൻസ് അനുഭവിക്കാനും കഴിയൂ എന്നുള്ളത്.*

അതിനാണ് ഞാൻ പറയുന്നത് കുറച്ച് ഫൈറ്റും കാര്യങ്ങളുമൊക്കെ പഠിക്കുകയാണെങ്കിൽ രക്ഷപെട്ട് പോകാം, അത്ര തന്റേടമുണ്ടെങ്കിൽ. എടാ, ഇതുപോലെ ഒറ്റ ലേഡിയല്ലേ. ഇങ്ങനെ പലർ പല സ്ഥലത്ത് പോയി നോക്കിക്കേ. ഒരുത്തനും ഒന്നും ചെയ്യുകേല. നട്ടപ്പാതിരക്ക് ആൺപിള്ളേര് നടക്കുന്ന പോലെ തന്നെ പെൺപിള്ളേരും ഇറങ്ങി നടക്കുവാണേൽ ഒരു കൊഴപ്പവുമില്ല. ഇപ്പോ യുണീക്ക്നെസ് ഉള്ള കൊണ്ടല്ലേ ഈ പ്രശ്നം. ഒരു പെൺകൊച്ച് തന്നെ പോകുമ്പൊഴല്ലേ ഈ പ്രശ്നം. അങ്ങനെ പല പല പല പെണ്ണുങ്ങള് രാത്രി പല സ്ഥലത്ത് ഇറങ്ങി നടക്കുകാണേൽ ഒത്തിരിപ്പേര് ഉണ്ടെന്ന് മനസിലാവില്ലേ എല്ലാർക്കും. രാത്രി നടക്കുന്നത് കൊണ്ടെന്താ പ്രശ്നം? നൈറ്റ് റൈഡ് ചെയ്യാൻ എന്ത് രസമാണെന്ന് അറിയുവോ. നൈറ്റ് ബുള്ളറ്റ് റൈഡ്, ബൈക്ക് റൈഡ്, കാർ റൈഡ് എന്ത് രസമാണെന്ന് അറിയുവോ.

*ചേച്ചീ, ഇതുപോലെ ഒരുപാട് അച്ചീവ് ചെയ്യണമെന്ന് ആഗ്രഹമുള്ളവരുമുണ്ട്. ഇതുപോലെ ഓർഗനൈസേഷൻസിനെയൊക്കെ സമീപിക്കുമ്പോൾ ചേച്ചി നേരത്തേ പറഞ്ഞ പോലെ സ്പോൺസർഷിപ്പിന്റെയൊക്കെ കൊറേ പ്രോബ്ലംസ് വരുന്നുണ്ട്. ചിലരൊക്കെ പറയും ഇന്ന് ചില കമ്മ്യൂണിറ്റിയായതു കൊണ്ടു തന്നെ സ്പോൺസർഷിപ്പ് കിട്ടാതെ വരാറുണ്ട്. അതിനെപ്പറ്റി?*

എന്നെ സംബന്ധിച്ചിടത്തോളം ഞാൻ പറയാം, എനിക്കിപ്പോൾ നൂറ് ശതമാനം ഉറപ്പാണ് (എനിക്ക് തോന്നിയിട്ടുള്ളതാണ്. നിങ്ങൾ ആഡ് ചെയ്യണോ വേണ്ടയോ എന്നുള്ളത് ആലോചിച്ചിട്ട് ആഡ് ചെയ്യുക.) ഞാനൊരു ഹിന്ദു ആയതുകൊണ്ട് എനിക്ക് സപ്പോർട്സ് കുറവാ. ഒരു ക്രിസ്ത്യനോ അല്ലെങ്കിൽ ഒരു മുസ്ലിമോ ആയിരുന്നെങ്കിൽ എനിക്ക് കൂടുതൽ സപ്പോർട്ട് കിട്ടിയേനേ. മുസ്ലിം മീൻസ് ചിലരുണ്ട്, ഞാൻ എക്സാംപിൾ പറയാം. കാരണം, നൂർജഹാൻ ഫർസി എന്ന് പറയുന്നത് ഒരു മോട്ടോക്രോസ് റൈഡറാണ്. ഞങ്ങൾ മോട്ടോ ഏഞ്ചൽസിന്റെ ഗ്രൂപ്പ് ഉണ്ട്. അതിനകത്ത് അവള് പറഞ്ഞേക്കുന്ന മെസ്സേജ് ഞാൻ കാണിച്ച് തരാം. അവൾ നല്ലൊരു ഡ്രൈവറാണ്. ഇവളോട് ആതിര കൊച്ചു എന്ന് പറയുന്ന വേറൊരു ഫ്രണ്ട് മോട്ടോക്രോസിന് നിനക്ക് വന്നൂടേ എന്ന് ചോദിച്ചു. അപ്പോ ഫർസി പറഞ്ഞതാണ്, 'ഐ ആം ഫ്രം എ മുസ്ലിം ഓർത്തഡോക്സ് ഫാമിലി. ഓൺ ജോബ് സെറ്റ് , എൻജോയിങ് ബ്യൂട്ടിഫുൾ ലൈഫ്. ശരിക്കും മുസ്ലിം കമ്മ്യൂണിറ്റിയിൽ നിന്ന് പെൺപിള്ളേര് കുറവാ. ശരിക്കും വളരെ കുറവാ. കാരണം പേടിയുടെ തന്നെയല്ല, ഇരുപത് വയസാവുമ്പഴേ എല്ലാരെയും കെട്ടിച്ച് വിടുവാ. അത് പിന്നെ പിള്ളേരാകുന്നു, ഫാമിലിയും കാര്യങ്ങളുമൊക്കെയാവുന്നു. പക്ഷേ ഇതിനകത്താണേൽ രണ്ടും മൂന്നും പേരൊക്കെ മുസ്ലിം ഫാമിലിയിൽ നിന്ന് വന്നിട്ട് സ്വന്തം ജോബ് സെറ്റ് ആക്കി സ്വന്തം ലൈഫ് എൻജോയ് ചെയ്യുന്നത്. ഒരുപാട് പേരെ ഞാൻ കോൺടാക്റ്റ്

*ശേഷം പേജ് 44*

ഉപ്പും മുളകും



പി. ഗീത

# കുടിവെള്ളം മുട്ടുമ്പോൾ

ഏറ്റവും നല്ല മഴകൾ കിട്ടുന്ന പ്രദേശമാണ് കേരളം. മഴക്കാല ടൂറിസത്തെപ്പറ്റിപ്പോലും വികസന നയങ്ങളിൽ ഉൾക്കൊള്ളിക്കാൻ തക്കവിധം ഭംഗിയും ശക്തിയുമുള്ള മഴകൾ ! കൊല്ലത്തിൽ ഏതാണ്ട് ആറുമാസം കിട്ടുന്ന വലുതും ചെറുതുമായ, പകലും രാത്രിയുമുള്ള മഴകൾ. കാലവർഷവും തുലാവർഷവും ഇടക്കാല മഴകളും. എന്നിട്ടും ജനുവരി പകുതിയോടെ പൈപ്പിനരികിൽ കുടങ്ങൾ ദീർഘദൂരത്തിൽ ക്യൂ നില്ക്കും. ഇത്തവണയാകട്ടെ, മഴ പിഴക്കുകയും ചെയ്തു. സാധാരണ വർഷം കിട്ടിയാൽത്തന്നെ ഏപ്രിൽമെയ് മാസങ്ങളിൽ കിണറുകൾ വരണ്ടുണങ്ങും. എന്നാൽ ഇക്കൊല്ലം ഇപ്പോൾത്തന്നെ കിണറുകളിലേക്കു നോക്കിയാൽ വരൾച്ച കണ്ടുതുടങ്ങിയിരിക്കുന്നു

**എവിടെപ്പോയി പെയ്ത മഴയെല്ലാം?**

ചുറ്റും നോക്കുമ്പോൾ നമുക്കു കാണാം വെള്ളം ചോർന്നു പോയ വഴികൾ. ഒറ്റവാക്കിൽ അവയെ നമുക്കു വികസന ധൂർത്തുകൾ എന്നു പറയാം. വലിയ കെട്ടിട സമുച്ചയങ്ങൾ, വീതി കൂടിയ റോഡുകൾ, വ്യവസായ ഹബ്ബുകൾ, ഐടി പാർക്കുകൾ... ... ...

ശരിയാണ് ഇതൊക്കെയും വേണ്ടതാണ്. പക്ഷേ ജലാശയങ്ങൾ തൂർത്തും മണലെടുത്തും കുന്നിടിച്ചും മരങ്ങൾ കൂട്ടത്തോടെ വെട്ടിവീഴ്ത്തിയുമല്ല ഇവയൊന്നും വരേണ്ടതെന്നു മാത്രം.

നേരിലറിഞ്ഞ ചില സംഭവങ്ങൾ ഇവിടെ സൂചിപ്പിക്കാതെ വയ്യ. ഒരൊറ്റ രാത്രി കൊണ്ട് ഞങ്ങളുടെ നാട്ടിൽ ഒരു കുളം തൂർന്നു പോയി! മാസങ്ങൾ കഴിഞ്ഞപ്പോൾ അവിടെ ഒരു ഹോട്ടലും വന്നു. പഴമക്കാർ ചിലർ പറഞ്ഞു കുളം തൂർത്തു മുകളിൽ പണിയുന്നതു വാഴില്ല. ഇത്തരം 'അന്ധവിശ്വാസ'ങ്ങളെ വികസനവാദികൾ വില വെക്കയില്ല എന്നു നമുക്കറിയാം. ആ ഹോട്ടലിനു മുകളിലൂടെ മേൽപ്പാലം വന്നപ്പോൾ അതു സ്വാഭാവികമായും താഴ്ന്നു പോയി. ഇത് ഏതെങ്കിലും പഴമക്കാരുടെ വാക്കു ഫലിച്ചതല്ല. വികസനത്തിനു മേൽ വികസനം വന്നപ്പോൾ സംഭവിച്ചു പോയതാണ്. ഞാൻ സൂചിപ്പിക്കാൻ ആഗ്രഹിച്ചത് ഇത്രമാത്രം പ്രകൃതിയെ തൂർത്തു കളയുമ്പോൾ നമ്മളെ തൂർക്കുന്ന മറ്റൊരു 'നമ്മൾ ' ഉണ്ടാകുന്നു. അങ്ങനെ നമ്മളെ മറ്റൊരു നമ്മൾ നാമാവശേഷമാക്കുന്ന പ്രക്രിയ കൂടിയാണ് ഇന്നു നടക്കുന്ന മിക്ക വികസനങ്ങളും.

ലോറി കയറിപ്പോകുന്ന കുന്നുകളെപ്പറ്റി പുതു കവിതകൾക്കു പാടേണ്ടി വരുന്നതിന്റെ പശ്ചാത്തലമാണിത്. പാതകൾക്കിരുവശത്തുമുള്ള മരങ്ങൾ നമുക്ക് അപകടകാരികളായതെപ്പോൾ മുതലെന്ന് ആലോചിക്കൂ . ഏറെ താമസിച്ചില്ല പൂച്ചയും നായയും വെറുക്കപ്പെട്ടവരും വംശഹത്യ ചെയ്യപ്പെടേണ്ടവരുമായി. നാടൻ വിത്തിനങ്ങളും നാടൻ പശുക്കളും നാടൻ കോഴികളും നാടൻ തെങ്ങും നാട്ടുമാവുകളും മതിയാകാതെ വന്നു. നാടൻ ഭാഷ പോലും അപരിഷ്കൃതവും വികസന വിരുദ്ധവുമെന്നു മുദ്രകുത്തപ്പെട്ടു. എന്തോ ഒരു കുതിപ്പിലായിരുന്നു നമ്മൾ. എന്തൊക്കെയോ വെട്ടിപ്പിടിക്കാനും കീഴ്മേൽ മറിക്കാനുമുള്ള കുതിപ്പുകൾ. ചവുട്ടി നിന്ന മണ്ണിനെ പുറം തള്ളിക്കൊണ്ടുള്ള ഈ ആർത്തിയെ, അനുകരണ ഭ്രാന്തിനെ അല്ലയോ നമ്മൾ വികസനമെന്നു തെറ്റിദ്ധരിച്ചത്?!

പരിസ്ഥിതി എന്ന വാക്കുച്ചരിക്കുന്നത് ഒരേ സമയം വികസന വിരുദ്ധതയും അക്കാദമിക ബാധ്യതയും ആയി മാറിയ അപൂർവ ഇനം ജനതയാണു നമ്മൾ. പരിസ്ഥിതി സിനിമകൾക്ക് അവാർഡും പ്രശംസയും. പരിസ്ഥിതി സാഹിത്യത്തിന് മാർക്കറ്റ് .പരിസ്ഥിതി ഗവേഷണത്തിന് പ്രശംസ . എന്നാൽ മരം ഇങ്ങനെ വെട്ടരുതെന്നു പറഞ്ഞാലോ നാടൻനായ്ക്കളെയും പൂച്ചകളെയും വംശഹത്യ നടത്തരുതെന്നു പറഞ്ഞാലോ അതു മനുഷ്യ/ വികസന

വിരുദ്ധതയെന്നു മുദ്രകുത്തപ്പെടുകയും. അതോടൊപ്പം ബഷീറിന്റെ ഭൂമിയുടെ അവകാശികളും ഒ എൻ വി യുടെ ഭൂമിക്കൊരു ചരമഗീതവും പാഠപുസ്തകങ്ങളിൽ ഐകകണ്ഠ്യേന തുടരെത്തുടരെ ഉൾക്കൊള്ളിക്കപ്പെടുകയും ചെയ്യുന്നു.

മധ്യവർഗ വത്കരണം സംഭവിച്ചു കഴിഞ്ഞ ഒരു സമൂഹത്തിന്റെ രോഗാതുരമായ വൃത്തിബോധത്തെക്കൂടി സൂചിപ്പിക്കാതെ വയ്യ. ഈ കടുത്ത വരൾച്ചയിലും പ്ലാസ്റ്റിക്കുൾപ്പടെ കൂട്ടി കത്തിച്ചുകൊണ്ടിരിക്കയാണ് നമ്മൾ. ഇത് വായുവിനെ മലിനപ്പെടുത്തുക മാത്രമല്ല ചെയ്യുന്നത്. ആഴത്തിലെ വെള്ളത്തെ അലഭ്യമാക്കുകയും ചെയ്യുന്നു. പണ്ടും ചപ്പുകൾ കത്തിക്കാറുണ്ടായിരുന്നില്ലേ എന്നല്ലേ മറുവാദം. ശരിയാണ്. പക്ഷേ പണ്ടത്തെ ചപ്പുകളല്ല ഇന്നത്തെ ചപ്പുകൾ. അവയെ എങ്ങനെ ഒഴിവാക്കുമെന്നറിയാത്തവരാണു നമ്മൾ. കത്തിച്ചോ കുഴിച്ചിട്ടോ ഒഴിവാക്കാൻ കഴിയാത്ത ആ മാലിന്യങ്ങളെ സംസ്കരിക്കാനാണ് പുതിയ മാർഗങ്ങൾ കണ്ടെത്തേണ്ടത്. അതിന് പുതിയ നയങ്ങൾ വരണം. പുതിയ തരം ആസൂത്രണ പദ്ധതികൾ വരണം. അതായത് ഭാവനാസമ്പന്നരും പ്രതിബദ്ധതയുള്ളവരും സമർപ്പിതരുമായ ഭരണാധികാരികൾ ഉണ്ടാവണം. നമ്മെപ്പോലെ ഭാഗ്യം കെട്ട ജനതക്ക് അതു പ്രതീക്ഷക്കുമപ്പുറത്താണ് എന്നതാണു യാഥാർഥ്യം.

മനുഷ്യർ തന്നെയാണ് മനുഷ്യരുടെ വംശനാശം ഉറപ്പാക്കുന്നത്. കടലുകൾ വറ്റിച്ച് കൊട്ടാരങ്ങൾ പണിതു കൊണ്ട്. പക്ഷേ പുരുഷന്മാരിൽ നിന്നു വ്യത്യസ്തമായി സ്ത്രീകൾ കുറേക്കൂടി പ്രകൃതിയോടൊട്ടി നില്ക്കുന്നവരാണ്. അതിനാൽ സ്വത്വം തിരിച്ചറിയുന്ന ഏതു പെണ്ണും മണ്ണിനെയും വെള്ളത്തെയും തിരിച്ചുപിടിക്കുന്ന യത്നത്തിൽ ഏർപ്പെടാൻ ബാധ്യസ്ഥയാണ്. ദൈനംദിന വ്യക്തി ജീവിതത്തിൽ മാത്രമല്ല സാമൂഹ്യ രാഷ്ട്രീയ ജീവിതത്തിലും പെണ്ണുങ്ങൾ ഉൾക്കൊള്ളുന്ന അധികമായ പാരിസ്ഥിതിക അവബോധമാണ് ഒരു ജനതയെന്ന നിലക്ക് മലയാളിയുടെയും അതിജീവനം. മയിലമ്മയും ലീലാകുമാരിയമ്മയും അത്തരത്തിൽ പ്രകടമാക്കിയ തിരിച്ചറിവുകൾ ചരിത്രപരം കൂടിയായിരുന്നു എന്നു മറക്കാതിരിക്കുക.

പാരമ്പര്യം പെണ്ണിനു വിധിച്ച ചുമതലകളിൽ നിന്ന് ഇതു തീർത്തും വ്യത്യസ്തമായിരിക്കുന്നു. വികസന പദ്ധതികൾ നിർബന്ധപൂർവം വലിച്ചിഴച്ച് പെണ്ണിനെ എത്തിച്ച ഒരിടമാണിത്. അധികാരം കൈയിലുള്ളവരാകയാൽ സ്വാഭാവികമായും പുരുഷന്മാരാണ് വികസനവാദികൾ. അവർ വികസനത്തിന്റെ ഭാഗത്തു നില്ക്കുമ്പോൾ മനുഷ്യേതരരും പുരുഷേതരരും വികസനത്തിന്റെ ഇരകളാകുന്നു. ഏകപക്ഷീയമായ ഈ വികസന നിലപാടിന്റെ ഫലമായാണ് ഒറ്റയടിക്ക് പൃഥ്വിപ്തേജോവായ്വാകാശങ്ങൾ കെട്ടുപോകുന്നത്. ഇരകൾക്കാണ് സംഘടിക്കാനും സമരം ചെയ്യാനും സാധിക്കുക.

അതിനാൽ സുഹൃത്തുക്കളേ

ഇതു നമ്മുടെ ഊഴമാകുന്നു. മലകളെയും കാടുകളെയും പുനഃസ്ഥാപിച്ചുകൊണ്ട് മഴകളെയും പുഴകളെയും തിരിച്ചുപിടിക്കാം. നമ്മുടെ തന്നെ ഉള്ളിലേക്കൂളിയിട്ട് ഭൂമിയുടെ ആഴങ്ങളിൽ നിന്ന് വെള്ളത്തിന്റെ ഉറവകൾ പൊക്കിക്കൊണ്ടു വരാം. ഇപ്പോഴും നമുക്കതു സാധ്യമാണ്.

---

*പേജ് 42 തുടർച്ച*

ചെയ്തിട്ടുണ്ട്. കാരണം ഈ മോട്ടോർ സ്പോർട്സിൽ എന്ന് പറഞ്ഞാൽ സ്പോൺസേർസ് കുറവാണ്. കാരണം ഈ നമ്മടെ ഫുട്ബോൾ, ഹാൻഡ്ബോൾ, സോഫ്റ്റ്ബോൾ പോലുള്ള കാര്യങ്ങൾക്കൊക്കെ സ്പോൺസേർസിനെ പെട്ടെന്ന് കിട്ടും. റേസ് എന്ന് പറയുമ്പോ വണ്ടി ഓടിച്ച് നശിപ്പിക്കാൻ ആണെന്നാണ് മനുഷ്യന്റെയൊരു ചിന്താഗതി. അതുകൊണ്ടു സ്പോൺസർഷിപ്പ് വളരെ കുറവാണ്. അത്ര പാഷനേറ്റായിട്ടുള്ള ആൾക്കാരേ സ്പോൺസർ ചെയ്യത്തൊള്ളൂ. സ്പോൺസറുണ്ടേൽ മാത്രവേ നമുക്ക് മുൻപോട്ട് പോകാൻ ഒക്കത്തുള്ളു. കാരണം ഭയങ്കര കോസ്റ്റ്ലി ആണ്.

*അതുപോലെ വലിയ വലിയ റേസിനൊക്കെ പോകുവാണേൽ പോലും മിക്കവരും കഴിവിനെയാണോ അതോ അതിനേക്കാൾ റെക്കമെൻഡേഷനെയാണോ സപ്പോർട്ട് ചെയ്യുന്നത്?*

അല്ല, റേസിന് അങ്ങനെ റെക്കമെൻഡേഷൻ ഒന്നുമല്ല. നമ്മടെ കഴിവാണ്. വണ്ടി ഓടിച്ച് കാണിക്കണം. കാഷുണ്ടോ, വണ്ടിയുണ്ടോ? റെജിസ്റ്റർ ചെയ്യാം. കാശില്ലാത്തവരാണേൽ പടിക്ക് പുറത്ത്. എനിക്കാണേൽ ഒത്തിരി കാഷ് കളയാനില്ല. കാരണം രണ്ട് പെൺപിള്ളേര്, അപ്പോ അപ്പന് കെട്ടിച്ചിടണമെന്ന ചിന്താഗതിയുണ്ട്. അപ്പോ കാഷങ്ങനെ അധികം മുടക്കിക്കളയാൻ ആണെങ്കിൽ ഇല്ല. അപ്പോ ഞാൻ സ്പോൺസേർസിനെ നോക്കുന്നുണ്ട്.

*ചേച്ചി ഇനിയിപ്പോ എന്തായാലും ഒരു ജോബ് നോക്കുവാണെന്ന് പറഞ്ഞല്ലോ. എന്ത് ജോബാണ് ആക്ച്വലി പ്രിഫർ ചെയ്യുന്നത്?*

ഓട്ടോമൊബൈൽ റിലേറ്റഡ് ആയിട്ടുള്ള ഏതു ജോലിയും.

**ചർച്ചാവിഷയം / അഭിമുഖം**




# ആകാശവും പരിതിയല്ല



**ആരിഫ മുഹമ്മദ്/ രമ്യ**

**അ**തെ സ്ത്രീ മാറിക്കഴിഞ്ഞിരിക്കുന്നു. ചോറിനും പേറിനും മാത്രമുള്ളതല്ല ദൂരങ്ങൾ താണ്ടാനും ഉയരങ്ങൾ കീഴടക്കാനും സമൂഹനന്മയ്ക്കും വേണ്ടി കൂടിയാണ് തങ്ങളുടെ ജീവിതമെന്ന് അവർ മനസ്സിലാക്കിക്കഴിഞ്ഞിരിക്കുന്നു.

ഇത് ആരിഫയുടെ കഥ. മുഹമ്മദ് അലിയുടെയും സുഹ്റാ ബീവിയുടെയും ആറുമക്കളിലൊരാൾ. യാഥാസ്തിഥിക കുടും

ബത്തിൽ ജനിച്ച അവർക്ക് നിയന്ത്രണങ്ങളും വില ക്കുകളും സർവസാധാരണമായിരുന്നു. ഒരു സൈ ക്കിൾ പോലും ചവിട്ടാനറിയാത്ത ബാല്യകാലവും ആരിഫക്കുണ്ടായിരുന്നു. എന്നാൽ ഇന്ന് അവർ അ റിയപ്പെടുന്നത് ബുള്ളറ്റ് റാണി എന്ന പേരിലാണ്. ആരിഫ ആദ്യമായി ജനശ്രദ്ധയാകർഷിച്ചതും ഒരു ബുള്ളറ്റ് റാലിയിലൂടെ തന്നെ. ശ്രീനാരായണഗുരു വിന്റെ 'നമുക്ക് ജാതിയില്ലാ' വിളംബരത്തിന്റെ ശതാ ബ്ദി ആഘോഷവുമായി ബന്ധപ്പെട്ട് കൊല്ലത്ത് സം ഘടിപ്പിച്ച ബുള്ളറ്റ് റാലിയിലെ ഏക വനിത. സഹ യാത്രികയായി അസിസ്റ്റന്റ് കളക്ടർ ആശ അജിത്.

എന്നാൽ പെട്ടെന്നൊരു ദിനത്തിൽ ബുള്ളറ്റിനോ ടു തോന്നിയ അഭിനിവേശമൊന്നുമല്ല ആരിഫയെ ബുള്ളറ്റ് റൈഡറാക്കി മാറ്റിയത്. പത്രത്താളുകളിൽ ഇടം നേടിയിട്ടും, ഒത്തിരിപ്പേർ അത്ഭുതത്തോടെ ഉറ്റുനോക്കുമ്പോഴും ഇതൊന്നും വലിയ കാര്യമല്ലെ ന്ന സ്ഥായിയായ ഭാവം തന്നെയാണ് ആരിഫയുടെ എളിമയും വിനയവും. ദൈവഹിതത്തിലും നിമിത്ത ങ്ങളിലും അവർ പൂർണവിശ്വാസമർപ്പിക്കുന്നു.

ആകാശമൊരു പരിമിതിയല്ലായെന്ന് തെളിയി ക്കാൻ വനിതകൾക്കും സാധിക്കുമെന്നതിനുത്തമ ഉ ദാഹരണമാണ് ആരിഫ. പേരിനും പ്രശസ്തിക്കും വേണ്ടി അവർ ഒന്നും ചെയ്തിട്ടില്ല. മറ്റനവധി അവ സരങ്ങൾ വെച്ചു നീട്ടിയിട്ടും അനവധി ബുള്ളറ്റ് റൈഡുകൾക്ക് ക്ഷണം ലഭി ച്ചിട്ടും പലതും നിരസിച്ചതും അതുകൊണ്ട് തന്നെയാവണം. എന്നാൽ 'നമുക്ക് ജാതിയില്ല', ലഹരിവിരുദ്ധ സന്ദേശം തുട ങ്ങിയവ പ്രചരിപ്പിക്കുന്ന ബുള്ള റ്റ് റാലികൾക്ക് സമൂഹനന്മ ല ക്ഷ്യമാക്കി സന്തോഷത്തോടെ പങ്കെടുത്തിട്ടുമുണ്ട്.

പത്താംക്ലാസ്സ് വരെ മാത്രമു ള്ള വിദ്യാഭ്യാസമൊന്നും അവർ ക്ക് ഒരിക്കലും പരിമിതിയായി ട്ടില്ല. 19ാമത്തെ വയസ്സിൽ വിവാ ഹിതയായി. അവർ സാധാരാണ പെൺകുട്ടികളിൽ നിന്നും വ്യ ത്യസ്തയായിരുന്നില്ല. തന്റെ മ ക്കൾക്കായി വാങ്ങിയ സൈക്കി ളിൽ പഠനം ആരംഭിച്ചത് വലിയ ലക്ഷ്യങ്ങൾ കൈവരിക്കുന്നതി ന്റെ തുടക്കം മാത്രമായിരുന്നു. ആ സൈക്കിൾ പഠനത്തിന് ആ വേശം പകർന്നതാകട്ടെ ഭർത്താവായ വീർ മുഹമ്മ ദും. ഗൾഫിൽ നിന്നും അവധികൾക്ക് നാട്ടിലെത്തി ക്കൊണ്ടിരുന്ന ആരിഫയ്ക്ക് വാഹനമോടിക്കേണ്ട ആവശ്യകത ആദ്യം തോന്നിയത് നാട്ടിൽ വീടുപ ണിയുന്ന സ്ഥലത്തേക്കെത്തുവാനാശ്രയിക്കുന്ന ഓ ട്ടോഡ്രൈവർമാരുടെ അമിത കൂലിയീടാക്കലും നി സ്സഹകരണരീതികൾക്കും സാക്ഷ്യം വഹിച്ചതിനാ ലുമാണ്. ഈ കാരണമാണ് സണ്ണിസിപ്പിൽ പഠിച്ച് ടൂവീലർ പഠിക്കാൻ പ്രേരിപ്പിച്ചത്. എല്ലാ വാഹന ങ്ങളും സ്വയം പഠിച്ചതാണ്. ഒരു ഡ്രൈവിംഗ് സ് കൂളിനെയും ഇതുവരെ ആശ്രയിച്ചിട്ടില്ല.ആർ.ടി.ഒ ഓഫീസ് കൊല്ലത്ത് മാത്രമുണ്ടായിരു കാലത്ത് ടെസ്റ്റിംഗ് സ്ഥലത്തുവരെ വണ്ടിയോടിച്ചെത്താനു ള്ള പരിചയമോ ബാലൻസോ ഇല്ലാത്തതിനാൽ ഓട്ടോയിൽ ടൂവീലർ കയറ്റി ടെസ്റ്റിംഗ് സ്ഥല

**ആകാശമൊരു പരിമിതിയല്ലായെന്ന് തെളിയിക്കാൻ വനിതകൾക്കും സാധി ക്കുമെന്നതിനുത്തമ ഉദാഹരണമാണ് ആരിഫ ചേച്ചി. പേരിനും പ്രശസ് തിക്കും വേണ്ടി അവർ ഒന്നും ചെയ്തി ട്ടില്ല. മറ്റനവധി അവസരങ്ങൾ വെച്ചു നീട്ടി യിട്ടും അനവധി ബുള്ളറ്റ് റൈഡുകൾക്ക് ക്ഷണം ലഭിച്ചിട്ടും പലതും നിരസിച്ചതും അതുകൊണ്ട് തന്നെയാവണം. എന്നാൽ 'നമുക്ക് ജാതിയില്ല' , ലഹരിവിരുദ്ധ സന്ദേ ശം തുടങ്ങിയവ പ്രചരിപ്പിക്കുന്ന ബുള്ളറ്റ് റാലികൾക്ക് സമൂഹനന്മ ലക്ഷ്യമാക്കി സ ന്തോഷത്തോടെ പങ്കെടുത്തിട്ടുമുണ്ട്.**



ത്തെത്തിച്ചത് ചിരിയോടെ ആരിഫ പറഞ്ഞു.

തിരികെ ഓട്ടോയിൽ മടങ്ങിയ ആരിഫയ്ക്ക് ലൈസൻസ് ലഭിച്ചതിനുള്ള സന്തോഷവും ഒപ്പമുണ്ടായിരുന്നു. ലൈസൻസ് കിട്ടിയതിനുശേഷം നിരത്തിൽ ടൂവീലറുമായി ഇറങ്ങിയപ്പോൾ ഇപ്പോൾ ബുള്ളറ്റുമായി ഇറങ്ങുമ്പോൾ അത്ഭുതം കൂറുന്നതു പോലെത്തയൊണ് അന്ന് അവർ എതിരേറ്റത്. ചടയമംഗലം നിയോജകമണ്ഡലത്തിൽ ആദ്യമായി ടൂവീലർ നിരത്തിലിറക്കിയതിന്റെ ബഹുമതിയും ആരിഫക്ക് തന്നെ.

ടൂവീലർ റൈഡുകളിൽ ഒരൊറ്റത്തവണമാത്രമാണ് ആരിഫക്ക് ബാലൻസ് തെറ്റിയത്. മകളെ സ്കൂളിലിറക്കാൻ നേരം രണ്ടു വശങ്ങളിലേക്കായി അവർ രണ്ടു പേരും ഇറങ്ങിയതു കൊണ്ടുമാത്രം. എന്നാൽ ഉടൻ തന്നെ അത് നേരെയാക്കാൻ സഹായിച്ചതും മക്കൾ തന്നെ.

ഗൾഫിൽ വെച്ചാണ് കാർ പഠനം തുടങ്ങിയത്. കേരളത്തിലുള്ള സുരക്ഷാനിയമങ്ങളെക്കാൾ കർക്കശമായിരുന്നു അവിടത്തെ നിയമങ്ങൾ. പൊതുനിരത്തിൽ വാഹനമോടിച്ചു പഠിക്കുവാനുള്ള മാർഗങ്ങളില്ലാത്തതിനാൽ ഇടറോഡുകളിലും വിജനപ്രദേശങ്ങളിലും പോയി ഡ്രൈവിംഗ് പഠിച്ചതും ആരിഫ ഓർക്കുന്നു.

പിന്നീട് നാട്ടിലെത്തിയ ആരിഫക്ക് ലാൽസ് ഡ്രൈവിംഗ് സ്കൂളിൽ നിന്ന് ക്ഷണം ലഭിച്ചു. അവിടെ കുറച്ചു മാസം സേവനമനുഷ്ഠിച്ചു. അവിടത്തെ ചില വിദ്യാർത്ഥികളിൽ നിന്നും ലഭിച്ച നല്ല പ്രതികരണങ്ങളിൽ നിന്ന് മാരുതിയിൽ നിന്ന് പിന്നീട് ക്ഷണം ലഭിച്ചു. അവിടെ ഇൻസ്ട്രക്ടറായി പ്രവർത്തിക്കവേ ഡൽഹിയിലെ ITRD യിലേക്ക് (മാരുതി കമ്പനി) അവർ ചെലവും വഹിച്ച് പഠനത്തിനായി അയച്ചു. അവിടെ നൂറേക്കറോളം വരുന്ന സ്ഥലത്ത് 18 ദിവസത്തെ പരിശീലനത്തിനവസരം ലഭിച്ചു. കേരളത്തിൽ നിന്നുള്ള നാലു പേരിലൊരാൾ ആരിഫയായിരുന്നു.

ഭർത്താവ് ഗൾഫിലായിരുന്ന അവസരത്തിൽ മക്കളുടെ പഠനാവശ്യങ്ങൾക്കും വീട്ടുചെലവുകൾക്കും ബുദ്ധിമുട്ട് നേരിട്ടപ്പോഴും ഒന്നുമവർ ഭർത്താവിനെ അറിയിച്ചില്ല. പിന്നീടാണ് നിലമേൽ കുരയോട് എന്ന പ്രദേശത്ത് അജന്ത മോട്ടോർ ഡ്രൈവിംഗ് സ്കൂൾ അവർ ആരംഭിച്ചതും. പഠിച്ചിറങ്ങിയ എല്ലാ വിദ്യാർത്ഥിനികൾക്കും ആരിഫ ടീച്ചർ ഇന്നും പ്രിയങ്കരിയാണ്. തങ്ങൾക്ക് പരിചയമുള്ള എല്ലാവർക്കും ഡ്രൈവിംഗ് പഠനത്തിന് ടീച്ചറെത്തന്നെയാണ് അവർ നിർദ്ദേശിക്കുന്നത്. വഴിയിൽ വെച്ച് കണ്ടുമുട്ടിയ ഒരു പഴയ വിദ്യാർത്ഥിനി ഓടി വന്ന് കവിളിൽ ഒരുപാട് മുത്തം നൽകിയത് തികഞ്ഞ സ്നേഹത്തോടെ ടീച്ചർ ഓർത്തെടുത്തു.

മാതാപിതാക്കൾ പ്രായമായാൽ അടങ്ങിയൊതുങ്ങി എവിടെയെങ്കിലും ഇരുന്നുകൊള്ളണം എന്ന് പറയുന്ന മക്കൾ ആരിഫയുടെ മക്കളെക്കുറിച്ചറിയണം. എന്നും ഉമ്മയ്ക്ക് അവർ തികഞ്ഞ പ്രോത്സാഹനം നൽകിപ്പോന്നു. ഡ്രൈവിംഗ് പഠനത്തിനിടയിൽ കാറിൽ നിന്നിറങ്ങി വളയ്ക്കുന്നതും തിരിക്കുന്നതിനുമിടയിൽ നിർദ്ദേശം നൽകിയിരുന്നതും ഈ കുട്ടിമാഷുമാർ തന്നെയായിരുന്നു. ബുള്ളറ്റ് പഠിക്കാൻ ഏറ്റവുമധികം പ്രോത്സാഹനം നൽകിയത് മകനാണ്. ഉമ്മയ്ക്ക് കഴിവുണ്ടെന്നും അതുപയോഗിക്കണമെന്നും നിരന്തരം നിർദ്ദേശിച്ചുകൊണ്ടിരുന്നതും മകൻ തന്നെ.




**1952 ൽ പുറത്തിറങ്ങിയ ബ്യൂട്ടി പരേഡ് മാസികയിൽ സ്ത്രീകളുടെ ഡ്രൈവിംഗിനെ പരിഹസിച്ചു കൊണ്ടിറങ്ങിയ കാർട്ടൂൺ**



## തിണർപ്പ്



സതി അങ്കമാലി

# ജനാധിപത്യത്തിന്റെ ആന്തരിക ജീവിതങ്ങൾ

ആശയസംവാദങ്ങളിലൂടെ മാനവരാശിക്ക് എത്തിച്ചേരാവുന്ന ഏറ്റവും സമഗ്രതയാർന്ന ലോകവീക്ഷണമാണ് ജനാധിപത്യം. എന്നാൽ സമകാലീന ഇന്ത്യയിൽ ജനാധിപത്യത്തിന്റെ അടിസ്ഥാനമൂല്യങ്ങൾ നിരാകരിക്കപ്പെട്ടിരിക്കുന്നു എന്നുള്ളതുമാത്രമല്ല മനുഷ്യാന്തസ്സിനും, സഹോദര്യത്തിനും സമത്വഭാവനക്കും യാതൊരിടവുമില്ലാത്ത ജാതിവർണ്ണ നിയമങ്ങളുടെ അദൃശ്യ ലോകത്തെയാണ് ഭൂരിഭാഗം ബദലായി മുറുകെ പിടിക്കുന്നത് എന്നതാണ് നാം അകപ്പെട്ടിരിക്കുന്ന കുഴപ്പങ്ങളുടെ കാതൽ.

2500 വർഷങ്ങൾക്ക് മുൻപ് ഗ്രീക്കുകാർ വിവിധ രാഷ്ട്രീയസിദ്ധാന്തങ്ങൾക്ക് രൂപം നൽകുമ്പോൾ ഇന്ത്യയിൽ ബുദ്ധൻ ഇതിനു സമാനവും മർമ്മപ്രധാനവുമായ ചില ദർശനങ്ങൾ പ്രചരിപ്പിച്ചു കഴിഞ്ഞിരുന്നു. മനുഷ്യനും മനുഷ്യനും തമ്മിലുള്ള സമാനത ഉദ്ബോധിപ്പിച്ചു കൊണ്ട് അദ്ദേഹം ഉയർത്തിക്കാട്ടിയ ധൈഷണികതയിലൂന്നിയ മാനവികസംസ്ക്കാരം രാഷ്ട്രതന്ത്രത്തിന്റെ സിദ്ധാന്തപ്രയോഗങ്ങളോടൊപ്പം എഴുതിച്ചേർക്കപ്പെട്ടു. അദ്ദേഹത്തിന്റെ പ്രബലമായ യുക്തിവാദവും, സൂക്ഷ്മവും, അഗാധവുമായ തർക്കശാസ്ത്രവും സർവ്വോപരി ഗാഢമായ മനുഷ്യസ്നേഹവും ഒരു യഥാർത്ഥ ജനാധിപത്യ സമൂഹത്തെ കെട്ടിപ്പടുക്കാൻ പ്രാപ്തമായിരുന്നു.എന്നാൽ ഗ്രീക്ക് നഗരരാഷ്ട്രങ്ങളിലാണ് ജനാധിപത്യം ഉണ്ടായത് എന്ന് നാം പറയുമ്പോൾ തന്നെ രാഷ്ട്രീയസാമൂഹ്യ ചിന്തകനായിരുന്ന അരിസ്റ്റോട്ടിൽ അടിമത്വത്തെ അംഗീകരിച്ച വ്യക്തിയായിരുന്നു എന്ന് ഒപ്പം ഓർക്കേണ്ടതുണ്ട്. അവിടെ സ്ത്രീകൾക്കും, അടിമകൾക്കും സ്വാതന്ത്ര്യം ഉണ്ടായിരുന്നില്ല എന്നും ചരിത്രം നമ്മെ ബോധ്യപ്പെടുത്തുമ്പോൾ ഇന്ത്യ ലോകത്തിനു നൽകിയ ഏറ്റവും മഹത്തായ വ്യക്തിത്വമാണ് ബുദ്ധൻ എന്ന് മനസ്സിലാവും.

അത് വൈദികമതത്തിനെതിരായൊരു മതചിന്താപദ്ധതി അവതരിപ്പിച്ചതുകൊണ്ട് മാത്രമല്ല മറിച്ച് ചാതുർവർണ്ണ്യകാലത്ത് രൂപം കൊണ്ട ശൂദ്രവാഴ്ചകളെ അംഗീകരിച്ചു കൊണ്ട് അശോക ചക്രവർത്തിയിലൂടെ വ്യത്യസ്തമായൊരു ഭരണക്രമം സൃഷ്ടിച്ചതിലൂടെയാണ്. ആധുനിക ഇന്ത്യയിൽ ഡോ: ബി.ആർ അംബേദ്ക്കറിലൂടെ അസ്പൃശ്യർക്ക് കൂടി ഭരണ നിർവ്വഹണത്തിൽ പങ്കാളിത്തമുള്ളൊരു ജനാധിപത്യഭരണക്രമം സൃഷ്ടിക്കാനും അതുവഴി എല്ലാത്തരം വംശീയാധിപത്യങ്ങളെയും എതിർത്തു തോൽപിക്കാനും കഴിഞ്ഞത് പ്രാതിനിധ്യജനാധിപത്യം മുന്നോട്ട് വച്ചതുകൊണ്ടാണ്.

ചൈനയിൽ മാവോ നയിച്ച ജനകീയജനാധിപത്യ വിപ്ലവം, കൺഫ്യൂഷിയസ്സിന്റെ ചിന്തകളെ ഉൾക്കൊണ്ടു കൊണ്ടായിരുന്നുവെന്നും , ഇന്ത്യയിൽ ഇതിനു സമാനമായി ഡോ.ബി ആർ. അംബേദ്ക്കറിന്റെ ബുദ്ധമത പ്രവേശനത്തിന് സവിശേഷമായൊരു രാഷ്ട്രീയമാനമുണ്ടായിട്ടുണ്ടെന്നും ബുദ്ധന്റെ സമകാലീന രാഷ്ട്രീയപ്രസക്തിയെ ചർച്ച ചെയ്യുമ്പോൾ കാഞ്ച ഐലയ്യ നിരീക്ഷിക്കുന്നുണ്ട്.ബുദ്ധന്റെ ചിന്താപദ്ധതി, സമകാലീനതയിൽ പ്രസക്തമാകുന്നത് മതേതരത്വമെന്ന സങ്കൽപനത്തെ വ്യത്യസ്തമായൊരു തലത്തിൽ വ്യാഖ്യാനിക്കാനാവുന്നതുകൊണ്ട് മാത്രമല്ല , മറിച്ച് കീഴാളജനതയുടെ രാഷ്ട്രീയേച്ഛയുമായത് കണ്ണി ചേർക്കപ്പെടുന്നതുകൊണ്ട് കൂടിയാണ്.അത് സമ്പദ്ഘടനയെ എന്ന പോലെ സാമൂഹ്യജീവിതത്തെയും പരിഷ്ക്കരിച്ച് വ്യക്തിയെ ഭൂതകാലത്തിൽ നിന്നും

മോചിപ്പിക്കുന്നുവെന്നാണ്.ഇത് ജനാധിപത്യക്രമത്തിൽ സ്വയംനിർണ്ണയനം സാധ്യമാക്കുന്നു എന്ന് കെ. കെ കൊച്ച് (ദലിത് തിരിച്ചറിവുകൾ, ഭൂമി മലയാളം) നിരിക്ഷീക്കുന്നുണ്ട്.

ഒരു വ്യക്തിക്കോ സമുദായത്തിനോ സ്വയംനിർണ്ണയനം സാധ്യമാവുന്നത് നിലവിലെ അധികാരബന്ധങ്ങളെ അറിവിന്റെ ആർജ്ജവം കൊണ്ടും ചരിത്ര ബോധ്യം കൊണ്ടും നിരാകരിക്കുമ്പോൾ മാത്രമല്ല മറിച്ച് സ്വന്തം ജ്ഞാനവ്യവസ്ഥയുടെ ഭാഗമായി അതിനെ പൊളിച്ചെഴുതാനും, പുനർനിർമ്മിക്കാനും തുടങ്ങുമ്പോഴാണ്.

പാർശ്വവൽകൃത ജനതയെ മുന്നിൽ നിർത്തിക്കൊണ്ട് ഇന്ത്യയിലെ മുഴുവൻ സാമൂഹ്യ വിഭാഗങ്ങളെയും ഉൾക്കൊള്ളാൻ കഴിയുന്ന വിധമുള്ള ബൃഹത്തായ ഒരു സൈദ്ധാന്തിക ലോകത്തെ ഇന്ത്യയ്ക്ക് സംഭാവന ചെയ്ത മഹദ് വ്യക്തിയാണ് ഡോ: അംബേദ്ക്കർ.നമ്മുക്കറിയാം, ഇന്ത്യയിലെ വിജ്ഞാനോത്പാദന ഇടങ്ങൾ അംബേദ്ക്കറെയും അദ്ദേഹം വിഭാവനം ചെയ്ത പൊളിറ്റിക്കൽ മോഡലിനെയും ഏറ്റെടുക്കുകയും വിജയിപ്പിക്കുകയും ചെയ്തപ്പോൾ ഇന്ത്യൻ മനുവാദ ജീവിതബോധത്തിന് ഏറ്റ കനത്ത പ്രഹരമായിരുന്നു അത്. ഏതും കാലത്തും വിയോജനങ്ങളെ ഭയപ്പെട്ടിരുന്ന ബ്രഹ്മണിക്കൽ അവബോധം പ്രതിപ്രവർത്തിച്ചത് ആശയസമരത്തിലൂടെയല്ലാതെ, സ്വന്തം രാഷ്ട്രീയാധികാരം ഉപയോഗിച്ച് അംബേദ്ക്കററ്റുകളായ അഞ്ച് ദലിത് വിദ്യാർത്ഥികളുടെ ജീവനും, ജീവിതത്തിനും വില പറഞ്ഞു കൊണ്ടായിരുന്നു.അങ്ങനെ ഇന്ത്യൻ ഭരണകൂടം നേരിട്ട് പങ്കുപറ്റിയ ഒരു കുറ്റകൃത്യമാണ് ഹൈദരാബാദ് സെൻട്രൽ യുണിവേഴ്സിറ്റിയിലെ ഗവേഷക വിദ്യാർത്ഥി രോഹിത്തിന്റെ മരണം:'രോഹിത്തിനെ കൊന്നതാണ്' എന്നുള്ളത് ഒരു തിരിച്ചറിവാണ് .

ആ തിരിച്ചറിവിന്റെ നിർദ്ദയമായ വിചാരണകളിൽ ഇന്ത്യൻ ജനാധിപത്യം പ്രതിക്കൂട്ടിലാണ്.

വിചാരണകൾ ഒടുങ്ങുന്നില്ല.

ഉനയിലും ഉഡുപ്പിയിലും, മാൽക്കൻഗിരിയിലും, അട്ടപ്പാടിയിലും ,ചെങ്ങറയിലും, അരിപ്പയിലും, ഇഫ്ളുവിലും ,നാട്ടകത്തും ,കോട്ടയത്തും, നജീബിലും, നദിയിലും, കമൽ സി. യിലും ജിഷ്ണുവിലും അത് അവസാനിക്കുന്നതേയില്ല....

1930 കളിൽ അംബേദ്ക്കർ പറഞ്ഞതുപോലെ പരിഷ്ക്കരിക്കപ്പെടേണ്ടത് സവർണ്ണരാണ്. കാരണം ഇത് വിജ്ഞാനത്തിന്റെ കാര്യമാണ്. വിരോധത്തിന്റെയല്ല. അതുകൊണ്ടാണ് ലോ അക്കാദമി പ്രിൻസിപ്പൾ ആണെങ്കിലും മിനിമം സാമൂഹ്യ സാക്ഷരതയെങ്കിലുമില്ലെങ്കിൽ ഒരു ജനാധിപത്യ രാജ്യത്ത് ജീവിക്കാൻ അർഹതയില്ലാതാവുന്നത്. അപ്പാറാവുവിന്റെയും സുനിതാ റെഡ്ഢിയുടെയും സംസ്ക്കാരമില്ലായ്മയുടെ തറവാട്ടു വീട്ടിലേക്ക് കേരളത്തിനൊരു വാഴപ്പിണ്ടി തോരൻ. അത്ര തന്നെ.


എന്നാൽ ഇന്ത്യൻ ജനാധിപത്യത്തിന്റെ വഴി നടപ്പിൽ പുതിയൊരു മാതൃക ലോകം കാണുകയുണ്ടായി.അത് അംബേദ്ക്കർ സ്റ്റുഡൻസ് അസോസിയേഷനിലൂടെയും, അസ്മിതാ യാത്രയിലൂടെയും ഇങ്ങ് കേരളത്തിലെ ചലോ തിരുവനന്തപുരത്തിലും. ഇവിടെ എത്തി നിൽക്കുമ്പോൾ സാമൂഹ്യ ജനാധിപത്യത്തിന്റെയും മനുഷ്യസ്വാതന്ത്ര്യത്തിന്റെയും സൂക്ഷ്മവും വിശാലവുമായ ഉള്ളടക്കങ്ങളെ അഭിസംബോധന ചെയ്യാനുമുള്ള ഒരു പൊളിറ്റിക്കൽ പ്രോസസ്സ് നടന്നുകൊണ്ടിരിക്കുന്നു.

ഭൂരാഹിത്യം എന്നത് ബ്രാഹ്മണിക്കൽ അധികാര തുടർച്ചയുടെ മാർഗ്ഗമാണ് എന്നതിനപ്പുറം ഭൂരാഹിത്യം മനുഷ്യാവകാശ പ്രശ്നമാണെന്ന് തിരിച്ചറിഞ്ഞ്, ഏറ്റെടുത്ത് കൊണ്ട് വൈവിധ്യങ്ങളുടെ സഹവർത്തിത്വവും സമ്പദ് സാമൂഹ്യഘടനയുടെ പൊളിച്ചെഴുത്തും സാധ്യമാക്കുന്ന ഒരു സോഷ്യൽ എഞ്ചിനിയറിംഗ് പുതുതലമുറ ഏറ്റെടുക്കുന്നുണ്ട്.ഇത് കേവലമായ പ്രതീക്ഷയല്ല മറിച്ച് സാമൂഹ്യനീതി കാംക്ഷിക്കുന്നവരുടെ ലക്ഷ്യമാണ്.കാരണം നീതിയുടെ പക്ഷത്ത് നിന്ന് മനുഷ്യാവകാശങ്ങൾക്ക് വേണ്ടിയുള്ള ശബ്ദമുയരുന്നത് അകലങ്ങളിൽ നിന്നല്ല , സ്വന്തം ഹൃദയത്തിൽ നിന്നു തന്നെയാണ് !

പുസ്തകയാത്രകൾ



എം.ഡി.രാധിക




# സ്ത്രീവാദത്തിലെ നവതരംഗം

'ഫെമിനിസത്തെ വീണ്ടെടുക്കൽ (Reclaiming the F word)' എന്ന പുസ്തകമെഴുതിയത് കാതറീൻ റെഡ്ഫേണും ക്രിസ്റ്റിൻ ഓണും (Catherine Redfern and Kristin Aune) ചേർന്നാണ്. 'The F Word' എന്ന വെബ്സൈറ്റിന്റെ സ്ഥാപകയാണ് റെഡ്ഫേൺ. ക്രിസ്റ്റിൻ ഓൺ, ഡേർബി (Derby) യൂണിവേഴ്സിറ്റിയിൽ സമൂഹശാസ്ത്രം (Sociology) പഠിപ്പിക്കുന്ന ആളും ഫെമിനിസ്റ്റ് കൃതികളുടെ രചയിതാവും ആണ്. ഇരുവരും ചേർന്ന് 'London Third Wave' എന്ന നെറ്റ് വർക്കിംഗ് ഗ്രൂപ്പ് സ്ഥാപിക്കുകയുണ്ടായി. യുവതലമുറയെ സ്ത്രീവാദത്തിലേക്കാകർഷിക്കുന്നതിൽ ബദ്ധശ്രദ്ധരാണ് രണ്ടുപേരും. ഫെമിനിസം ഡൈനോസറുകളെപ്പോലെ നാമാവശേഷമായി എന്ന് ആരൊക്കെ വാദിച്ചാലും അത് ഇന്നും പ്രസക്തമാണെന്നും ജീവസ്സോടെ നിലനിൽക്കുന്നുണ്ടെന്നും അവർ കരുതുന്നു. അതു തെളിയിക്കുന്ന വിപുലമായ ഒരു സർവേയും (Survey) അവർ സംഘടിപ്പിക്കുകയുണ്ടായി. ഇന്നത്തെ യുവതികളിൽ പലരും തങ്ങളനുഭവിക്കുന്ന പല സൗകര്യങ്ങൾക്കും തങ്ങളുടെ ഫെമിനിസ്റ്റ് പൂർവ്വികർ നൽകിയ കനത്ത വില നന്നായി മനസ്സിലാക്കുന്നവരാണ്. ഫെമിനിസത്തിലെ മൂന്നാം തരംഗത്തിന്റെ വക്താക്കളായാണ് റെഡ്ഫേണും ഓണും ഈ തലമുറയെ കാണുന്നത്. UKയിലെ വസ്തുതകളെ അടിസ്ഥാനമാക്കിയാണ് ഈ പുസ്തകം പ്രധാനമായും സംസാരിക്കുന്നത്. 1992 മുതൽ

തന്നെ 'മൂന്നാം തരംഗം' എന്ന വിശേഷണം അമേരിക്കൻ സ്ത്രീവാദത്തിൽ പ്രചാരത്തിലുണ്ട്.

ബ്രിട്ടനിലെ സ്ത്രീവാദികളുയർത്തുന്ന ആവശ്യങ്ങളെ തങ്ങളുടെ പര്യവേക്ഷണത്തിന്റെ അടിസ്ഥാനത്തിൽ ഈ എഴുത്തുകാരികൾ ഏഴായി തരംതിരിക്കുന്നു: ശരീരത്തെ സ്വതന്ത്രമാക്കൽ, ലൈംഗികസ്വാതന്ത്ര്യം, സ്ത്രീക്കെതിരേയുള്ള അക്രമങ്ങൾക്ക് അറുതി, തൊഴിലിടത്തും വീട്ടിലും തുല്യത, രാഷ്ട്രീയത്തിന്റേയും മതത്തിന്റെയും നവീകരണം, ജനപ്രിയസംസ്ക്കാരത്തെ ലിംഗവിവേചനമുക്തമാക്കൽ, സ്ത്രീവാദത്തെ തിരിച്ചുപിടിക്കൽ എന്നിങ്ങനെ. ഏഴ് അദ്ധ്യായങ്ങളിലായി ഈ വിഷയങ്ങൾ ചർച്ചചെയ്യപ്പെടുന്നു.

നമുക്കോരോരുത്തർക്കും ജീവിതത്തിൽ ശരിക്കും സ്വന്തമെന്ന് പറയാൻ ആകെയുള്ളത് ഈ ശരീരമാണ്. എന്നാൽ അതിനെ പൂർണമായി സ്വീകരിക്കാനോ ബഹുമാനിക്കാനോ സമൂഹത്തിൽ നിലനിൽക്കുന്ന ശരീരഫാഷിസം (body fascism) നമ്മെ അനുവദിക്കുന്നില്ല. വരയും കുറിയും ചുളിവുമുള്ള തൊലിയും അയഞ്ഞു തൂങ്ങുന്ന വയറും ഒക്കെ അസ്വീകാര്യം. ശരീരത്തിന്റെ ചെറിയ അല്ലെങ്കിൽ ഭാവനയിൽ കാണുന്ന പോരായ്മകൾ പോലും വലിയ മനോവിഷമത്തിനു കാരണമാവുന്ന body dysmorphic disorder ഉള്ളവരാണ് പല യുവതികളും. Facelift നെപ്പറ്റി നാം കേട്ടിട്ടുണ്ട്. എന്നാൽ ഇന്ന് Footlift ഉം ഉണ്ട്. മാത്രമല്ല, ഏറെ പണം ചെലവാക്കി ചില സ്ത്രീകൾ കാലിലെ ചെറുവിരൽ നീക്കം ചെയ്യുന്നു. ഇതിനെ pink-ectomy എന്നാണ് വിളിക്കുന്നത്. ഏറ്റവും പുതിയതരം ഷൂസിന് പാദം പാകമാകാൻ വേണ്ടിയാണ് അങ്ങനെ ചെയ്യുന്നത്. അതുപോലെ ഡിസൈനർ യോനികളുടെ (designer vaginas) കാലം കൂടിയാണിത്. സ്ത്രീ ശരീരം പണ്ടത്തേക്കാൾ ദുരിതമനുഭവിക്കുന്നു എന്നു ചുരുക്കം. സൗന്ദര്യം പല അളവുകളിൽ, ആകൃതികളിൽ, നിറങ്ങളിൽ വരാം എന്ന തിരിച്ചറിവ് നമുക്ക് ആർജ്ജിക്കാനാവുന്നില്ല.

ചില ഫെമിനിസ്റ്റുകൾ ലൈംഗികചൂഷണത്തിനെതിരെ പൊരുതുമ്പോൾ, മറ്റു ചിലർ ലൈംഗികാനന്ദത്തിനായി നിലകൊള്ളുന്നു. രണ്ടും പ്രസക്തം. "കൊച്ചുപെൺകുട്ടികൾ പഠിക്കുന്നത് ആണിനെ മോഹിക്കാനല്ല, അവനാൽ മോഹിക്കപ്പെടാൻ മാത്രമാണ്.... പുരുഷനും സ്ത്രീയും ഒന്നുപോലെ കാമോദ്ദീപകമായി കാണുന്നത് അവളുടെ ശരീരവും അവന്റെ കാമനയുമത്രെ–" എന്ന് നയമി വൂൾഫ് (Naomi Wolf) ചൂണ്ടിക്കാട്ടിയിട്ടുണ്ട്. ലൈംഗികസാഹിത്യത്തിൽപ്പോലും (erotica) സ്ത്രീ എന്ന ഉപഭോക്താവിന് പ്രാധാന്യം കല്പിക്കപ്പെടുന്നില്ല. അശ്ലീലവീഡിയോകളാകട്ടെ സ്ത്രീപുരുഷശരീരങ്ങളെപ്പറ്റിയും ലൈംഗികതയെപ്പറ്റിയും തികച്ചും അയഥാർത്ഥമായ ധാരണകളാണ് പകർന്ന് നൽകുന്നത്.

**"കൊച്ചുപെൺകുട്ടികൾ പഠിക്കുന്നത് ആണിനെ മോഹിക്കാനല്ല, അവനാൽ മോഹിക്കപ്പെടാൻ മാത്രമാണ്.... പുരുഷനും സ്ത്രീയും ഒന്നുപോലെ കാമോദ്ദീപകമായി കാണുന്നത് അവളുടെ ശരീരവും അവന്റെ കാമനയുമത്രെ–" എന്ന് നയമി വൂൾഫ് (Naomi Wolf) ചൂണ്ടിക്കാട്ടിയിട്ടുണ്ട്. ലൈംഗികസാഹിത്യത്തിൽപ്പോലും (erotica) സ്ത്രീ എന്ന ഉപഭോക്താവിന് പ്രാധാന്യം കല്പിക്കപ്പെടുന്നില്ല.**

അശ്ലീലസാഹിത്യം (Pornography) ഹിംസയെ കാല്പനികവൽക്കരിക്കുന്നു. ലൈംഗികവിദ്യാഭ്യാസം (sex education) ഗർഭനിരോധനം പോലുള്ള പ്രായോഗികകാര്യങ്ങൾക്കു പുറമേ, ഉഭയസമ്മതം, പരസ്പരബഹുമാനം, ഇരുവരുടേയും ആനന്ദം, വൈകാരികത എന്നീ നൈതികതൾക്കും ഊന്നൽ നൽകണം. ഇതരലൈംഗികതകളും ലൈംഗികതാനിരാസവും വ്യക്തികളുടെ സാധുവായ തെരഞ്ഞെടുപ്പുകളായി അവരോധിക്കപ്പെടണം. നല്ല ലൈംഗികബന്ധങ്ങൾക്കു വേണ്ടിയാണ് സ്ത്രീവാദം നിലകൊള്ളുന്നത്. ബലാൽസംഗവും ലൈംഗികപീഡനവും മറ്റും ഇല്ലാതാവാൻ അത് സഹായിക്കും.

സ്ത്രീകൾക്കെതിരെയുള്ള അക്രമങ്ങൾക്ക് പല മുഖങ്ങളാണ്. നിർബന്ധിത ഗർഭഛിദ്രം, പെൺശിശുഹത്യ, ലൈംഗികാവയവങ്ങളെ വികലമാക്കൽ, ബലാൽസംഗം, നിർബന്ധിത വേശ്യാവൃത്തി, സ്ത്രീധനവും ദുരഭിമാനവുമായി ബന്ധപ്പെട്ട അതിക്രമങ്ങൾ, ഗാർഹികപീഡനം, പ്രായം ചെന്നവരെ ഉപദ്രവിക്കൽ എന്നിങ്ങനെ. ബലാൽസംഗത്തിന്റെ ഇരയെ കുറ്റപ്പെടുത്തുന്നതും, സ്വരക്ഷക്ക് എപ്പോഴും ബാദ്ധ്യസ്ഥയാക്കുന്നതും അവസാനിപ്പിച്ച് അതൊരു തെറ്റാണെന്ന് ആൺകുട്ടികളെ ചെറുപ്പം മുതലേ ബോധവൽക്കരിക്കുകയാണ് ചെയ്യേണ്ടത്. മറ്റൊന്ന്, തെരുവ് ഒരു പൊതുവിടമാണ്. അവിടെ പേടിയില്ലാതെ നടക്കാനാവുക എന്നത് മനുഷ്യാവകാശമാണ്. അത് സ്ത്രീക്ക് നിഷേധിക്കരുത്. പകരം സ്വന്തം സ്വാതന്ത്ര്യം പരിമിതപ്പെടുത്തിക്കൊണ്ട് ഈ പ്രശ്നത്തെ നേരിടാനാണ് സമൂഹം അവളോട് പറയുന്നത്. പൂവാലത്വം പുരുഷപ്രകൃതമാണെന്ന ന്യായീകരണത്തിൽ യാതൊരു കഴമ്പുമില്ല. അങ്ങനെയെങ്കിൽ എല്ലാ പുരുഷന്മാരും അത്തരത്തിൽ പെരുമാ

റണമല്ലോ. 1991ൽ കാനഡ (Canada) യിൽ ആരംഭിച്ച 'White Ribbon Campaign' (വെള്ളനാട പ്രചാരണം) ഒരു നല്ല മാതൃകയാണ്. സ്ത്രീകൾക്കെതിരായുള്ള യാതൊരക്രമണത്തിനും തങ്ങളില്ല എന്നു പറയുന്ന ആൺകുട്ടികളുടേയും മുതിർന്ന പുരുഷന്മാരുടേയും സംഘടനയുടെ പ്രതീകമാണ് ആ വെള്ള നാട.

വരുമാനമുള്ളൊരു ജോലി സ്ത്രീയുടെ അതിജീവനത്തിന് അത്യന്താപേക്ഷിതമാണ്. സ്വന്തം ആരോഗ്യം സംരക്ഷിക്കാനും, ജീവിതത്തിന്റെ ഗുണനിലവാരവും ദൈർഘ്യവും കൂട്ടാനും, ദുരിതപൂർണ്ണ ദൗത്യങ്ങളിൽ നിന്ന് വിടുതി നേടാനും അതവളെ പ്രാപ്തയാക്കും. എന്നാൽ തൊഴിലിടത്തെ ചൂഷണം പല സ്ത്രീകളേയും വലക്കുന്നുണ്ട്. വസ്ത്രനിർമ്മാണഫാക്ടറികളിലെ തൊഴിലാളികളെ ഉദാഹരണമായി എടുക്കുക. ഈ ഫാക്ടറികളിൽ വനിതകളെ കൂടുതലായി നിയമിക്കാനുള്ള ഒരു കാരണം പുരുഷന്റെ വിരലുകളെയപേക്ഷിച്ച് അവരുടെ കൈവിരലുകൾക്കുള്ള വലുപ്പക്കുറവ് എന്നതാണ്. ഇത് കൈത്തുന്നലിൽ സഹായകമാണ്. എന്നാൽ ഈ സ്ത്രീകൾക്കു നൽകുന്ന വേതനം നന്നേ കുറവാകുന്നു. ആഴ്ചയിൽ ആറുദിവസവും പന്ത്രണ്ടുമണിക്കൂർ വീതവും ജോലി ചെയ്യണം. നിർബന്ധിത overtime (അധികജോലി) ഉണ്ടാവും. അസുഖകാലവേതനമോ (sick pay) പെൻഷനോ ഇല്ല. ഫാഷനു പിറകെ അന്ധമായി പായുമ്പോൾ ആ മേഖലയിലെ ഇത്തരം ചൂഷണങ്ങൾ നാം കാണാതെ പോകുന്നു.

"രാഷ്ട്രീയത്തിലിറങ്ങുക എന്ന തീരുമാനമെടുക്കാൻ സ്ത്രീക്ക് ബുദ്ധിമുട്ടുണ്ട്. അവൾക്ക് ഭർത്താവിനേയും കുട്ടികളേയും കുടുംബത്തേയും അതിനായി തയ്യാറാക്കേണ്ടിവരുന്നു. ഈ തടസ്സങ്ങളെല്ലാം നീക്കിയാലും, അവൾ ഏതു രാഷ്ട്രീയക്കാരനെതിരായാണോ സ്ഥാനത്തിനായി അപേക്ഷിക്കുന്നത് അയാൾ അവൾക്കെതിരെ കഥകൾ മെനയും. ഇതിനെല്ലാം ശേഷവും, പാർട്ടിയധികാരികളുടെയടുത്ത് അവളുടെ പേര് എത്തിച്ചേർന്നാൽ ജയിക്കില്ലെന്ന കാരണം പറഞ്ഞു അവർ ആ പേര് വെട്ടും." ഇന്ത്യക്കാരിയും അന്ന് എം.പിയുമായിരുന്ന സുഷമാ സ്വരാജിന്റെ ഈ വാക്കുകൾ പുസ്തകത്തിൽ ഉദ്ധരിക്കപ്പെട്ടിട്ടുണ്ട്. പുരുഷന്മാരെപ്പോലെ തോന്നിപ്പിച്ച് രാഷ്ട്രീയത്തിൽ പ്രവേശിക്കുന്ന മാർഗരറ്റ് താച്ചറെപ്പോലെയുള്ള സ്ത്രീകൾ ഉണ്ട്. എന്നാൽ ഈ രീതി ഫലപ്രദമല്ല. സ്ത്രീകളെന്ന നിലയിൽ നമ്മുടെ വ്യത്യസ്തതയും, വികാരങ്ങളും, കാര്യങ്ങളെ കാണുന്ന തനതായ രീതിയും, എന്തിന് നമ്മുടെ കണ്ണുനീർ പോലും രാഷ്ട്രീയപ്രവർത്തനത്തിലേക്ക് കൊണ്ടുവരേണ്ടതുണ്ട്. നിയമവിധേയമായി കൈക്കൂലി രാഷ്ട്രീയത്തിൽ നിന്ന് നിർമ്മാർജ്ജനം ചെയ്യപ്പെടണം. പുകയില-മദ്യ-എണ്ണക്കമ്പനികൾ പാർട്ടികൾക്കു സംഭാവനകൾ നൽകുന്നത് തിരിച്ചു അനർഹമായ പലതും പ്രതീക്ഷിച്ചു കൊണ്ടാണ്. ജനപ്രതിനിധിസഭകൾ കൂടുമ്പോൾ നാടകീയസന്ദർഭങ്ങൾക്കും എതിർപക്ഷത്തെ താറടിക്കാനും സമയം ദുർവ്യയം ചെയ്യാതെ സൃഷ്ടിപരമായ സംവാദങ്ങൾക്കിടമൊരുങ്ങണമെന്ന് ഫെമിനിസ്റ്റുകൾ ആഗ്രഹിക്കുന്നു. സ്ത്രീയായതുകൊണ്ടുമാത്രം അധികാരി സ്ത്രീവാദനിലപാടുകൾ സ്വീകരിച്ചുകൊള്ളണമെന്നില്ല എന്ന ജാഗ്രതയും അവർ പുലർത്തുന്നുണ്ട്.

പുരുഷന്മാർ തങ്ങളുടെ അധികാരം അരക്കിട്ടുറപ്പിക്കാനായി രൂപം കൊടുത്തവയാണ് വലിയൊരളവിൽ മതങ്ങൾ. പല രണ്ടാംതരംഗസ്ത്രീവാദികളും secular (മതേതരർ) ആയിരുന്നു. മതവിശ്വാസികളായ സ്ത്രീകളെ സ്വാതന്ത്ര്യത്തിനുപകരം പുരുഷാധിപത്യം തെരഞ്ഞെടുത്തവരാണെന്ന് പറഞ്ഞ്, ഇക്കൂട്ടർ അവഗണിച്ചു. എന്നാൽ ആത്മീയതയും മതവുമായി ബന്ധപ്പെട്ട വിഷയങ്ങൾ ഇന്നത്തെ എല്ലാ സ്ത്രീവാദചർച്ചകളുടേയും ഭാഗമാകേണ്ടതുണ്ടെന്ന് ഈ പുസ്തകത്തിന്റെ രചയിതാക്കൾ കരുതുന്നു. കാരണം ഈ മേഖലകളിലെ ഫെമിനിസ്റ്റ് ഇടപെടലുകൾ പ്രധാനമാണ്. മതപുനഃക്രമീകരണവാദികൾ (religious reformists), മതനവീകരണവാദികൾ (religious revisionists), ആത്മീയ വിപ്ലവകാരികൾ (spiritual revolutionaries), മതനിരപേക്ഷസ്ത്രീവാദികൾ (secular feminist) ഇങ്ങനെ വിവിധ വിഭാഗങ്ങൾ സ്ത്രീവാദത്തിൽ ഉണ്ട്. ആദ്യത്തെ കൂട്ടർ, മതപാരമ്പര്യങ്ങളിൽ സ്ത്രീക്കും പുരുഷനും തുല്യപദവി വേണമെന്ന് വാദിക്കുന്ന ലിബറലുകൾ (മിതവാദികൾ) ആണ്. ആമിനാവദൂദിനെപ്പോലുള്ളവരും, ഇവാഞ്ചലിക്കൽ (സുവിശേഷപ്രചാരകർ) ക്രിസ്റ്റ്യൻ

**"രാഷ്ട്രീയത്തിലിറങ്ങുക എന്ന തീരുമാനമെടുക്കാൻ സ്ത്രീക്ക് ബുദ്ധിമുട്ടുണ്ട്. അവൾക്ക് ഭർത്താവിനേയും കുട്ടികളേയും കുടുംബത്തേയും അതിനായി തയ്യാറാക്കേണ്ടിവരുന്നു. ഈ തടസ്സങ്ങളെല്ലാം നീക്കിയാലും, അവൾ ഏതു രാഷ്ട്രീയക്കാരനെതിരായാണോ സ്ഥാനത്തിനായി അപേക്ഷിക്കുന്നത് അയാൾ അവൾക്കെതിരെ കഥകൾ മെനയും. ഇതിനെല്ലാം ശേഷവും, പാർട്ടിയധികാരികളുടെയടുത്ത് അവളുടെ പേര് എത്തിച്ചേർന്നാൽ ജയിക്കില്ലെന്ന കാരണം പറഞ്ഞു അവർ ആ പേര് വെട്ടും."**

ഫെമിനിസ്റ്റുകളും ഇവരിൽപ്പെടുന്നു. 2005ൽ ന്യൂയോർക്കിലെ വെള്ളിയാഴ്ച പ്രാർത്ഥനകളിൽ സ്ത്രീപുരുഷസംഘത്തെ നയിക്കുന്ന ആദ്യത്തെ സുന്നി മുസ്ലിം വനിതയായിത്തീർന്നു ആമിനാ വദൂദ്. 1992ൽ സ്ത്രീകളെ പുരോഹിതകൾ ആക്കാമെന്ന Chruch of England ന്റെ തീരുമാനത്തിനു പിന്നിൽ സുവിശേഷകരായ ഫെമിനിസ്റ്റുകളുടെ സമ്മർദ്ദമുണ്ട്. 2008ൽ ബിഷപ്പുമാരാകാനുള്ള അവകാശവും സ്ത്രീകൾക്കവിടെ ലഭിച്ചു. ദൈവശാസ്ത്രജ്ഞയായ Sally McFaque ഒരു റിവിഷനിസ്റ്റ് ആണ്. പിതാവും പുത്രനും പരിശുദ്ധാത്മാവും എന്ന ക്രിസ്തീയത്രിത്വത്തിനു പകരം അമ്മയും കാമുകനും സുഹൃത്തും എന്ന പുതിയ ദൈവമാതൃക അവർ മുന്നോട്ടു വയ്ക്കുന്നു. മരണാനന്തരജീവിതത്തിലല്ല, ഇഹലോകവാസത്തിലാണ് മതം ശ്രദ്ധ കേന്ദ്രീകരിക്കേണ്ടതെന്ന് നവീകരണവാദികൾ വിശ്വസിക്കുന്നു. ആത്മീയ വിപ്ലവകാരികൾക്കിടയിൽ സ്ത്രീദൈവങ്ങളെ ആരാധിക്കൽ വ്യാപകമാണ്. അവരിലൊരാളായ Carol Christ ക്രിസ്തീയ-ജൂതമതങ്ങളിലെ സ്ത്രീബിംബങ്ങളുടെ അഭാവത്തെ ചോദ്യം ചെയ്യുന്നു. സെക്യുലർ ഫെമിനിസ്റ്റുകളാവട്ടെ, "മതം സ്ത്രീക്ക് മാനുഷികമായ അന്തസ്സ് അനുവദിക്കുന്നില്ല. പുരോഗതിക്ക് എല്ലാ മതഗ്രന്ഥങ്ങളും തടസ്സമാണ്. അവ നമ്മുടെ കാലത്തിനോ ദേശത്തിനോ ചേർന്നവയല്ല" എന്ന തസ്ലീമ നസ്രീമിന്റെ ധീരമായ വാക്കുകൾക്കു പിന്നിലുള്ള തരം മനോഭാവം പുലർത്തുന്നവരാണ്.

ദൈവത്തെ മതത്തിന്റെ ഇടപെടൽ കൂടാതെ സ്വന്തമായി നിർവചിക്കുന്ന സ്ത്രീവാദികൾ ഉണ്ട്. അവർ പതിനഞ്ച് ശിഷ്യകളുണ്ടായിരുന്ന യേശുവിനെ ഒരു ഫെമിനിസ്റ്റായി തിരിച്ചറിയുന്നു. ഇസ്ലാമിൽ തങ്ങൾ ആത്മസമർപ്പണം ചെയ്യേണ്ടത് ദൈവത്തിനാണ് പുരുഷനല്ല എന്നു കണ്ടെത്തുന്നു. സ്ത്രീദൈവങ്ങളുടെ വീണ്ടെടുപ്പ് സ്ത്രീശരീരത്തിന്റെ പവിത്രത വീണ്ടെടുക്കുന്നതിലേക്ക് നയിക്കും എന്നു കരുതുന്നവരുണ്ട്. എല്ലാ മനുഷ്യരും സ്വന്തം നിലയിൽ പൗരോഹിത്യത്തിന് അവകാശമുള്ളവരാണെന്നു വിശ്വസിക്കുന്ന മറ്റു ചിലർ. ചിലരെങ്കിലും പുതിയ സ്ത്രീവാദ ആത്മീയതയെ 'നാലാംതരംഗ'മായി കാണുന്നുണ്ട്. ഇവിടെ ഫെമിനിസ്റ്റ് ആക്ടിവിസത്തിന്റെ ഊർജ്ജസ്രോതസ്സ് ദ്വേഷ്യമല്ല, ആനന്ദമാണ്. ഇവരുടെ താല്പര്യം മറ്റുള്ളവരെ സേവിക്കലാണ്. അവർക്കു മേലുള്ള അധികാരപ്രയോഗമല്ല.

നിയമനിർമ്മാണത്തിലൂടെ മാത്രം അവസാനിപ്പിക്കാവുന്ന ഒന്നല്ല സംസ്ക്കാരത്തിലെ ലിംഗവിവേചനം. അതിന് പൊതുജനത്തിന്റെ ചിന്താഗതി മാറണം. അവർ പുതുതായി പലതും ഉൾക്കൊള്ളാൻ തയ്യാറാവണം. മറ്റുള്ളവരെ വിധിക്കാനുള്ള അവരുടെ ത്വര കുറയണം. ജനപ്രിയസംസ്ക്കാരം (Popular culture) വലിയൊരളവിൽ സ്ത്രീവിരുദ്ധമാണ്. ഉദാഹരണമായി rap സംഗീതത്തിലെ ഏക

**പിതാവും പുത്രനും പരിശുദ്ധാത്മാവും എന്ന ക്രിസ്തീയത്രിത്വത്തിനു പകരം അമ്മയും കാമുകനും സുഹൃത്തും എന്ന പുതിയ ദൈവമാതൃക അവർ മുന്നോട്ടു വയ്ക്കുന്നു. മരണാനന്തരജീവിതത്തിലല്ല, ഇഹലോകവാസത്തിലാണ് മതം ശ്രദ്ധ കേന്ദ്രീകരിക്കേണ്ടതെന്ന് നവീകരണവാദികൾ വിശ്വസിക്കുന്നു. ആത്മീയ വിപ്ലവകാരികൾക്കിടയിൽ സ്ത്രീദൈവങ്ങളെ ആരാധിക്കൽ വ്യാപകമാണ്.**

മാനമായ പുരുഷത്വമെടുക്കുക. അതിൽ ഹിംസാത്മകത്വവും സ്ത്രീയുടെ മേൽ ആധിപത്യം സ്ഥാപിക്കാനുള്ള പ്രവണതയും homophobia യും (സ്വവർഗരതിയോടുള്ള യുക്തിരഹിതമായ വെറുപ്പ്) കാണാം. ടെലിവിഷൻ പരസ്യങ്ങളിലാവട്ടെ Voiceover (അശരീരിവാക്യങ്ങൾ) കൂടുതലും പുരുഷന്മാരുടേതും ദൃശ്യങ്ങൾ (visuals) സ്ത്രീകളുടേതും; അവൾക്ക് ശബ്ദമില്ല , അവൾ വെറുമൊരു കാഴ്ചവസ്തു. John Gray രചിച്ച 'Men are from Mars, Women are from Venus' എന്ന പുസ്തകം പോലുള്ള ജനപ്രിയകൃതികൾ ലിംഗപദവി (gender) പരിണാമത്തിന്റെ സൃഷ്ടിയും ജന്മനാ കൈവരുന്നതും ആണ് എന്ന തെറ്റായ ധാരണ പ്രചരിപ്പിക്കുന്നു. Alison Bechdel എന്ന കാർട്ടൂണിസ്റ്റ് രൂപം കൊടുത്ത സിനിമകൾക്കുള്ള ഒരു പരീക്ഷയുണ്ട്. ഈ പരീക്ഷ പാസ്സാവുന്നതിന് സിനിമയിൽ മൂന്നു സംഗതികൾ ഉണ്ടായിരിക്കണം. a) ഏറ്റവും കുറഞ്ഞത് രണ്ട് സ്ത്രീ കഥാപാത്രങ്ങൾ, b) അവർ തമ്മിലുള്ള സംഭാഷണം, c) അവരുടെ സംസാരവിഷയം പുരുഷനു പുറമെ മറ്റെന്തെങ്കിലും. നിത്യസംഭാഷണങ്ങളിൽപ്പോലും നമ്മൾ ജാഗരൂകരാവേണ്ടതുണ്ട്. അവയിൽ സ്ത്രീപുരുഷന്മാരെപ്പറ്റി ചിന്താരഹിതമായി മുന്നോട്ടുവെക്കപ്പെടുന്ന വാർപ്പുമാതൃകകൾ (stereotypes) തള്ളിക്കളയാൻ നമുക്ക് കഴിയണം. മുഖ്യധാരാസംസ്ക്കാരം നിങ്ങളെ പ്രതിനിധീകരിക്കുന്നില്ലെങ്കിൽ ഒന്നേ നിങ്ങൾക്കു ചെയ്യാനുള്ളു – സ്വയം പ്രതിനിധീകരിക്കുക.

ഫെമിനിസത്തിൽ വ്യത്യസ്തവീക്ഷണങ്ങളുള്ളതിനാൽ ഒരു പ്രശ്നം വരുമ്പോൾ എന്താണ് ശരിയായ ഫെമിനിസ്റ്റ് നിലപാട് എന്നു നിർണയിക്കാൻ പ്രയാസമുണ്ടായേക്കാം. എന്നാൽ ഈ വ്യത്യസ്തത പ്രസ്ഥാനത്തിന്റെ ദൗർബല്യമല്ല, അതിന്റെ ഉൾക്കൊള്ളൽ ശേഷി (inclusiveness) ആണ് കാണിക്കുന്നത്. ഈ നാനാത്വത്തിൽ ഒരു ഏകത്വ

മുണ്ട്. അത് സ്ത്രീയുടെ ഏതുതരം അടിച്ചമർത്തലിനെതിരെയുമുള്ള ഒരു സ്ത്രീവാദിയുടെ പ്രതിബദ്ധതയാണ്. ഒരു പാട് വ്യത്യസ്തകൾ ഉണ്ടെങ്കിലും സ്ത്രീവാദികൾ ഒരേ ലക്ഷ്യം വെച്ചു മുന്നേറുന്നവരാണ് എന്നർത്ഥം.

തുല്യതക്കു വേണ്ടി വാദിക്കുന്ന പുരുഷന്മാർ പുരോഗമനവാദികളെന്നു വിളിക്കപ്പെടുമ്പോൾ അതേ ആവശ്യമുയർത്തുന്ന സ്ത്രീകൾ കഴുത്തിനു ചുറ്റും നാക്കുള്ളവർ എന്ന് അവമതിക്കപ്പെടുന്നു. ഇതിലെ അനീതി തിരിച്ചറിയുക. ഫെമിനിസം ഒരു പേടി സ്വപ്നമായിരുന്നു എന്ന് ജനപ്രിയസാഹിത്യകാരൻ പൗലോകൊയ്‌ലോ. എന്നാൽ ഫെമിനിസം ഒരു ചീത്ത വാക്കല്ല എന്ന് ഈ പുസ്തകം കാര്യകാരണസഹിതം ലോകത്തോട് ഉച്ചത്തിൽ പറയുന്നു.

പുസ്തകത്തിൽ നിന്ന്

**"ഓരോരുത്തരും ഫെമിനിസ്റ്റായി ജനിക്കുന്നു. ഒരുപാട് സാമൂഹ്യവൽക്കരണത്തിലൂടെയാണ് ആളുകളെ അങ്ങനെയല്ലാതാക്കുന്നത്."** - ഒരു പതിനേഴുവയസ്സുകാരി P.205

റിപ്പോർട്ട്

സുൽഫത്ത്

# അഗസ്ത്യാർകൂടം എന്ന കയറാം മല

കേരളത്തിലെ ഏറ്റവും ഉയരം കൂടിയ രണ്ടാമത്തെ മലയാണ് അഗസ്ത്യാർകൂടം. പശ്ചിമഘട്ടത്തിലെ ഏറ്റവും വലിയ ജൈവവൈവിധ്യ ശേഖരവും അപൂർവ്വ ഔഷധ സസ്യങ്ങളുടെ കലവറയുമാണ് ഇവിടം.

സംസ്ഥാന സർക്കാർ വനം വകുപ്പ് എല്ലാ വർഷവും ജനുവരി ഫെബ്രുവരി മാസങ്ങളിൽ 41 ദിവസം അഗസ്റ്റർ കൂടത്തിലേക്ക് ട്രക്കിംഗ് നടത്താറുണ്ട്. ദിവസം 100 പേരെയാണ് ട്രക്കിംഗിൽ പങ്കെടുപ്പിക്കുന്നത്. പതിന്നാല് വയസ്സിൽ താഴെയുള്ള കുട്ടികളും സ്ത്രീകളും ട്രക്കിംഗിന് അപേക്ഷിക്കേണ്ടതില്ല എന്ന നിബന്ധന വർഷങ്ങളായി തുടർന്നുകൊണ്ടിരിക്കുന്നതാണ്.

ഒരു ജനാധിപത്യ സർക്കാരിന്റെ കീഴിൽ പ്രവർത്തിക്കുന്ന സ്ഥാപനമാണ് വനം വകുപ്പ്.ഭരണഘടന ഉറപ്പു നല്കുന്ന സ്ത്രീ പുരുഷ സമത്വം എന്ന അവകാശത്തിന്റെ ലംഘനമാണ് ഒരു സർക്കാർ വകുപ്പ് നടത്തിക്കൊണ്ടിരിക്കുന്നത്. സ്ത്രീയുടെ പഠിക്കാനും അറിയാനും ആസ്വദിക്കാനും സഞ്ചരിക്കാനുമുള്ള പൗരാവകാശങ്ങളുടെ നിഷേധം കൂടിയാണിത്.

വലിയൊരു ആൾക്കൂട്ടത്തിന്റെ പിൻബലമില്ലാതെ എന്നാൽ അനീതിക്കെതിരായ ഉറച്ച കാൽവെപ്പുകളോടെ ജനുവരി 16ന് വഴുതക്കാട് വനം വകുപ്പ് ഓഫീസിനു മുന്നിലും സെക്രട്ടറിയേറ്റിനു മുന്നിലും സ്ത്രീ സംഘടനകളുടെ നേതൃത്വത്തിൽ നടത്തിയ പ്രതിഷേധം ഫലംകണ്ടു .ചീഫ് വൈൽഡ് ലൈഫ് വാർഡൻ പ്രതിഷേധക്കാരുമായി സംസാരിക്കുകയും ടുക്കാമെന്ന് അറിയിക്കുകയും ചെയതു തുടർന്ന് ജനുവരി 24 ന് വനം വകപ്പ് മന്ത്രി, വനം വകുപ്പ് സെക്രട്ടറി, വനം വകുപ്പ് ഉദ്യോഗസ്ഥർ എന്നിവർ പങ്കെടുത്ത ചർച്ചയ്ക്ക് ക്ഷണിക്കുകയുണ്ടായി. ചർച്ചയിൽ സ്ത്രീകളെ അഗസ്ത്യമലയിൽ പ്രവേശിപ്പിക്കുന്നതിനെ എതിർക്കുന്ന ആദിവാസി വിഭാഗമായ കാണി സമുദായ പ്രതിനിധികളും പങ്കെടുത്തിരുന്നു.

സർക്കാരിന്റെ വാദം സ്ത്രീകൾക്ക് സുരക്ഷ തരാൻ കഴിയാത്തതുകൊണ്ടും വേണ്ടത്ര സൗകര്യങ്ങളില്ലാത്തതുകൊണ്ടുമാണ് സ്ത്രീകളെ പ്രവേശിപ്പിക്കാത്തത് എന്നായിരുന്നെങ്കിൽ ബ്രഹ്മചാരിയായ അഗസ്ത്യമുനിയുടെ തലയിൽ ചവിട്ടാൻ ഒരു സ്ത്രീയെയും അനുവദിക്കില്ലെന്നായിരുന്നു കാണി സമുദായക്കാരുടെ വാദം.

കാടും മലയും പുഴയുമെല്ലാം പൊതു സ്വത്തായിരിക്കുകയും ഖജനാവിലെ പണം ഉപയോഗിച്ച് സർക്കാർ ട്രക്കിംഗ് നടത്തുകയും ചെയ്യുമ്പോൾ ഈ വാദങ്ങളെ അംഗീകരിക്കുന്നതെങ്ങനെ? ഇന്നലെ വരെ അശുദ്ധിയുടെയും ആചാരങ്ങളുടെയും പേരിൽ സ്ത്രീകളെ തന്ത്രപൂർവ്വം സുരക്ഷാ കാരണങ്ങൾ പറഞ്ഞ് മാറ്റി നിർത്തിയ വനംവകുപ്പിന് സ്ത്രീകളുടെ ഇച്ഛാശക്തിക്കു മുമ്പിൽ വിവേചനം അവസാനിപ്പിക്കാമെന്ന് സമ്മതിക്കേണ്ടി വന്നു.

ആദ്യം ഇങ്ങനെയൊരു സ്ത്രീ വിവേചനമില്ലെന്നും പിന്നെ സ്ത്രീകളെ ഒരു കാരണവശാലും പ്രവേശിപ്പിക്കില്ലെന്നും പറഞ്ഞവനം വകുപ്പ് മന്ത്രി സ്ത്രീകളെ അഗസ്ത്യാർകൂടം ട്രക്കിംഗിൽ പങ്കെടുപ്പിക്കാനെടുത്ത തീരുമാനം സ്ത്രീശക്തിയുടെ ചരിത്ര പരമായ വിജയമായിരുന്നു.

10 സ്ത്രീകളെ മാത്രമേ ഇത്തവണ കൊണ്ടു പോകൂ എന്ന് ആദ്യം തീരുമാനമെടുത്തെങ്കിലും ആ തീരുമാനവും മാറ്റാൻ സർക്കാർ നിർബന്ധിതമായി.

സർക്കാർ തീരുമാനം വന്നതോടെ ആർത്ത വാശുദ്ധിയുടെ സംരക്ഷകർ സ്ത്രീകളെ അഗസത്യാർകൂടം ചവിട്ടാൻ അനുവദിക്കരുതെന്ന ആവശ്യവുമായി രംഗത്ത് വന്നിട്ടുണ്ട്.

. ആണിനു മാത്രം പ്രവേശനം അനുവദിക്കുന്ന ഒരിടവും ഇനി ഉണ്ടാകാതിരിക്കണമെങ്കിൽ ആണല്ലാത്തവരും അഗസ്ത്യാർകൂടത്തിന്റെ നെറുകയിൽ ചവിട്ടിയേ തീരൂ. ഉയരങ്ങൾ കീഴടക്കാനും പ്രതിബന്ധങ്ങളെ തരണം ചെയ്യാനും അവന് മാത്രമല്ല അവൾക്കും കഴിയും എന്ന് തെളിയിച്ചു കൊടുക്കാൻ അൻപത്തി ഒന്ന് സ്ത്രീകളുടെ ഒരു ലിസ്റ്റ് വനം വകുപ്പിന് കൈമാറിയിട്ടുണ്ട്. അഗസ്ത്യാർകൂടം അവരെ കാത്തിരിക്കുകയാണ്.

കഥ



സാജിത മൊയ്തീൻ

# നിഴലുകൾക്ക് പറയാനുള്ളത്



സൂര്യൻ അസ്തമിക്കാൻ തിടുക്കം കൂട്ടുന്നതുപോലെ അലീനക്കു തോന്നി. ടൗണിൽ നിന്നും കയറിയ ബസ്സിൽ സാമാന്യം തിരക്കുണ്ടായിരുന്നു. സ്ഥിരമായി കേറുന്ന ബസ്സായതുകൊണ്ട് സുരക്ഷിതമായ ഇടത്തു തന്നെ നിന്നു. ആദ്യമൊക്കെ കണ്ടക്ടർ പിന്നോട്ട് നീങ്ങിനിൽക്കാൻ പറയാറുണ്ടായിരുന്നു. അങ്ങിനെ നിന്നപ്പോഴൊക്കെ സഹയാത്രക്കാരായ പുരുഷൻമാരിൽ നിന്നും മോശമായ അനു വങ്ങൾ ഉണ്ടായിട്ടുണ്ട്. ഇപ്പോൾ കണ്ടക്ടർ ഒന്നും പറയാറില്ല. കാരണം കണ്ടർക്ടർക്കും, ഡ്രൈവറുടെ സീറ്റിനു പിന്നിലുള്ള ഇവിടെയല്ലാതെ എന്നെ സങ്കൽപ്പിക്കാൻ പറ്റാതായിരിക്കണം. ടെക്സ്റ്റയിൽസിൽ രാവിലെ മുതലുള്ള നിൽപ്പാണ്. ബസ്സിൽ കയറിയിട്ടും നിൽപ്പുതന്നെ. രാത്രിയായാൽ ചില പുരുഷൻമാർക്ക് സ്ത്രീകളുടെ സീറ്റ് ഒഴിഞ്ഞുതരാൻ മടിയാണ്. റിസർവേഷനൊക്കെ രാവിലെ ആറുമണിമുതൽ വൈകീട്ട് ആറുമണി വരെ മാത്രമാണെന്നായിരിക്കും!!

നഗരത്തിന്റെ അതിർത്തി കടന്ന് പഞ്ചായത്തിന്റെ പരിധിയിൽ കൂടി കുറച്ചുകൂടി മുന്നോട്ട് പോകണം. അവിടെ ഇറങ്ങി വീണ്ടും മറ്റൊരു ബസ്സിൽ കയറണം. നാലഞ്ചു കിലോമീറ്റർ കൂടി ഉണ്ട് അവിടെ നിന്ന്.

നഗരത്തിൽ നിന്നും വന്ന ബസ്സ് അലീനയെ അവിടെ പറഞ്ഞുവിട്ട് തിടുക്കപ്പെട്ട് ഓടിമറഞ്ഞു. മൂന്നു റോഡുകൾ ചേരുന്ന അവിടെ ആകെ ബ്ലോക്കാണ്. അവിടെ ഏതോ രാഷ്ട്രീയ പാർട്ടിയുടെ പൊതുയോഗം നടക്കുന്നുണ്ടെന്നു തോന്നുന്നു. ഇനി അതുവഴി ബസ്സോടില്ല.

സമയം ഏഴുമണി കഴിഞ്ഞിരിക്കുന്നു. ഇനി അഞ്ചു കിലോമീറ്റർ നടക്കുകതന്നെ. സ്റ്റേജിൽ പ്രസംഗം പൊടിപൊടിക്കുന്നു. ഈയിടെയായി ഇവിടെ ഇതു പതിവാണ്. ജനങ്ങളെ ബുദ്ധിമുട്ടിക്കാതെ യോഗം നടത്താൻ വേറെ എത്ര സ്ഥലമുണ്ട്. ജനങ്ങളുടെ ദുരിതമാണ് ഇവരുടെ വിജയം. കുറച്ചുദൂരം മുന്നോട്ടുനടന്നപ്പോഴേക്കും തെരുവുവിളക്കുകൾ കണ്ണടച്ചുകഴിഞ്ഞിരുന്നു. നടത്തത്തിനു വേഗം കൂട്ടി. റോഡിൽ ഇപ്പോൾ താൻ മാത്രം. എവിടെയൊക്കെയോ നിഴലുകൾ ഇളകുന്നു. അവയിൽ ചിലതിന് ഒറ്റക്കയ്യുള്ള ഒരുമനുഷ്യന്റെ രൂപം തോന്നി. പിന്നെ വൈകുന്നേരങ്ങളിൽ നേരം വൈകി വീട്ടിലെത്തുമ്പോൾ അമ്മ സ്ഥിരം പറഞ്ഞ് പേടിപ്പിക്കാറുള്ള ചിലരുടെ രൂപങ്ങളായും. താനെന്തിനു യക്കണം എന്നു അലീന ചിന്തിച്ചു. അവൾ കാണുന്ന നിഴലുകളെല്ലാം വൃക്ഷങ്ങളുടേയും ചെടികളുടേയുമായിരുന്നു. ഒരുകിലോമീറ്റർ കൂടി നടന്നാൽ ഇടത്തോട്ട് തിരിയണം അതാണ് വീട്ടിലേക്കുള്ള എളുപ്പവഴി. ബസ്സിനാണെങ്കിൽ കുറച്ചുകൂടി മുന്നോട്ടുപോയി അടുത്ത സ്റ്റോപ്പിൽ ഇറങ്ങണം. പ്രധാന റോഡിൽ നിന്നും ഇടത്തോട്ടുള്ള വഴിയിലൂടെ നടന്നു.

കുറച്ചപ്പുറത്ത് തെരുവുപട്ടികൾ കുരയ്ക്കുന്നു. അവ കൂട്ടത്തോടെ വന്നു ആക്രമിക്കുമോ? റോഡിൽ കുറച്ചു പട്ടികൾ നിൽപ്പുണ്ട്. അവൾ അവയെ ശ്രദ്ധിക്കാതെ മുന്നോട്ടു നടന്നു. പട്ടികളാവട്ടെ അവളെ കണ്ടാവം നടിച്ചില്ല.

വീട്ടിൽ നിന്നുള്ള വെളിച്ചം കുറേദൂരെ നിന്നുതന്നെ കാണാം. അമ്മ കോലായിൽ കാത്തിരുപ്പുണ്ടാവും. ചിലപ്പോൾ അമ്മക്കു കൂട്ടിനായി അടുത്തവീട്ടിലെ രാധേടത്തിയും. അലീന വന്നുകഴിഞ്ഞാലേ അവർ പോകാറുള്ളു.

ഇനിയിപ്പോൾ കുറേസമയം അമ്മയുടെ പരി വങ്ങളും കുറ്റപ്പെടുത്തലുമായിരിക്കും. നേരം വൈകി വരരുതെന്നു പറഞ്ഞിട്ടില്ലേ, പത്രത്തിലും ടി വിയിലും വരുന്ന വാർത്തകൾ കാണാറില്ലേ, പ്രായപൂർത്തിയായ ഒരു പെൺകുട്ടി നേരം വൈകി വരുമ്പോൾ ആളുകൾ അതുംഇതും പറയില്ലേ പോരാത്തതിന് ഇപ്പോൾ നാട്ടുകാരെ മൂഴുവൻ കടിക്കുന്ന തെരുവുപട്ടികളെ പ്പറ്റിയും. എന്നും ഇതാവർത്തിക്കും അമ്മ എന്നിട്ടേ നേരത്തെ തിളപ്പിച്ചുവെച്ച ചായ തരൂ.

**ഇനിയിപ്പോൾ കുറേസമയം അമ്മയുടെ പരി വങ്ങളും കുറ്റപ്പെടുത്തലുമായിരിക്കും. നേരം വൈകി വരരുതെന്നു പറഞ്ഞിട്ടില്ലേ, പത്രത്തിലും ടി വിയിലും വരുന്ന വാർത്തകൾ കാണാറില്ലേ, പ്രായപൂർത്തിയായ ഒരു പെൺകുട്ടി നേരം വൈകി വരുമ്പോൾ ആളുകൾ അതുംഇതും പറയില്ലേ പോരാത്തതിന് ഇപ്പോൾ നാട്ടുകാരെ മൂഴുവൻ കടിക്കുന്ന തെരുവുപട്ടികളെ പ്പറ്റിയും. എന്നും ഇതാവർത്തിക്കും അമ്മ എന്നിട്ടേ നേരത്തെ തിളപ്പിച്ചുവെച്ച ചായ തരൂ.**

അലീന മുറ്റത്തെത്തി. പതിവുപോലെ അമ്മ കോലായിൽ ഇരിപ്പുണ്ട്. ഇന്നെന്തോ രാധേടത്തി വന്നിട്ടില്ല. കോലായിൽ കയറിയപ്പോൾ തന്നെ അമ്മയുടെ പരി വവാക്കുകൾ കുറക്കാൻവേണ്ടി റോഡ് ബ്ലോക്കായ കഥ പറയാൻ തുടങ്ങി അലീന. അമ്മ അതൊന്നും കേൾക്കാതെ അകത്തേക്കുപോയി ചായ കൊണ്ടുവന്നു. അലീന അത്ഭുതപ്പെട്ടു. അമ്മക്കിന്നെന്തുപറ്റി? തന്റെ വഴിയേ ഇന്ന് ഒറ്റക്കയ്യുള്ളമനുഷ്യനോ, ചോരക്കുവേണ്ടി കൊതിച്ചിരിക്കുന്ന പട്ടികളോ വന്നില്ലല്ലോ!!



# മീനാക്ഷി ഗുരുക്കൾ : കളരിപ്പയറ്റിലെ സ്ത്രീ സാന്നിദ്ധ്യം

കളരിപ്പയറ്റ് എന്ന ആയോധനകലയിലൂടെ പത്മശ്രീപുരസ്കാരം നേടിയ മീനാക്ഷിയമ്മ. ആദ്യമായി കടത്തനാടിന് കിട്ടിയ പത്മപുരസ്കാരമാണിത്. ഏഴാം വയസ്സിൽ തുടങ്ങിയ കളരിയഭ്യാസം എഴുപത്തഞ്ചാം വയസ്സിലും അവർ തുടരുന്നു. കൂടാതെ, ആൺകുട്ടികളും പെൺകുട്ടികളുമടക്കം ഇരുന്നൂറോളം പേരെ ഫീസില്ലാതെ ഇവർ കളരി അഭ്യസിപ്പിക്കുകയും ചെയ്യുന്നുണ്ട്.


## വായനാനുഭവം



സൗമ്യ പി.ആർ.

# 'ക്രമസമാധാനം' തകർക്കുന്ന കഥകൾ

ചിരി എന്നത് ചിന്തയുടെ ഫലമാണ്. ആംഗ്യഭാഷയും ലിഖിതഭാഷയും ശരീരഭാഷയും ചിരിയുണർത്തുന്നതിനുവേണ്ടി ഉപയോഗിക്കുന്ന മാധ്യമങ്ങൾ ആകാം. ഇതിൽ, ലിഖിതഭാഷയിൽ രേഖപ്പെടുത്തിയിരിക്കുന്ന വസ്തുതകൾ വായിച്ച് ആസ്വദിക്കുന്നതിന്റെ ഫലമായി ചിരി ഉണരണമെങ്കിൽ അത് ചിന്തയിലൂടെ മാത്രമേ സാധ്യമാവുകയുള്ളൂ. ശരീരഭാഷയും ആംഗ്യഭാഷയും ചിരി ഉണർത്തുന്നത് കേവലം അബദ്ധങ്ങൾ കാണിക്കുന്നതിലൂടെ മാത്രമായും വരാം എന്നതിനാൽ വായനയിലൂടെ ചിരി ഉണർത്തുക എന്നത് താരതമ്യേനബുദ്ധിമുട്ടേറിയതാണ്. അതുകൊണ്ടുതന്നെ മലയാളസാഹിത്യത്തിൽ എഴുത്തിലൂടെ വായനക്കാരനെചിരിപ്പിക്കാൻ കഴിഞ്ഞിട്ടുള്ള എഴുത്തുകാരും ചുരുക്കമാണ്. തോലനും കുഞ്ചൻ നമ്പ്യാരും കഴിഞ്ഞാൽ വി.കെ.എൻ, ചെമ്മനം




ചാക്കോ, ബഷീർ എന്നിങ്ങനെവിരലിലെണ്ണാവുന്ന ആളുകൾക്കു മാത്രമേ ലിഖിതഭാഷ ഹാസ്യമാധ്യമം ആയി ഉപയോഗപ്പെടുത്താൻ കഴിഞ്ഞിട്ടുള്ളൂ. അതിൽത്തന്നെ വി.കെ.എൻ.ന്റെ ഹാസ്യം കടുത്തഭാഷയിലുള്ളതും ചരിത്രബോധമുള്ളവർക്കുമാത്രം ആസ്വദിക്കാൻ കഴിയുന്നതുമാണ്. ചെമ്മനം ചാക്കൊയുടെ കവിതകളാണ് ലാളിത്യബോധത്തോടെ ഹാസ്യമുണർത്തുന്നതിൽ വിജയിച്ചിട്ടുള്ളത്. 'ഠും പാത്തുമ്മായുടെ ആട് പെറ്റു' എന്ന് എഴുതുന്ന വൈക്കം മുഹമ്മദ് ബഷീറും എഴുത്തിലെ ഹാസ്യത്തിന്റെ മർമ്മം കണ്ടറിഞ്ഞിട്ടുണ്ട്. മലയാളത്തിൽ എഴുത്തുകാരികൾ തന്നെ വിരളമായിരിക്കെ, അതിൽ ഹാസ്യം കൈകാര്യം ചെയ്യുന്ന ഒരാളും നാളിതുവരെയുള്ള മലയാളസാഹിത്യത്തിലില്ല എന്നുപറഞ്ഞാൽ അത് അതിശയോക്തിയാകില്ല. ഈ ഒഴിവിടത്തിലേക്കാണ് സിൽവിക്കുട്ടി എന്ന

കഥാകാരി തന്റെ കഥകൾ നിരത്തിയിട്ട് സ്ഥാനമുറപ്പിക്കുന്നത്. ഓ ഈ പെണ്ണുങ്ങൾക്ക് നർമ്മബോധം ഇച്ചിരി കുറവാണെന്നേ എന്നു പറയുന്ന പൊതുമലയാളിബോധത്തിനിട്ടുള്ള ഒരു വെട്ടത്തിലടി (ഇരുട്ടടിയല്ല!) തന്നെയാകുന്നുണ്ട് സിൽവിക്കുട്ടിയുടെ കഥകൾ.

നർമ്മോപന്യാസം എന്നതുപോലെ മലയാളത്തിൽ ഇതേവരെ നർമ്മകഥകൾ ഒരു വിഭാഗമായിത്തീർന്നിട്ടില്ല. നിലവിൽ പ്രചരിക്കുന്ന നർമ്മകഥകൾ ടിന്റുമോൻ തമാശകൾ പോലെ ക്രിത്രിമമായി പടച്ചുവിടുന്ന തമാശക്കഥകളാണ്. യഥാർത്ഥ നർമ്മകഥകൾ അതല്ല. നർമ്മത്തിലൂടെ കുറിക്കുകൊള്ളുന്ന ഗഹനമായ ആശയങ്ങൾ വായനക്കാരിലെത്തിക്കുന്ന-അത്ര എളുപ്പം ആർക്കും വഴങ്ങാത്ത ഒരു മേഖലയാണത്. തുള്ളലിനോടു മാത്രമാണ് അതിനു സാദൃശ്യം. നർമ്മം സിൽവിക്കുട്ടിയുടെ കഥകളുടെ ആത്മാവാണെങ്കിൽ 'കുറിയ'കഥാശരീരമാണ് മറ്റൊരു പ്രത്യേകത. 'കുറുങ്കഥകൾ' മലയാളത്തിൽ വേണ്ടത്ര പ്രചാരം നേടിയിട്ടില്ല. വാരികകളിലും മറ്റും പ്രത്യക്ഷപ്പെടുന്ന പേജ് എണ്ണം കുറഞ്ഞ കഥകളെ ആണ് പലരും കുറുങ്കഥയായി തെറ്റുദ്ധരിക്കുന്നത്. എന്നാൽ, ഒരു വലിയ ആശയം ഏറ്റവും കുറഞ്ഞ വാക്കുകളിൽ എഴുതി ഫലിപ്പിക്കുക എന്ന ഉന്നതമായ ദൗത്യം നിർവഹിക്കുന്ന സർഗ്ഗാത്മകവൃത്തിയാണ് യഥാർത്ഥ കുറുങ്കഥകൾ നിർവഹിക്കുന്നത്. കുറുങ്കഥകളും കുറുങ്കവിതകളും യഥാർത്ഥത്തിൽ 'കടുകിൽ ഒതുക്കിയ കടൽ' തന്നെയാണ്. നർമ്മകഥകളെക്കുറിച്ചും കുറുങ്കഥകളെക്കുറിച്ചും തികച്ചും അബദ്ധധാരണകൾ മാത്രം നിലനിൽക്കുന്ന ഒരു സമൂഹത്തിനു നടുവിലേക്കാണ് സിൽവിക്കുട്ടിയുടെ ലക്ഷണമൊത്ത കഥകൾ പിറന്നുവീഴുന്നത്.

ജീവിതത്തിലെ എത്ര കടുത്ത അനുഭവങ്ങളും അതനുഭവിച്ചുകഴിഞ്ഞ് അടുത്ത ഘട്ടമാകുമ്പോഴേക്കും മറ്റുള്ളവരോടു പങ്കുവെയ്ക്കാവുന്ന കഥകൾ മാത്രമായി മാറിക്കഴിഞ്ഞിരിക്കും. ആ കഥകൾ പറയുന്നവർക്ക് അല്പം നർമ്മബോധം കൂടി ഉണ്ടെങ്കിൽ രസകരങ്ങളായ ആഖ്യാനങ്ങളായി അവ പരിണമിക്കും. അത്തരം ഒരു പരിണാമം ആണ് സിൽവിക്കുട്ടിയുടെ കഥകൾക്ക് ജീവിതവുമായുള്ള ബന്ധം. ചിലപ്പോൾ അത് നമ്മെ ചിരിപ്പിക്കും. ചിലപ്പോൾ ഭയപ്പെടുത്തും. ചിലപ്പോൾ കരയിക്കും. ചിലത് അസ്വസ്ഥരാക്കും. ഇതൊന്നുമില്ലാതെ അവ വായിച്ചുതീർക്കാൻ ആവില്ല എന്നതാണ് വാസ്തവം. വാക്കുകൊണ്ടോ നോക്കുകൊണ്ടോ പ്രവർത്തികൊണ്ടോ തകർക്കപ്പെടുന്ന അല്ലെങ്കിൽ ക്രമരഹിതമാക്കപ്പെടുന്ന മനുഷ്യന്റെ സമാധാനാവസ്ഥയെക്കുറിച്ചുള്ള കഥകളാണ് 'ക്രമസമാധാനം' എന്ന സിൽവിക്കുട്ടിയുടെ കഥാസമാഹാരം പങ്കുവെയ്ക്കുന്നത്. പെണ്ണിന്റെ സമാധാനനഷ്ടത്തെക്കുറിച്ചു പറയുന്ന കഥകൾ കുറച്ചേറെയുണ്ടെങ്കിലും അത് വായിക്കുമ്പോൾ പക്ഷേ സമാധാനരഹിതമാകുന്നത് ആണിന്റെ മനസ്സായിരിക്കും; ആത്മപരിശോധനആയിരിക്കും അതിനുകാരണമാവുന്നത്.

ആദികാവ്യം മലയാളത്തിലേക്കെഴുതുമ്പോൾ എഴുത്തച്ഛൻ കിളിയെക്കൊണ്ട് പാടിച്ചതുപോലെ എല്ലാ പെണ്ണുങ്ങളും ബുദ്ധിയുള്ളവരാ (സഹയാത്രിക) എന്ന് എഴുത്തുകാരി ഒരു മാരുതികാറിനെക്കൊണ്ട് തന്റെ കഥയിൽ പറയിക്കുന്നുണ്ട്. കാലവും (നാഗരികത) ലക്ഷ്യവും (ഈ പറച്ചിൽ അറം പറ്റട്ടെ; നല്ലതല്ലേ! എന്നതുതന്നെയാണ് ലക്ഷ്യം) മാറിയപ്പോൾ കിളി, മാരുതി കാറായത് സ്വാഭാവികം. അതിലുപരി, 'സഹയാത്രിക' എന്ന കഥ ഓരോ മലയാളിയേയും ഓർമ്മപ്പെടുത്തുന്നത് വി.ഡി.രാജപ്പൻ എന്ന കാഥികനെയാണ്. സമസ്തജീവജാലങ്ങളിലും സ്ഥാവരജംഗമവസ്തുക്കളിലും ചേതന ആരോപിച്ച് അവരുടെ ജീവിതം മനുഷ്യജീവിതത്തിനുസമാനം കഥകളിലൂടെ പാടി അവതരിപ്പിച്ച് മലയാളികളുടെ കാതുകളിൽ ആദ്യമായി എത്തിച്ചത് അദ്ദേഹമാണ്. കഥാകാരി, മാരുതി കാറിനെപെണ്ണായും സാൻട്രോ കാറിനെപൂവാലൻ ചെക്കനായും സങ്കല്പിച്ചപ്പോഴാണ് ഒരു സാൻട്രോ ചെക്കൻ പിന്നാലെ പമ്മുന്നു. നീ വല്ല കണ്ണും കാണിച്ചോ? (സഹയാത്രിക) എന്ന സംഭാഷണം പിറക്കുന്നത്. മനുഷ്യനുമാത്രമല്ല ഭൂമിയിലെ എല്ലാറ്റിനും ജീവിതമുണ്ടെന്ന ചിന്ത അപൂർവതയുള്ളതും കൗതുകത്തിലൂടെ ഹാസ്യം ജനിപ്പിക്കുന്നതുമാണ്.

പുതുതായി വാങ്ങിയ മാരുതികാറോടിക്കാൻ ലതികയെ പഠിപ്പിക്കുന്ന ഭർത്താവ്, ഇടത്തോട്ട്, വലത്തോട്ട്, ചവിട്ട്, കാലുകൊട്, ഗിയർ ഡൗൺ ചെയ്യ്.. എന്നിങ്ങനെഅലറിക്കൊണ്ട് നിർദ്ദേശങ്ങളുടെ ഭാണ്ഡം അവൾക്കുമേൽ ചൊരിഞ്ഞിടുകയും ഈ പെണ്ണുങ്ങൾക്ക് ഇതൊന്നും പറഞ്ഞിട്ടില്ല എന്ന മുൻവിധി പ്രസ്താവനഉരുവിടുകയും ചെയ്തുകൊണ്ടിരിക്കുന്ന സമയത്ത്, സ്വന്തം ബുദ്ധി ഉപയോഗിക്കാൻ സമ്മതിക്കുകയേയില്ല എന്ന ലതികയുടെ ചിന്ത ഘനമേറിയ ഒന്നാണ്. പഠനകാലയളവുകളിലുടനീളം സ്വയംപര്യാപ്തതയും നേതൃത്വഗുണവും പ്രകടിപ്പിക്കുന്ന സ്ത്രീകളിൽ ഭൂരിപക്ഷവും വിവാഹിതകളാകുന്നതോടെ എന്തിനും അന്യരെ ആശ്രയിക്കുന്ന ശീലമുള്ളവരാകുന്നത് എങ്ങനെ? എന്നതിനുത്തരം ആണ് ലതികയുടെ വാക്കുകളിൽ മുഴങ്ങുന്നത്. പെണ്ണുങ്ങൾക്ക് ഇതൊന്നും പറഞ്ഞിട്ടില്ല എന്ന ആൺബോധം അവരെ എന്തെങ്കിലും സ്വന്തമായി ചെയ്യുന്നതിന് വിലക്കു

കല്പിക്കും. എല്ലാം അവർ സ്വയം ചെയ്യുകയോ അവരുടെ മേൽനോട്ടത്തിൽ മാത്രം ചെയ്യാൻ അനുവദിക്കുകയോ ചെയ്യുമ്പോൾ ക്രമേണ ആത്മവിശ്വാസം നശിച്ച് അവൾ പരാശ്രയബോധമുള്ളവളായിത്തീരും. ഇവിടെയാണ് ലതികയുടെ ചിന്തയുടെ പ്രസക്തി. തെറ്റുപറ്റാത്ത മനുഷ്യരില്ല എന്ന സമാന്യവത്കരണചിന്തയിലൂടെ അടുത്ത ദിവസം ഇന്നു ഞാൻ തനിയെ ഒന്നോടിക്കട്ടെ എന്നു പറയുമ്പോൾ അവൾ ബുദ്ധിയുള്ള പെണ്ണായിത്തീരുന്നു. എല്ലാ പെണ്ണുങ്ങളും ഇങ്ങനെചിന്തയിലൂടെ ബുദ്ധിയുള്ളവരായി മാറേണ്ടതുണ്ട് എന്ന പാഠം കഥ പങ്കുവെയ്ക്കുകയും ചെയ്യുന്നു.

സിൽവിക്കുട്ടിയുടെ കഥകളിൽ പെൺചിന്തകൾ ചിലപ്പോഴെല്ലാം ആത്മഗതങ്ങൾ അല്ലെങ്കിൽ എഴുത്തുകാരി വായനക്കാരുമായി പങ്കിടുന്ന അഭിപ്രായ പ്രകടനങ്ങളായിട്ടാണ് പ്രത്യക്ഷപ്പെടുന്നത്. ആ ആത്മഗതങ്ങൾ വായനക്കാരനോട് സംവദിക്കുമ്പോഴാണ് ഹാസ്യം അതിന്റെ ധർമ്മം നിർവഹിക്കുന്നത്.

ക്രിസ്തുവിനുമുമ്പുള്ള ഭക്ഷണശീലങ്ങളാ ഇവിടൊരാൾക്ക്. അതും ആ ചത്തുപോയ തള്ള കഷ്ടപ്പെട്ടു പഠിപ്പിച്ചതാണ്.., അടുക്കളയിൽ ഗവേഷണമായിരുന്നോ ആ തള്ളയ്ക്ക് പണി (ക്രമസമാധാനം), ഓ.. സിനിമയിലും നോവലിലും എന്തോരം നല്ല കാമുകൻമാരാ! യഥാർത്ഥജീവിതത്തിൽ ഇവറ്റകളൊക്കെ എവിടെപ്പോയൊടുങ്ങുന്നോ എന്റീശ്വരൻമാരേ (പ്രണയസഞ്ചാരങ്ങൾ), കയ്യിലൊള്ളതെല്ലാം കളഞ്ഞുകുളിച്ചിട്ട് വല്ലോരടേം ചവിട്ടും വാങ്ങി നാടുവിടാതെ ഇനിയെങ്കിലും ചൊണയായിട്ട് നാട് ഭരിക്ക് ന്റെ മാവേലീ (സ്വർഗ്ഗവും നരകവും) എന്നിങ്ങനെആത്മഗതങ്ങൾ സത്യസന്ധമായ തുറന്നുപറച്ചിലുകൾ ആകുമ്പോൾ വായനക്കാരൻ ചിരിച്ചുകൊണ്ട് 'ഇതൊക്കെ സത്യമല്ലേ?' ചിന്തിക്കാതെ വയ്യെന്ന അവസ്ഥയിലെത്തും.

ആത്മഗതങ്ങളിലൊതുങ്ങാതെ പെൺചിന്തകളിലെ അമർഷങ്ങൾ വളരെ സ്വാഭാവികമായി പുറത്തുവരുന്ന അപൂർവം സന്ദർഭങ്ങളും കഥകളിൽ കാണാം. സ്ഥലം മാറ്റം കിട്ടിയെന്നും ഇനി ആഴ്ചയിലൊരിക്കലേ വരാൻ പറ്റൂ എന്നുമുള്ള വിവരമറിയുമ്പോൾ ഭാര്യയുടെ കണ്ണുകളിൽ കണ്ണീർ പൊടിയുമെന്ന കാല്പനിക ഭാവനയുമായി കഥാനായകൻ സമീപിക്കുമ്പോൾ സാരമില്ല, വേഗം ഒരു എട്ടു തേങ്ങയെടുത്ത് പൊതിച്ചുവെച്ചേക്ക്. ഒരാഴ്ചത്തേക്ക് അത്രയും മതിയാകും. (വിരഹം) എന്നുപറഞ്ഞ് അവൾ സ്വന്തം ജോലികളിൽ വ്യാപൃതയാകുന്നു. അതുകേട്ട് ഇതികർത്തവ്യതാമൂഢനായി നിൽക്കുന്ന ഭർത്താവിന്റെ രംഗം കണ്ടിട്ടുള്ള ചിരിയും ആണുങ്ങൾ സ്ഥിരമായി ചെയ്യാറുള്ള സഹായം തേങ്ങാ പൊതിക്കലിൽ ഒതുങ്ങുന്നു എന്ന വാസ്തവത്തിലധിഷ്ഠിതമായ ചിന്തയും ഒരേസമയം വായനക്കാരനിൽ ഉണർന്നുവരും.

സിൽവിക്കുട്ടിയുടെ സ്ത്രീകഥാപാത്രങ്ങൾ പലരും പേരില്ലാതെ 'അവൾ' എന്ന സംബോധനയിൽ ഒതുങ്ങി സാന്നിദ്ധ്യംകൊണ്ടു മാത്രം സ്വയം അടയാളപ്പെടുത്തുന്നവരാണ്. (പുതുവർഷം, കൊലപാതകം തുടങ്ങിയ കഥകൾ) പേരുകൾ ഉള്ള കഥാപാത്രങ്ങൾക്ക് നൽകിയിരിക്കുന്ന പേരുകളിൽ ചിലതെങ്കിലും വെറുതേ ഒരു പേരിടാൻ വേണ്ടി ഇട്ടിട്ടുള്ളതുമല്ല. ലജ്ജാവതി (ചോദ്യോത്തരങ്ങൾ), ശീലാവതി (വെട്ടുക്കിളികൾ) സുശീല (പകർച്ചവ്യാധികൾ), മേഴ്സി (ക്രമസമാധാനം) എന്നീ പേരുകളെല്ലാംതന്നെ പുരുഷാധിപത്യസമൂഹം അടിച്ചേൽപ്പിച്ച സ്ത്രീത്വഗുണങ്ങളുടെ പ്രതിനിധാനങ്ങളാണ്. അത്തരം ഗുണങ്ങളെ നിരാകരിക്കുക എന്നതുതന്നെയാണ് പ്രസ്തുത കഥകളിലെ നായികമാരുടെ ദൗത്യവും. ലജ്ജയില്ലാത്ത ലജ്ജാവതിയും സൗശീല്യങ്ങളിൽനിന്ന് വഴിമാറി നടന്ന സുശീലയും സഹനം സഹിക്കാത്ത ശീലാവതിയും ഒട്ടും കരുണയില്ലത്ത ജീവിതാനുഭവങ്ങളോടെതിർക്കുന്ന മേഴ്സിയും സ്വന്തം പേരുകളുടെ തിരുത്തൽ വാദികൾ തന്നെയാണ്.

പെണ്ണനുഭവങ്ങളുടെ പങ്കുവെയ്ക്കലുകളായും ബോധവത്കരണമായും നിലകൊള്ളുന്ന കഥകൾക്ക് പഞ്ഞമില്ല എങ്കിലും കഥാകാരി ഏതെങ്കിലും ഒരു വിഭാഗത്തിന്റെ മാത്രം പ്രശ്നങ്ങൾ കാണുന്ന ഒറ്റക്കണ്ണട ധരിച്ച് ലോകത്തെ നോക്കുന്നില്ല. ആണും പെണ്ണും ഇടകലർന്ന ലോകത്തിൽ പെണ്ണിനു മാത്രമല്ല ആണിനുമുണ്ട് ചെറുതല്ലാത്ത പ്രശ്നങ്ങൾ. അവർ ഒരുമിച്ചുള്ള ലോകത്തിലുമുണ്ട് ചെറുതല്ലാത്ത വിഷയങ്ങൾ. ഇവയെല്ലാം, കഥാകാരി തന്റെ വാക്കുകളിൽ കുടിയിരുത്തുന്നതിൽ ഉപേക്ഷ കാണിക്കുന്നില്ല എന്നത് സിൽവിക്കുട്ടി എന്ന കഥാകാരിയെ പെണ്ണെഴുത്തുകാരി എന്ന ചുരുക്കപ്പേരിൽ ഒതുക്കാൻ സാധ്യമല്ലാത്ത അവസ്ഥ സൃഷ്ടിക്കുന്നുണ്ട്. അതൊരു സാധ്യത കൂടിയാണ്. എഴുത്തിനുവേണ്ടി സ്വീകാര്യമായ വിഷയങ്ങൾക്ക് പരിധിയില്ലാതെയാകുമെന്ന സാധ്യത.

ആളുകളെ ആധിപിടിപ്പിക്കുന്ന കാര്യങ്ങൾ പർവ്വതീകരിച്ച് അവതരിപ്പിക്കുകയും അവർ ആശങ്കാകുലരായെന്ന് ഉറപ്പാക്കിയശേഷം 'ഒന്നും കാര്യമാക്കണ്ട' എന്ന് അതുവരെ പറഞ്ഞതിനെമുഴുവനും ഒറ്റവാക്കിൽ നിസ്സാരവത്കരിച്ച് ആശങ്കകൾ അതുപോലെ ബാക്കിനിർത്തി വിരമിക്കുകയും അവന്റെ വിഷമം കണ്ട് ആസ്വദിക്കുകയും ചെയ്യുന്ന മനുഷ്യസ്വഭാവവും (കള്ളൻമാർ) കടം

കിട്ടുന്നതുവരെ കാലു പിടിക്കുകയും കടം വാങ്ങിയശേഷം തനിസ്വഭാവം കാണിക്കുകയും ചെയ്യുന്ന മനുഷ്യത്വമില്ലായ്മയും (രണ്ടുനാലുദിനം കൊണ്ടൊരുത്തനെ) മറ്റും കഥകളിൽ ചിത്രീകരിക്കുമ്പോൾ അത് മനുഷ്യവർഗ്ഗത്തെ ആകെ പ്രതിക്കൂട്ടിൽ നിർത്തുന്നുണ്ട്.

പലപ്പോഴും വായനക്കാരനെചിരിപ്പിക്കുന്ന കഥകൾക്കിടയ്ക്ക് ഗൗരവമുള്ള ഒരു വിഷയം എറിഞ്ഞിട്ട് അമ്പരപ്പിക്കാനും കഥാകാരിക്ക് മടിയില്ല. 'ഇത്തിരി കണ്ണീരുപ്പുപുരട്ടാ–തെന്തിനു ജീവിത പലഹാരം' എന്നായിരിക്കാം കഥാകാരിയുടെ ന്യായം. ചിരി മാത്രമാകുമ്പോഴല്ല ഇടയ്ക്കെങ്കിലും നൊമ്പരപ്പെടുത്താൻ കഴിയുന്ന എന്തെങ്കിലും കൂടി ഉണ്ടാകുമ്പോഴേ അതുകഴിഞ്ഞുള്ള ചിരിക്ക് ആസ്വാദ്യത ഏറുകയുള്ളൂ എന്ന ചിരിയുടെ മർമ്മം കഥാകാരിക്ക് നന്നായറിയാം. അതുകൊണ്ടുതന്നെ, കഥയിൽ ഇരുണ്ടനിറത്തിൽ ജനിച്ചുവീണ കുഞ്ഞിനെവെളുപ്പിക്കണം എന്ന നിർദ്ദേശം കൊടുത്ത്, വെളുത്തില്ലെങ്കി ഞാൻ രണ്ടുകണ്ണും കുത്തിപ്പൊട്ടിച്ച് പിച്ചക്കാർക്കു കൊടുക്കും (ബുദ്ധിരാക്ഷസൻ) എന്ന് ഏതാനും വയസ്സിനുമൂത്ത സഹോദരൻ മൊഴിയുന്നത് വായിക്കുമ്പോൾ, അവന്റെ പെറ്റതള്ളയെപ്പോലെ, അത് ബുദ്ധിയെന്ന് വ്യാഖ്യാനിച്ച് നിസ്സാരമാക്കാൻ ചിന്താശേഷിയുള്ള വായനക്കാർക്ക് സാധ്യമല്ലാതെവരും. രോഗിയായിക്കിടക്കുമ്പോൾ സന്ദർശിക്കാനെത്തിയ എത്തിയ ആളിന്റെ സ്പർശനങ്ങൾ അതിരുവിടുമ്പോൾ ഈ അമ്മയ്ക്കൊന്നും മനസ്സിലാകുന്നില്ലേ? (സന്ദർശകൻ) എന്ന് പരാതിപ്പെടുന്ന മകൾ കാണാതെ തന്റെ നിസ്സഹായത കരഞ്ഞൊതുക്കുന്ന അമ്മയോട് സഹതപിക്കാനും ചിലർക്കെങ്കിലും ശപിക്കാനും തോന്നാതിരിക്കില്ല.

ചിലപ്പോഴെങ്കിലും ഞെട്ടിക്കുന്ന കഥാന്ത്യങ്ങൾ സമ്മാനിച്ച് വായനക്കാരനെഅങ്കലാപ്പിലാക്കാൻ കഥാകാരി ശ്രമിക്കുന്നുണ്ട്. സർ–റിയലിസ്റ്റിക് ഭാവനപോലും അതിനു തുണയായി സ്വീകരിക്കുന്നുമുണ്ട്. നരഭോജികളായ കുടുംബങ്ങൾ എത്തുന്ന ഒരു കടയിൽവെച്ച് സ്വന്തം സഹോദരിയുടെ കുഞ്ഞിത്തുടകളും കാലുകളും കണ്ട് 'വിശപ്പ് സഹിക്കാൻ പറ്റുന്നില്ല' (വിശക്കുന്ന വീടുകൾ) എന്നു പറയുന്നതിനൊപ്പം ഒരു നിലവിളിയോടെ കഥ അവസാനിക്കുകയും ചെയ്യുമ്പോൾ വായനക്കാരൻ ഒരു ഞെട്ടലോടെ പുസ്തകത്തിൽ നിന്നും ഉൾവലിയുകതന്നെ ചെയ്യും. മരണം കൊണ്ട് വിരാമമിടുന്ന കഥകളും ഒരു ഞെട്ടലോടെ വായനക്കാരനെയാഥാർത്ഥ്യത്തെ കുറിച്ച് ചിന്തിക്കാൻ പ്രേരിപ്പിക്കും. റോഡു വരുന്നതോടെ ദാരിദ്ര്യം ഉൾപ്പടെയുള്ള എല്ലാ ദുരിതവും മാറുമെന്ന് വിശ്വസിക്കുന്ന ഭർത്താവിനെയാഥാർത്ഥ്യം ബോധ്യപ്പെടുത്താൻ കഴിയാതെ കണ്ണടയ്ക്കുന്ന കറമ്പി (വഴികൾ) നാഗരവത്കരണം മറച്ചുപിടിക്കുന്ന ചതിക്കുഴികളുടെ ഇര തന്നെയാണ് എന്നത് ഒരു ഞെട്ടിക്കുന്ന യാഥാർത്ഥ്യമാണ്. കറമ്പി ഒരൂ വ്യക്തി മാത്രമല്ല ഒരു ഭൂരിപക്ഷത്തിന്റെ പ്രതീകമാണ് എന്ന ബോധ്യത്തിലേക്കെത്തുമ്പോൾ മാത്രമാണ് ഒരു ഭൂരിപക്ഷത്തിന്റെ കുഴിമാടത്തിനുമേൽ കുത്തി നിർത്തിയ കുരിശടയാളമാണ് നാഗരികത എന്ന സത്യം നമ്മെ അലോസരപ്പെടുത്തുന്ന ചിന്തയായി മാറുകയുള്ളൂ.

പെണ്ണനുഭവങ്ങളും ആണനുഭവങ്ങളും പൊതുജീവിതാനുഭവങ്ങളും ഒട്ടും ലോഭമില്ലാതെതന്നെ കഥാകാരി വാക്കുകളിൽ കോറിയിടുമ്പോൾ അത് വായനക്കാരന്റെ മനസ്സിൽ ചിന്തകൊണ്ട് പോറലേൽപ്പിക്കുകയും ചിരികൊണ്ട് ലേപനമാകുകയും ചെയ്യുന്നുണ്ട്. ഒരു നല്ല 'എന്റർറ്റെയിൻമെന്റ് സിനിമ' കണ്ടിറങ്ങിയ പ്രതീതി വായനക്കാരന് ഉടനടി ലഭിക്കുമെങ്കിലും ചിന്തകളുടെ ഭാരം മനസ്സിന്റെ ആഴങ്ങളിൽ ക്രമേണ അനുഭവപ്പെടുത്താൻ കഴിയുന്നു എന്നത് സിൽവിക്കുട്ടിയുടെ കഥകൾക്കുള്ള അനുപമമായ മേൻമ തന്നെയാണ്. ഒരു വള്ളക്കാരൻ തന്റെ തോണി തുഴയുമ്പോൾ ബുദ്ധിജീവിനാട്യമുള്ള യാത്രക്കാരൻ ഓരോ ചോദ്യങ്ങൾ ചോദിച്ച് വള്ളക്കാരന്റെ അറിവില്ലായ്മകളുടെ കണക്കെടുത്ത് ഓരോന്നിനും മരണം വിധിക്കുമ്പോഴും അയാൾ മൗനം പാലിക്കുകയും 'കൊടുങ്കാറ്റിൽ ഉടനെവള്ളം മറിയും, രക്ഷപ്പെടാൻ നീന്തൽ അറിയുമോ?' എന്ന ഒറ്റ ചോദ്യംമാത്രം തിരിച്ച് ചോദിക്കുമ്പോൾ ഇല്ല എങ്കിൽ നിങ്ങൾ യഥാർത്ഥത്തിൽ മരിക്കാൻ തയ്യാറായിക്കൊള്ളൂ! എന്നു പറയുകയും ചെയ്യുന്ന നാടോടിക്കഥ എല്ലാവർക്കും അറിയാമായിരിക്കും. ഒടുവിൽ ആ വള്ളക്കാരൻ തന്നെയാണ് അയാളെ രക്ഷപ്പെടുത്തുന്നത്. അതുപോലെ മികച്ച എഴുത്തുകാരുടെ മികച്ച രചനകൾ മാത്രമേ വായിക്കൂ എന്ന് ശാഠ്യം പിടിക്കുന്ന ബുദ്ധിജീവി നാട്യങ്ങളില്ലാതെ, ചിരിപ്പിക്കാൻ കഴിയുന്ന കഥകൾ തന്നെയാണ് ഏറ്റവും മികച്ച കഥകൾ എന്ന ആത്യന്തികമായ അറിവിലേക്കാണ് 'ക്രമസമാധാനം' എന്ന കഥാസമാഹാരം വായനക്കാരനെകൊണ്ടെത്തിക്കുക. ഒരു സമ്പൂർണ്ണപഠനം വായനക്കാരന്റെ ജിജ്ഞാസയെ ഇല്ലാതാക്കും എന്നതിനാൽ, 'ക്രമസമാധാനം' എന്ന സമാഹാരത്തിലെ 43 കഥകളിൽ പത്തിൽ താഴെ വരുന്ന കഥകളുടെ രചനാരഹസ്യം മാത്രമാണ് ഇതിൽ ചർച്ച ചെയ്തിട്ടുള്ളത്. ബാക്കിയുള്ളവ വായനക്കാരന്റെ മുഖത്ത് ചിരിയലകൾ സൃഷ്ടിക്കുക, ചിരിപ്പിച്ചുകൊണ്ട് ചിന്തയിലേക്ക് വഴുതാൻ കാരണമാകുക എന്നീ ജൻമദൗത്യങ്ങൾ നിറവേറ്റുന്നതിനുവേണ്ടി നിലകൊള്ളുന്നുണ്ട്.

ശാസ്ത്രം



സീമ ശ്രീലയം

# വെരാ റൂബിൻ: നക്ഷത്രാന്തര രഹസ്യങ്ങൾ തേടിയ വനിത



പ്രതിസന്ധികളോടും അവഗണനകളോടും പടവെട്ടി ശാസ്ത്രവിസ്മയങ്ങളുടെ ആകാശം കൈയെത്തിപ്പിടിച്ച വനിതയാണ് വെരാ കൂപ്പർ റൂബിൻ .ഭൌതികത്തിലും ജ്യോതിശ്ശാസ്ത്രത്തിലും തന്റേതായ ഇടം കണ്ടെത്തിയ ഈ വനിത അനേകം സ്ത്രീകളെ ശാസ്ത്രഗവേഷണ രംഗത്തേക്ക് കൊണ്ടുവരികയും ചെതു. സ്ത്രീകൾ ശാസ്ത്രഗവേഷണം പോയിട്ട് ശാസ്ത്രം പഠിക്കാൻ പോലും മടിച്ചു നിന്ന ഒരുകാലത്തു ജനിച്ചിട്ടും ഇച്ഛാശക്തിയോടെ ശാസ്ത്രത്തിന്റെ വഴിയേ സഞ്ചരിക്കുകയും അങ്ങകലെയുള്ള നക്ഷത്രങ്ങളുടെയും ഗാലക്സികളുടെയും രഹസ്യങ്ങൾ തേടുകയും ഇരുണ്ടദ്രവ്യ സാന്നിധ്യത്തെക്കുറിച്ചുള്ള സാധ്യതകൾ മുന്നോട്ടുവയ്ക്കുകയും ചെയ്ത വെരാ റൂബിൻ ഇക്കഴിഞ്ഞ ഡിസംബർ 25 ന് പ്രിൻസ്റ്റണിൽ അന്തരിച്ചു.ശാസ്ത്രരംഗത്തെ വനിതകൾക്ക് ഒരു വഴികാട്ടി തന്നെയാണ് ഇവരുടെ ജീവിതം. നാം ഈ പ്രപഞ്ചത്തെക്കുറിച്ച് അറിഞ്ഞത് അല്പം മാത്രമാണെന്ന് വെരാ റൂബിൻ പല അഭിമുഖങ്ങളിലും പറയുമായിരുന്നു. നക്ഷത്രങ്ങൾക്കും ഗാലക്സികൾക്കും ഇനിയുമൊരുപാട് രഹസ്യങ്ങൾ പറയാനുണ്ടെന്നും..

1928 ജൂലൈ 23 ന് യു എസ്സിലെ ഫിലാഡൽഫിയയിൽ ഇലക്ട്രിക്കൽ എഞ്ചിനീയർ ആയ ഫിലിപ്പ് കൂപ്പറുടെയും റോസ് കൂപ്പറുടെയും മകളായാണ് വെരയുടെ ജനനം. കുട്ടിക്കാലത്ത് കിടപ്പുമുറിയിലെ ജാലകത്തിലൂടെ ആകാശത്ത് മിന്നിത്തിളങ്ങുന്ന നക്ഷത്രങ്ങളെ നോക്കിക്കിടക്കാൻ ഇഷ്ടപ്പെട്ടിരുന്നു ആ പെൺകുട്ടി. പക്ഷേ ആകാശത്തെയും നക്ഷത്രങ്ങളെയും സ്നേഹിച്ച വെരയ്ക്ക് ശാസ്ത്രപഠനം അന്നത്തെക്കാലത്ത് ഒട്ടും എളുപ്പമായിരുന്നില്ല. പല സ്ഥാപനങ്ങളും ശാസ്ത്രവിഷയങ്ങളിൽ പെൺകുട്ടികൾക്ക് പ്രവേശനം പോലും നൽകിയിരുന്നില്ല. അധ്യാപകർ പോലും ശാസ്ത്രപഠനത്തിൽ നിന്നു പിന്തിരിയാനാണ് ആ പെൺകുട്ടിയെ ഉപദേശിച്ചത് ! എന്നാൽ വെരാ റൂബിൻ തളർന്നില്ല. വാസ്സർ കോളജിൽ ചേർന്നു പഠിച്ചു. ഒരു ധൂമകേതുവിനെ കണ്ടുപിടിച്ചതിലൂടെ പ്രശസ്തയായ മരിയ മിച്ചേൽ അവിടെ പഠിപ്പിച്ചിരുന്നു എന്നതാണ് വെര റൂബിനെ അങ്ങോട്ടാകർഷിച്ചത്.1948 ൽ ബിരുദം നേടി പുറത്തിറങ്ങുകയും ചെയ്തു. ആ വർഷം തന്നെയായിരുന്നു റോബർട്ട് റൂബിനുമായുള്ള വെരയുടെ വിവാഹം.

വിവാഹശേഷവും പഠനം തുടർന്നു. .പ്രിൻസ്റ്റണിൽ ഉപരിപഠനത്തിനു ശ്രമിച്ചെങ്കിലും ആസ്ട്രോഫിസിക്സിൽ അക്കാലത്ത്

പെൺകുട്ടികൾക്ക് പ്രവേശനമുണ്ടായിരുന്നില്ല !തുടർന്ന് ബിരുദാനന്തര ബിരുദ പഠനത്തിനായി കോർണലിലേക്ക് പോവുകയും 1951 ൽ മികച്ച രീതിയിൽ കോഴ്സ് പൂർത്തിയാക്കുകയും ചെയ്തു.റോബർട്ട് റൂബിന് ബാൾട്ടിമോറിൽ ജോലി കിട്ടിയതിനെത്തുടർന്ന് അവർ വാഷിങ്ടണിലേക്ക് താമസം മാറി. വെരാ റൂബിൻ ജോർജ് ടൌൺ യൂണിവേഴ്സിറ്റിയിൽ വിദൂര ഗാലക്സികളുടെ സവിശേഷതകളും ചലനവും സംബന്ധിച്ച ഗവേഷണങ്ങൾ നടത്തുകയും ഡോക്റ്ററേറ്റ് നേടുകയും ചെയ്തു. എന്നിട്ടും ജ്യോതിശാസ്ത്ര രംഗത്ത് ചുവടുറപ്പിക്കുക എന്നത് ഒരു സ്ത്രീയെ സംബന്ധിച്ച് ഒട്ടും എളുപ്പമായിരുന്നില്ല. ആസ്ട്രോഫിസിക്സ് രംഗത്ത് പ്രശസ്തനായ ജോർജ് ഗമോവിനൊപ്പം ഗവേഷണത്തിന് അവസരം കിട്ടാനും ഏറെ ശ്രമിക്കേണ്ടി വന്നു. ഗാമോവുമായി ഒരു കൂടിക്കാഴ്ചയ്ക്ക് അദ്ദേഹത്തിന്റെ ജോലിസ്ഥലത്ത് ചെന്നപ്പോൾ ഓഫീസിനു പുറത്ത് ലോബി വരെയേ അവരെ കടത്തിവിട്ടുള്ളൂ. മുകൾനിലയിലെ ഓഫീസിലേക്ക് സ്ത്രീകൾക്ക് പ്രവേശനം നിഷിദ്ധമായിരുന്നത്രേ ! 1965 ൽ കാർണെജീ ഇൻസ്റ്റിറ്റ്യൂട്ടിൽ ഗവേഷത്തിനായി ചേർന്നെങ്കിലും കലിഫോർണിയയിലെ മൌണ്ട് പാലോമറിലെ വലിയ ടെലിസ്കോപ്പ് ഉപയോഗിക്കാൻ ആദ്യം അനുമതി ലഭിച്ചില്ല. സ്ത്രീകൾക്കുള്ള റെസ്റ്റ് റൂം അവിടെയില്ല എന്നതായിരുന്നു കാരണം!

മൌണ്ട് പാലമോറിൽ വച്ച് ഡബ്ല്യു കെന്റ് ഫോർഡ് എന്ന ശാസ്ത്രജ്ഞനോടൊപ്പം 1970 കളിൽ നടത്തിയ ഗവേഷണങ്ങൾ ഭൌതികത്തിലും ജ്യോതിശാസ്ത്രത്തിലും പുതിയൊരു വഴിത്തിരിവാണുണ്ടാക്കിയത്. ഗാലക്സികളെ നിരീക്ഷിക്കുകയും പഠിക്കുകയും ചെയ്യുന്നതിനിടയ്ക്കാണ് വിചിത്രമായ ഒരു കാര്യം വെരയുടെ ശ്രദ്ധയിൽപ്പെട്ടത്. ഗാലക്സിയുടെ കേന്ദ്രത്തിനടുത്തുള്ള നക്ഷത്രങ്ങളുടെ ചലനവേഗം കൂടുതലാണെന്നും കേന്ദ്രത്തിൽ നിന്നകലെയുള്ള നക്ഷത്രങ്ങളുടെ ചലനവേഗം കുറവാണെന്നുമാണ് കരുതപ്പെട്ടിരുന്നത്. .എന്നാൽ ഗാലക്സീകേന്ദ്രത്തിൽ നിന്ന് അകലും തോറും വേഗത അത്രയ്ക്കങ്ങു കുറയുന്നില്ല എന്ന കാര്യം ഇവരെ അമ്പരപ്പിക്കുക തന്നെ ചെയ്തു. അതിവേഗം കറങ്ങുന്ന ഗാലക്സിക്കൂട്ടങ്ങളിൽ നിന്ന് ഗാലക്സികൾ ചിതറിപ്പോവാതെ പിടിച്ചുനിർത്തുന്ന ഏതോ ഒരു ബലം ഉണ്ടായിരിക്കാം എന്ന വലിയൊരു സാധ്യതയിലേക്കാണ് ഈ ഗവേഷണം വിരൽ ചൂണ്ടിയത്. അത് ഇരുണ്ടദ്രവ്യത്തിന്റെ ഗുരുത്വാകർഷണ ബലമായിരിക്കാം എന്ന ആശയം വെരാ റൂബിൻ മുന്നോട്ടുവച്ചു..ഭൌതികത്തിൽ ഇന്നുമൊരു സമസ്യയായിത്തുടരുന്ന ശ്യാമദ്രവ്യത്തിന്റെ സാന്നിധ്യത്തെക്കുറിച്ചുള്ള ഈ സൂചനകൾ ആദ്യമൊന്നും അംഗീകരിക്കാൻ ശാസ്ത്രലോകം തയ്യാറായില്ല !ദൃശ്യദ്രവ്യത്തിന്റെ പതിന്മടങ്ങോളം വരുന്ന ഇരുണ്ടദ്രവ്യം പ്രപഞ്ചത്തിൽ ഉണ്ടെന്നാണ് ഇന്നു കരുതപ്പെടുന്നത്. ഇപ്പോൾ ലാർഹ് ഹാഡ്രോൺ കൊളൈഡറിൽ നടക്കുന്ന കണികാപരീക്ഷണത്തിന്റെ ഒരു പ്രധാന ലക്ഷ്യവും ശ്യാമദ്രവ്യ രഹസ്യങ്ങൾ ചുരുൾനിവർത്തുക എന്നതു തന്നെ.

നാലു കുട്ടികളുടെ അമ്മയായിട്ടും വെര റൂബിൻ ശാസ്ത്രഗവേഷണത്തെ ജീവവായുവായി കൊണ്ടുനടന്ന ഈ വനിതയുടെ ജീവിതം നമുക്കൊരു പാഠപുസ്തകം തന്നെയാണ്. തന്റെ പെൺമക്കളെയും അതുപോലെ അനേകം പെൺ കുട്ടികളെയും ശാസ്ത്രഗവേഷണത്തിലേക്ക് ആകർഷിക്കുന്നതിലും വെരാ റൂബിൻ വിജയിച്ചു. പ്രായമേറിയിട്ടും ഗവേഷണത്തോട് വിടപറഞ്ഞില്ല. .പ്രശസ്തിയുടെ വെള്ളിവെളിച്ചമോ പുരസ്കാരങ്ങളോ ഒന്നും തന്നെ വെരാ റൂബിനെ സ്വാധീനിച്ചിരുന്നില്ല. ഊർജതന്ത്ര നോബൽ സമ്മാനത്തിന് എന്തുകൊണ്ടും അർഹയായിരുന്നിട്ടും അതു ലഭിച്ചില്ല. ഇതിലൊന്നും കാര്യമില്ല, പുതിയ എന്തെങ്കിലുമൊക്കെ ഗവേഷണത്തിലൂടെ കണ്ടെത്തുക എന്നതാണ് വലിയ കാര്യം എന്നതായിരുന്നു ആ ശാസ്ത്രജ്ഞയുടെ പക്ഷം.

## കാർട്ടൂൺ





**സ്ത്രീവാദി ഗോഡ്മദർ : പിന്നെ ഈ ബക്കറ്റും തുടയ്ക്കുന്ന തുണിയും ഞാൻ തൃപ്തി തരുന്നൊരു ജോലിയും ബാങ്ക് അക്കൗണ്ടുമാക്കി മാറ്റുന്നു. അതിനാൽ ശരിക്കും വേണമെന്നു തോന്നുന്നെങ്കിൽ മാത്രം നിനക്ക് വിവാഹം കഴിച്ചാൽ മതിയാകും.**



Printed, Published and Owned by K.Ajitha, Harithakam, Kozhikode-17
Editor : Sheeba K.M., Trishna, Ashramam Road, Kalady-683574, EKM
Email : sanghadithacalicut@gmail.com, Printed at A-one Offset Prints, Ramanattukara

# പോസ്റ്ററുകളിലെ പുതുലോക ആഹ്വാനങ്ങൾ




ഞാൻ വിവാഹശേഷം ജോലിയിപേക്ഷിച്ചു ... ശമ്പള ക്കൂടുതലുള്ള മറ്റൊന്നു നേടി, പഠിക്കുന്ന എന്റെ പാർട്നർക്കും പിൻബലമേകാൻ!




ഞാൻ വീട്ടിൽത്തന്നെ കഴിഞ്ഞുകൂടുന്നു...
എന്റെ സാഹസികയാത്രക്കിടയിൽ വിശ്രമിക്കേണ്ടപ്പോൾ!





അടിയന്തിരമായി യോജിച്ച ഒരു പയ്യനെ തിരക്കുന്നു... എന്റെ പുതിയ സംരംഭത്തിൽ മാനേജരാകാൻ!





എന്റെ ഇഷ്ടപ്പെട്ട നില?... പ്രധാനമന്ത്രിയുടെ !




ഞാൻ ജോലിക്കു പോയിത്തുടങ്ങുമ്പോൾ ശരീരം മുഴുവൻ മൂടുന്ന വസ്ത്രം ധരിക്കും... സ്പേസ് സൂട്ട് പിന്നങ്ങനെയല്ലേ?!




ഞാൻ ഒറ്റയ്ക്ക് പുറത്തിറങ്ങാറില്ല...
എന്റെ സംഗീതശേഖരം ഒപ്പമുണ്ടാകും.



# ലിംഗനിർമ്മിതികൾ പൊളിച്ചെഴുതുന്ന

**ഇഷിത മാളവ്യ:**
ഇന്ത്യയിലെ ആദ്യത്തെ പ്രൊഫഷനൽ വനിത സർഫർ ആയ ഇഷിത ശാക സർഫ് ക്ലബ്ബിന്റെ ഉടമ കൂടിയാണ്. മണിപ്പാലിനടുത്തുള്ള കോടി ബെംഗാരു ഗ്രാമനിവാസികളുടെ ജീവിതത്തിൽ സാമൂഹ്യ മാറ്റങ്ങൾക്കുതകുന്ന തരത്തിൽ പ്രവർത്തിക്കുക കൂടി ചെയ്യുന്നുണ്ട് ഇഷിത.



**ചന്ദ്ര തോമാർ:**
ഇന്ത്യയിലെ ഏറ്റവും പ്രായമേറിയ ഷൂട്ടിങ്ങ് ചാമ്പ്യൻ. ഇരുപത്തഞ്ച് ദേശീയ മത്സരങ്ങളിൽ വിജയിയാണ് ഈ എഴുപത്തെട്ടുകാരി.



**സോവ്ന പുരി:** കാലാകാലങ്ങളായി പുരുഷൻമാർ മാത്രം ആധിപത്യമുറപ്പിച്ചിരുന്ന വൈൻ രുചിച്ച് ഗുണമേന്മ നിശ്ചയിക്കുന്ന പ്രവൃത്തിയിൽ സ്വന്തം സ്ഥാനം ഉറപ്പിച്ചിരിക്കയാണ് വൈൻ ടേസ്റ്റിങ്ങിൽ ബിരുദമുള്ള സോവ്ന.

# പോസ്റ്ററുകൾ



**ശത് ഭി ബസു :**

നൂറുശതമാനം പുരുഷ സാന്നിധ്യം അടയാളപ്പെട്ട മദ്യവിൽപ്പനസേവനമേഖലയിൽ ബാർ ടെണ്ടറായി പ്രവർത്തിക്കുകയാണ് ശത് ഭി ബസു. സ്റ്റിർ (STIR) എന്ന പ്രൊഫഷനൽ ബാർടെണ്ടിങ്ങ് ഇൻസ്റ്റിറ്റ്യൂട്ടിന്റെ നേതൃസ്ഥാനം കൂടി ശത് ഭി വഹിക്കുന്നു.





**രജ്നി പണ്ഡിറ്റ് :**

1991ൽ രജ്നി പണ്ഡിറ്റ് ഡിറ്റക്റ്റീവ് ഏജൻസി എന്ന സ്ഥാപനത്തിന്റെ ഉടമയായിക്കൊണ്ട് രഹസ്യാന്വേഷണമേഖലയിൽ ആദ്യമായി സ്ത്രീ സാന്നിദ്ധ്യം അറിയിക്കുകയായിരുന്നു മുംബൈക്കാരിയായ രജ്നി പണ്ഡിറ്റ്.

**മയന്തി ലാഞ്ചർ:**

കായിക വാർത്തകൾ റിപ്പോട്ട് ചെയുന്നതിൽ ചരിത്രം കുറിച്ചിരിക്കയാണ് മയന്തി. പുരുഷപ്രധാനമായ ഈ മേഖലയിൽ ചവിട്ടുറപ്പിച്ച ഇവർ പ്രമുഖ കായിക ചാനലായ ഇ.എസ്.പി.എൻ. ൽ ഫിഫ കപ്പ്, കോമൺവെൽത്ത് ഗെയിംസ്, ലോകകപ്പ് തുടങ്ങിയ മത്സരങ്ങൾ റിപ്പോട്ട് ചെയ്തിട്ടുണ്ട്.




**യോഗീത രഘുവംശി:**
നിയമ പഠനത്തിലും കോമേഴ്സിലും ബിരുദങ്ങളുള്ള യോഗീത 30 ടൺ ഭാരമുള്ള 14 ചക്ര കാർഗോ ട്രക്കുകൾ ഓടിക്കുന്ന ഡ്രൈവറാണ്.രാജ്യത്തിന്റെ പല ഭാഗത്തും അതിസാഹസിക മായിത്തന്നെ സഞ്ചരിച്ച് അവർ സ്വന്തം തൊഴിലെടുക്കുന്നു.



**പ്രേമ രാജപ്പ:**
സ്ത്രീകൾക്ക് വണ്ടിയോടിക്കാൻ മികവില്ല എന്ന കുപ്രചരണത്തിന് മറുപടിയാണ് പ്രേമ രാജപ്പ. ബാംഗ്ലൂർ നഗരത്തിൽ പൊതുഗതാഗതവകുപ്പിൽ ഡ്രൈവറാണ് പ്രേമ.



**ആഷ്മീൻ മനക് :** ഇന്ത്യയുടെ ഉരുക്ക് വനിത എന്നറിയപ്പെട്ട യാഷ്മീൻ ശരീരപുഷ്ഠി മത്സരത്തിൽ ദേശീയവും അന്തർദേശീയവുമായ ധാരാളം അംഗീകാരങ്ങൾ നേടി. സ്ത്രീ ശരീരസൗന്ദര്യ സങ്കല്പങ്ങളെതിരുത്തിക്കുറിക്കുന്നതായിരുന്നു യാഷ്മീന്റെ നേട്ടങ്ങൾ.



**മെഹ് വിഷ് മുഷ്താഖ് :** മൊബൈലിലും കമ്പ്യൂട്ടറിലും നിത്യോപയോഗ സാധനങ്ങൾ വരെ വാങ്ങാൻ സാധിക്കുന്ന ഈ കാലത്ത് ഏപ്പുകൾ രൂപകൽപ്പന ചെയ്യുന്നത് ഏറെയും പുരുഷൻമാർ തന്നെ. 'ഡയൽ കാശ്മീർ' എന്ന ഏപ്പ് രൂപകൽപ്പന ചെയ്ത് 23 കാരി മെഹ് വിഷ് മുഷ്താഖ് ചരിത്രത്തിൽ ഇടം നേടി.